# സത്യദൂതൻ

2017 നവംബർ | ലക്കം 11

വില ₹ 30



**ഖാത്തമുന്നബിയ്യീൻ: പാകിസ്താനിലെ രാഷ്ട്രീയായുധം**

**അഴിമതി മറച്ചുവെക്കാൻ അഹ്മദികൾക്കെതിരെ**

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2017 നവംബർ
ഹി.ശ.1396 - നുബുവ്വത്ത്
1439 സഫർ - റബിഉൽ അവ്വൽ
പുസ്തകം 89 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


Mahmood Mosque, Malmo, Sweden

5 എഡിറ്റോറിയൽ

6 യുഗശബ്ദം


7
ഖുത്ബ സംഗ്രഹം
**ഖാത്തമുന്നബിയ്യീൻ: പാകിസ്താനിലെ രാഷ്ട്രീയായുധം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..) 2017 ഒക്ടോബർ 13ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

12
**മലക്കുകൾ – 2**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് (റ)

18
**ന്യൂട്ടനും ക്രിസ്തുമതവും**
ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

22
**സൃഷ്ടിവാദവും പരിണാമ വാദവും**
ഹസ്സൻ ഖാൻ

25
**ദൈവ വിധി**
ഖാലിദ് ശഫീയുല്ലാഹ്

28
**പ്രവാചകത്വ പരിസമാപ്തിയും യേശുവിന്റെ രണ്ടാം വരവും**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..)

32
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ – 13**
ഇബ്നു വഫ കോഴിക്കോട്

37
കുറിപ്പുകൾ
**അഴിമതി മറച്ചുവെക്കാൻ അഹ്‌മദികൾക്കെതിരെ**
മുസാഫിർ

40
കുറിപ്പുകൾ
**ബഹുമാന്യനായ ഇ. ടി മുഹമ്മദ് ബഷീർ എം.പി, ഇത് ഇന്ത്യയാണ്, പാകിസ്താനല്ല.**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026. Cover Photo: Mahmood Mosque, Malmo, Sweden
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



നിന്റെ നാഥൻ ഇച്ഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ, അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ?
(10: 100)



## നബിവചനം

അബൂ ഉബൈദ (റ) പറയുന്നു: ഞങ്ങൾ എവിടെയായിരുന്നാലും സത്യം പറയുവാനും അതിന് വേണ്ടി നില കൊള്ളുവാനും അല്ലാഹുവിന്റെ പ്രശ്നത്തിൽ ഒരാക്ഷേപകനേയും ഒട്ടും ഭയപ്പെടാതിരിക്കുവാനും നബി (സ) പ്രതിജ്ഞ ചെയ്യിക്കുകയുണ്ടായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



**ശക്തി പ്രയോഗം ഇസ്‌ലാമിന് അന്യം**

ഈ ലോകത്ത് ജീവിച്ച ഒരൊറ്റ യഥാർഥ മുസ്‌ലിമും ഇസ്‌ലാമിന്റെ പ്രചാരണത്തിന് വേണ്ടി ശക്തി പ്രയോഗിക്കേണ്ടതുണ്ടെന്ന വിശ്വാസം പുലർത്തിയിട്ടില്ല. നേരെ മറിച്ച് ഇസ്‌ലാം അതിന്റെ സ്വതസിദ്ധമായ മഹത്വത്തിന്റെ ബലത്തിലാണ് എല്ലാ കാലത്തും വിജയിച്ചുയർന്നത്. മുസ്‌ലിംകളെന്ന് അഭിമാനിച്ചു കൊണ്ടു തന്നെ ഇസ്‌ലാമിനെ വാൾ ബലത്തിൽ പ്രചരിപ്പിക്കണമെന്ന് പറയുന്നവർ ഇസ്‌ലാമിന്റെ തനതായ മഹത്വത്തെകുറിച്ച് അറിവില്ലാത്തവരാകുന്നു.
***(തിരിയാഖുൽ ഖുലൂബ്. ഭാ 39)***

എഡിറ്റോറിയൽ

# മറ്റെന്തുണ്ട് പരിഹാരം?

ഇസ്‌ലാം മതം അവസാനകാലത്ത് ജീർണതക്കും അധഃപതനത്തിനും വിധേയമാവുമെന്നും ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ് മുതലായ ദുഷ്ട ശക്തികൾ മുസ്‌ലിം സമൂഹത്തെ വലയം ചെയ്യുമെന്നും മുസ്‌ലിംകൾ മലവെള്ളത്തിലെ ചണ്ടികൾ പോലെ ദുർബലരാകുമെന്നും യഹൂദരെ പോലെ മുസ്‌ലിം സമൂഹത്തിൽ ഭിന്നത ഉണ്ടാകുമെന്നും മറ്റുമുള്ള നിരവധി പ്രവചനങ്ങൾ ഖുർആനിലും ഹദീസുകളിലും കാണാം. ദുരിതങ്ങളും ദുരന്തങ്ങളും വലയം ചെയ്യുന്ന ആ വിനാശകാലത്ത് മുസ്‌ലിം സമുദായത്തിന്റെ രക്ഷകനായി ഇബ്നു മറിയമിനേയും ഇമാം മഹ്ദിയേയും അല്ലാഹു നിയോഗിക്കുമെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിം ലോകം നൂറ്റാണ്ടുകളായി വിശ്വസിക്കുന്നത്. പഴയകാല വയളുകളിലും മത പ്രഭാഷണങ്ങളിലും ഉലമാക്കന്മാരുടെ എഴുത്തുകളിലും ഈയൊരു പരിഹാര മാർഗമല്ലാതെ മറ്റൊരു പരിഹാര മാർഗത്തെപറ്റിയും ഇസ്‌ലാമിൽ പരാമർശമില്ല. സമൂഹം ജീർണിക്കുമ്പോൾ ദൈവനിയുക്തനായ ഒരാൾ വന്നാണ് പുനരുജ്ജീവനം നടത്തുക എന്ന പതിവാണ് വിശുദ്ധ ഖുർആൻ അടക്കം ലോകത്തുള്ള എല്ലാ പൂർവ മത ഗ്രന്ഥങ്ങളും പറയുന്നത്. രാഷ്ട്രീയ കക്ഷികളുടെയും മറ്റു ഭൗതിക പ്രസ്ഥാനങ്ങളുടെയും മാതൃകയിൽ രൂപീകരിച്ച മതകക്ഷികൾക്കും സംഘടനകൾക്കും ആത്മീയമായി ജീർണിച്ച ഏതെങ്കിലുമൊരു സമൂഹത്തിന്റെ പുനരുജ്ജീവന ദൗത്യം ദൈവം ഏൽപ്പിച്ചതായോ അല്ലെങ്കിൽ അവരുടെ സ്വന്തം പരിശ്രമ ഫലമായി അങ്ങനെ സംഭവിച്ചതായോ മതചരിത്രത്തിൽ തെളിവുകളില്ല.

പക്ഷേ നാം ഇന്ന് കാണുന്ന മുസ്‌ലിം സമുദായത്തിൽ മതപുനരുജ്ജീവന-പരിഷ്ക്കരണ ദൗത്യം സ്വയം ഏറ്റെടുത്ത മുസ്‌ലിം മതകക്ഷികളുടെ ബാഹുല്യമാണ്. അല്ലാഹു ഖുർആനിൽ മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്തതും പതിമൂന്നു നൂറ്റാണ്ടുകളായി മുസ്‌ലിം സമൂഹത്തിന്റെ എല്ലാമെല്ലാമായി തുടർന്നുവന്നതുമായ ഖിലാഫത്ത് വ്യവസ്ഥ കഴിഞ്ഞ നൂറ്റാണ്ടോടുകൂടി ഇല്ലാതായി. ആ ശൂന്യത നികത്തി ഇസ്‌ലാം മതത്തെ രക്ഷപ്പെടുത്താനാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ കക്ഷികളെല്ലാം സ്വയം രംഗപ്രവേശനം ചെയ്തത്. ഇസ്‌ലാമിനെ പ്രാദേശിക സംഘടനകളാക്കി പരസ്പരം വീറോടെ പൊരുതുക എന്നതാണ് ഈ മുസ്‌ലിം കക്ഷികളുടെ പൊതു ശൈലി. അവരുടെ ഈ പ്രവർത്തനത്തിൽ ഒരു മുസ്‌ലിം കക്ഷിയുടെ ഏറ്റവും വലിയ ശത്രു മറ്റാരുമല്ല അപര മുസ്‌ലിം കക്ഷി തന്നെ എന്നതാണ് അവസ്ഥ!!. ഇസ്‌ലാമിന്റെ രക്ഷക്ക് പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ട ഈ കക്ഷികളുടെ പരസ്പര പോരാട്ടവും വിദ്വേഷ പ്രസംഗങ്ങളും അടിപിടിയും സംഘട്ടനങ്ങളും പള്ളിപിടുത്തവും മദ്രസപൂട്ടിക്കലുമെല്ലാം നാട്ടിൽ പലപ്പോഴും ക്രമസമാധാന പ്രശ്നമാകാറുണ്ട്. പരിശുദ്ധ ഇസ്‌ലാം മതത്തിന്റെ പേരിൽ മുസ്‌ലിം കക്ഷികൾ നടത്തുന്നത് നരക ശിക്ഷക്ക് അർഹമായ പ്രവർത്തനങ്ങളാണ്. കക്ഷികളെപറ്റിയും കക്ഷിത്വത്തെ സംബന്ധിച്ചും റസൂൽ തിരുമേനി(സ) പറഞ്ഞത് എത്ര വാസ്തവം !! അവിടുന്ന് അരുളി. ***'ഒരു ജോഡി ചെരിപ്പ് അന്യോന്യം സാദൃശ്യമുള്ളതായിരിക്കുന്ന പ്രകാരം ഇസ്രായീൽക്കാരിൽ സംഭവിച്ചതെല്ലാം തീർച്ചയായും എന്റെ ഉമ്മത്തിലും സംഭവിക്കും. .......ഇസ്രായീൽകാർ എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞു എന്റെ ജനമാകട്ടെ എഴുപത്തി മൂന്നു കക്ഷികളായി പിരിയും. അവരിൽ ഒരു കൂട്ടരൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അവർ(സഹാബികൾ) ചോദിച്ചു, അല്ലയോ ദൈവദൂതരെ, ആ കക്ഷി ഏതാണ്? തിരു നബി(സ) പറഞ്ഞു: ഞാനും എന്റെ സഹാബി മാരുമുള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ തന്നെ.'(മിശ്ക്കാത്ത്)***

അതുകൊണ്ട് ഇസ്‌ലാമിന്റെ രക്ഷക്കുള്ളവരാണ് തങ്ങളെന്ന് പറയുന്ന കക്ഷികളെ പറ്റി റസൂൽ തിരുമേനി(സ) പറഞ്ഞ അഭിപ്രായം മുസ്‌ലിം സഹോദരരെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. റസൂൽ തിരുമേനി (സ) തന്നെ സ്വയം സാദൃശ്യപ്പെടുത്തി ***'ഞാനും എന്റെ സഹാബിമാരുമുള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ'*** എന്ന് വ്യക്തമായ സൂചന നൽകി പറഞ്ഞത് നുബൂവ്വത്ത് കൊണ്ട് അനുഗൃഹീതനായ ഒരു ദൈവനിയോഗ വാദിയും അദ്ദേഹത്തിന്റെ അനുചരസംഘവുമാണ്. അതാണ് അല്ലാഹു ഇക്കാലത്ത് നിയോഗിച്ചയച്ച വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് അഹ്മദും (അ) ഖിലാഫത്ത് കൊണ്ട് അനുഗൃഹീതമായ അഹ്മദിയ്യാ ജമാഅത്തും. ഈ സത്യത്തെ സംബന്ധിച്ച് മുസ്‌ലിം സഹോദരന്മാർ ചിന്തിക്കണമെന്ന് അഭ്യർഥിച്ചു കൊണ്ട് ഉപസംഹരിക്കുന്നു.



### ഹദ്റത്ത് അഹ്മദ് (അ)

# ജിഹാദും മൗലവിമാരും


മുഴുലോകരിലും അഭിമാനംകൊള്ളാവുന്നതരത്തിൽ സഹനത്തിന്റെയും അക്രമരാഹിത്യത്തിന്റെയും ഉത്തമ സ്വഭാവങ്ങളുടെയും മാതൃക മുസൽമാന്മാരുടെ പക്കലുള്ളപ്പോൾ ഈ മാതൃകയെ തീർത്തും കൈയൊഴിഞ്ഞു കളഞ്ഞത് എന്തു മാത്രം ബുദ്ധിശൂന്യതയും ദൗർഭാഗ്യവും ദുർഗതിയുമാണ്!? വിവരംകെട്ട മൗലവിമാർ - അല്ലാഹു അവർക്ക് സന്മാർഗം പ്രദാനം ചെയ്യുമാറാകട്ടെ - മിണ്ടാപ്രാണികൾക്ക് സമാനരായ (നന്നേ സാധാരണമായ) ബഹുജനങ്ങളെ ചതിയിൽ വീഴ്ത്തുകയും വ്യക്തമായ ദ്രോഹവും നിർദയത്വവും മനുഷ്യന്റെ സ്വഭാവ ധർമങ്ങൾക്ക് വിപരീതവുമായ പ്രവർത്തികളെ സ്വർഗത്തിന്റെ താക്കോലാക്കി വിവരിക്കുകയും ചെയ്തിരിക്കയാണ്. ഉദാഹരണത്തിന്, നമുക്ക് ഒരു ബന്ധവുമില്ലാത്ത പേരു പോലുമറിയാത്ത നമ്മെക്കുറിച്ച് തികച്ചും അജ്ഞാതനായ ഒരാൾ തന്റേതായ ഒരു കാര്യത്തിനായി അങ്ങാടിയിലൂടെ നടന്നു പോകുമ്പോൾ അയാളെ വധിച്ചു കളയാനുള്ള ഉദ്ദേശ്യത്തോടെ അയാൾക്ക് നേരെ പിസ്റ്റൾ പ്രയോഗിക്കുക എന്നത് നന്മയായിട്ടുള്ള ഒരു പ്രവർത്തിയാണോ? ഇതാണോ യഥാർഥ ദീനി ബോധം? ഇത് നന്മയായ ഒരു കൃത്യമാണെങ്കിൽ ജന്തുക്കളല്ലേ നന്മ ചെയ്യുന്നതിൽ മനുഷ്യരേക്കാൾ മുൻപന്തിയിൽ. സുബ്ഹാനല്ലാഹ് ആ (മക്കയിലുണ്ടായിരുന്ന) അവർ എന്തു മാത്രം സ്ദവൃത്തരും നബിമാരുടെ പ്രകൃതം സ്വീകരിച്ചവരുമായിരുന്നു. തുണ്ടം തുണ്ടമാക്കപ്പെട്ടാലും തിന്മയെ ബലം കൊണ്ട് (അതായത് തിരിച്ച് തിന്മ പ്രവർത്തിച്ചു കൊണ്ട്) നേരിടരുതെന്ന് മക്കയിൽ വെച്ച് അവർക്ക് കൽപ്പന കിട്ടിയപ്പോൾ അവർ തങ്ങളുടെ കൈകൾക്ക് ബലമോ ചുമരുകൾക്ക് ബലമോ ഇല്ലാത്തപിഞ്ചു പൈതങ്ങളെ പോലെ അശക്തരും നിസ്സഹായരുമായിമാറി. അവരിൽ ചിലർ കൊലചെയ്യപ്പെട്ടത് ഇപ്രകാരമായിരുന്നു: രണ്ടു ഒട്ടകങ്ങളെ ഒരിടത്ത് നിർത്തി അവരുടെ ഓരോ കാലും ഓരോ ഒട്ടകത്തിന്റെ കാലിനോട് ബലമായി ചേർത്തു കെട്ടിയശേഷം ഒട്ടകങ്ങളെ വിപരീത ദിശകളിലേക്ക് ഓടിച്ച് വിടുകയും അങ്ങനെ അവരുടെ ശരീരം കാരറ്റോ മുള്ളങ്കിയോ അരിഞ്ഞിടുന്നത് പോലെ രണ്ടു ചീന്തുകളായി ഛേദിച്ചു കളയുകയും ചെയ്തു. എന്നാൽ അഹോകഷ്ടം! മുസൽമാന്മാർ പ്രത്യേകിച്ച് മൗലവിമാർ ഈ സംഭവങ്ങളെല്ലാം അഗണ്യകോടിയിൽ തള്ളുകയാണ് ചെയ്തത്. ഇപ്പോൾ ലോകം മുഴുവൻ തങ്ങളുടെ ഇരകളാണെന്ന് കരുതുന്നു. ഏതെങ്കിലും ഒരു വേട്ടക്കാരൻ ഏതോ ഒരു വനത്തിൽ മാൻ പേടയുണ്ടെന്നറിഞ്ഞാൽ ഒളിച്ചും പതുങ്ങിയും അതിന്റെ സമീപത്തെത്തി തക്കം നോക്കി അതിന്റെ നേർക്ക് വെടിയുതിർക്കുന്ന അതേതരത്തിൽ തന്നെയാണ് ഭൂരിപക്ഷം മൗലവിമാരും പെരുമാറുന്നത്.

മനുഷ്യത്വപരമായ സഹാനുഭൂതിയുടെ പാഠങ്ങളിൽ നിന്ന് ഒരക്ഷരം പോലും ഇവർ ഒരിക്കലും പഠിച്ചിട്ടില്ല. മറിച്ച് ഒന്നുമേ അറിയാത്ത ഒരു അപരിചിതന്റെ മേൽ പിസ്റ്റളോ തോക്കോ പ്രയോഗിക്കുന്നതാണ് ഇവരെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിക ധർമം. ഇവരുടെ കൂട്ടത്തിൽ സഹാബത്തിനെ പോലെ പ്രഹരമേൽക്കുകയും സഹനം കൈകൊള്ളുകയും ചെയ്യുന്നവർ ആരുണ്ട്? നമുക്ക് അറിവില്ലാത്ത നമ്മെ അറിഞ്ഞു കൂടാത്ത ഒരു വ്യക്തിയെ അയാൾ ചെയ്ത കുറ്റമെന്താണെന്ന് അറിയുകപോലും ചെയ്യാതെ വെറുതെ അയാളെ കുത്തിക്കൊല്ലുകയോ നിറയൊയിച്ച് കഥകഴിച്ചു കളയുകയോ ചെയ്യാൻ അല്ലാഹു കൽപ്പന നൽകിയിട്ടുണ്ടോ? നിരപരാധിയായിരിക്കെ കുറ്റമൊന്നും ചെയ്യാതെ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കപ്പെടാത്ത ദൈവ ദാസന്മാരെ കൊന്നിട്ടാൽ നേരെ സ്വർഗത്തിലെത്താമെന്ന് പഠിപ്പിക്കുന്ന മതം ദൈവത്തിൽ നിന്നുള്ളതാണോ? മുമ്പേ നമ്മോട് ഒരു ശത്രുതയും പുലർത്തിയിട്ടില്ലാത്ത ഒരാൾ തന്റെ കുട്ടികൾക്കായി മാർക്കറ്റിൽ നിന്ന് എന്തോ സാധനം വാങ്ങിക്കൊണ്ടിരിക്കെ ഒരു കാരണവുമില്ലാതെ ഒന്നുമറിയാത്ത അയാൾക്ക് നേരെ നിറയൊഴിക്കുകയും അയാളുടെ മക്കളെ അനാഥരാക്കുകയും അയാളുടെ ഭാര്യയെ വിധവയാക്കുകയും അയാളുടെ വീട്ടിൽ അലമുറകൾ സൃഷ്ടിക്കുകയും ചെയ്യണമെന്ന് ഏത് നബി വചനത്തിലാണ് എഴുതി വെച്ചിട്ടുള്ളത്? ഏത് ഖുർആനിക വചനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്? ഈ വിവരം കെട്ടവർ ജിഹാദ് എന്ന് പദം കേട്ടിരിക്കുന്നു. അതിന്റെ മറവിൽ സ്വേഛകൾ നേടുകയാണ് ചെയ്യുന്നത് അഥവാ ഭ്രാന്തെടുത്തപോലെ ചോരചിന്താനൊരുങ്ങുന്നു........ ദൈവം ഉദാരനും കാരുണ്യവാനും ആർദ്രതയുള്ളവനും ക്ഷമകാട്ടുന്നവനുമത്രെ. എന്നാൽ അവൻ അവസാന ഘട്ടത്തിൽ സാത്വികർക്ക് വേണ്ടി ആത്മരോഷം പ്രകടിപ്പിക്കുന്നവൻ കൂടിയാകുന്നു (റൂഹാനി ഖസായിൻ വാല്യം, 17 , പേജ് 11-13)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ഒക്ടോബർ 13ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# ഖാത്തമുന്നബിയ്യീൻ: പാകിസ്താനിലെ രാഷ്ട്രീയായുധം




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**മാ കാന മുഹമ്മദുൻ അബാ അഹദിൻമ്മിൻർരിജാലിക്കും വലാക്കിൻർറസൂലല്ലാഹി വ ഖാത്തമുന്നബിയ്യീൻ വ കാന ല്ലാഹു ബി കുല്ലി ശയ്ഇൻ അലീമാ**

ഇതിന്റെ അർഥം ഇപ്രകാരമാണ്: മുഹമ്മദ്(സ)നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ റസൂലാകുന്നു. എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനുമാകുന്നു. അല്ലാഹു എല്ലാ കാര്യങ്ങളും നല്ലവണ്ണം അറിയുന്നവനാകുന്നു.

പാകിസ്താനിൽ ഇടയ്ക്കിടെ എന്തെങ്കിലുമൊക്കെ പറഞ്ഞ് അഹ്മദികൾക്കെതിരിൽ രാഷ്ട്രീയക്കാരും ഉലമാക്കളും തങ്ങളുടെ ദ്വേഷം തീർക്കാറുണ്ട്. ജനങ്ങളെ വശീകരിക്കുന്നതിനും പിന്നിൽ അണിനിരത്തുന്നതിനും പ്രശസ്തി കരസ്ഥമാക്കുന്നതിനുമുള്ള എളുപ്പ വഴിയാണിതെന്ന് അവർ കരുതുന്നു. മുസ്‌ലിംകളുടെ വികാരങ്ങളെ പ്രകോപിപ്പിക്കുന്നതിന് ഉപയോഗിക്കാനുള്ള ഏറ്റവും വലിയ ആയുധം **ഖത്തമുന്നുബുവ്വത്ത്** ആണ്. ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ ഇമേജ് മോശമായിക്കൊണ്ടിരിക്കുകയോ ഏതെങ്കിലും രാഷ്ട്രീയക്കാരന്റെ ഗ്രാഫ് തകർന്നുകൊണ്ടിരിക്കുകയോ നിലവാരം കുറഞ്ഞുകൊണ്ടിരിക്കുകയോ നാമമാത്രമായ മതസംഘടനകൾ രാഷ്ട്രീയമായി പ്രശസ്തി ആഗ്രഹിക്കുകയോ മറ്റു സംഘടനകൾ മറ്റു രാഷ്ട്രീയപാർട്ടികളേയോ മറ്റു രാഷ്ട്രീയക്കാരേയോ ഇകഴ്ത്തിക്കാണിക്കാൻ ഇച്ഛിക്കുകയോ ചെയ്യുമ്പോൾ അഹ്മദികളുമായി അവർക്ക് ബന്ധമുണ്ടെന്ന് പറഞ്ഞ്, എത്ര വലിയ അക്രമമാണ് ഇവർ നടത്തുന്നത്. വിദേശ ശക്തികൾക്ക് വിധേയരായി ഈ ആളു

കൾ ഖത്തമുന്നബുവ്വത്തിനെ നിഷേധിക്കുന്ന അഹ്മദികളെ മുസ്‌ലിംകളിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുകയാണെന്ന് പറയുന്നു. ഇസ്‌ലാമിനുവേണ്ടി വേദനിക്കുന്നവരാണെന്ന് പറയുന്ന ഈ നാമധാരികൾ രിസാലത്തിന്റെ പവിത്രതയ്ക്ക് കോട്ടം തട്ടാൻ തങ്ങൾ അനുവദിക്കുകയില്ലെന്നും ഒരിക്കലും ഇത്തരം അക്രമം അനുവദിക്കുകയില്ലെന്നും പറയുന്നു. ഓരോരുത്തർക്കുമുള്ള രാഷ്ട്രീയ അജണ്ടയും ഓരോരുത്തരുടേയും സ്വാർഥപരമായ നേട്ടങ്ങളുമാണ് ഇതിനു പിന്നിൽ. ഇതിൽ അഹ്മദികളെ ബലാൽക്കാരമായി വലിച്ചിഴയ്ക്കുകയാണ്. കാരണം ഇത് വളരെ എളുപ്പമുള്ള കാര്യമാണ്. ഭരണകർത്താക്കളല്ലാത്ത അസംബ്ലി അംഗങ്ങളും, ഭരണകർത്താക്കളായ അസംബ്ലി അംഗങ്ങളും ഘോരഘോരം അഹ്മദികൾക്കെതിരെ സംസാരിക്കുന്നു. കഴിഞ്ഞ ദിവസം പാകിസ്താനിൽ നാഷണൽ അസംബ്ലിയിൽ ഒരു ഭരണഘടനാഭേദഗതിയുടെ പേരുപറഞ്ഞ് രാഷ്ട്രീയ പാർട്ടിയോ, ഭരണപക്ഷമോ തങ്ങൾക്കുവേണ്ടി ചെയ്തതും ഇതുതന്നെയാണ്.

അതിനെ തുടർന്ന് നമുക്ക് കാണാൻ കഴിഞ്ഞതും ഇതുതന്നെ! അഹ്മദിയ്യാ ജമാഅത്ത് ഒരു വിദേശശക്തികളോടും പാകിസ്താൻ അസംബ്ലിയുടെ ഭരണഘടന ഭേദഗതി ചെയ്യിച്ച് നിയമപരവും ഭരണഘടനാപരവുമായി ഞങ്ങളെ മുസ്‌ലിമാക്കാൻ ഒരിക്കലും പറഞ്ഞിട്ടില്ല. ഒരു പാകിസ്താൻ ഭരണകൂടത്തോടും ഈ ആവശ്യത്തിന് യാചിച്ചിട്ടുമില്ല. നമുക്ക് ഏതെങ്കിലും അസംബ്ലിയുടെയോ ഭരണകൂടത്തിന്റേയോ മുസ്‌ലിം എന്ന സർട്ടിഫിക്കറ്റിന്റെ ആവശ്യവുമില്ല. ഒരു പ്രമാണത്തിന്റേയും ആവശ്യമില്ല. ഞങ്ങൾ മുസ്‌ലിംകൾ തന്നെയായതുകൊണ്ട് ഞങ്ങളെ മുസ്‌ലിം എന്നു പറയുന്നു. ഞങ്ങളെ അല്ലാഹുവും അവന്റെ റസൂലുമാണ് മുസ്‌ലിമാക്കിയിട്ടുളളത്(സ). ഞങ്ങൾ **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** ചൊല്ലുന്നവരാണ്. ഞങ്ങൾ ഈമാൻ കാര്യങ്ങളിലും ഇസ്‌ലാം കാര്യങ്ങളിലുമെല്ലാം വിശ്വസിക്കുന്നവരാണ്. ഞങ്ങൾ വിശുദ്ധഖുർആനെ വിശ്വസിക്കുന്നവരാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ നബി(സ)തിരുമേനിയെ **ഖാത്തമുന്നബിയ്യീൻ** എന്ന് ദൃഢമായും വിശ്വസിക്കുന്നവരാണ്. അതാണ് ഞാൻ ആരംഭത്തിൽ പാരായണം ചെയ്ത വിശുദ്ധവചനത്തിലുളളത്. ഹദ്റത്ത് മുഹമ്മദുറസൂലുല്ലാഹി(സ) ഖാത്തമുന്നബിയ്യീനാണെന്ന കാര്യത്തിൽ ഞങ്ങൾ ദൃഢചിത്തരായി നിലകൊള്ളുന്നവരാണ്. ഞങ്ങൾ നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കുന്നവരല്ലെന്നും ഖതമുന്നുബവ്വത്തിനെ നിഷേധിക്കുന്നവരാണെന്നും പറഞ്ഞ് ഞങ്ങളുടെ മേൽ ആക്ഷേപം ഉന്നയിക്കുന്നു. നഊദുബില്ലാഹ്! ഇത് ഞങ്ങളുടെ മേൽ ഉന്നയിക്കപ്പെടുന്ന അങ്ങേയറ്റം തരംതാണതും വൃത്തികെട്ടതുമായ ആക്ഷേപമാണ്.

യാഥാർഥ്യം അറിഞ്ഞ് ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേരുന്ന ധാരാളം അറബികളുണ്ട്. ഈ വിശ്വാസികൾ 'ജമാഅത്തിനെകുറിച്ച് എന്താണ് അഭിപ്രായമെന്ന് തങ്ങൾ ഉലമാക്കളോട് ചോദിച്ചപ്പോൾ അഹ്മദികൾ ഖുർആനിൽ വിശ്വസിക്കുന്നവരല്ലെന്നും അവർ തങ്ങളുടേതായ ഒരു പ്രത്യേക ഖുർആൻ ഉണ്ടാക്കിയിരിക്കുകയാണെന്നും നബി(സ) തിരുമേനിയെ അവസാനത്തെ നബിയായി വിശ്വസിക്കുന്നില്ലെന്നും പ്രത്യുത മിർസാ സാഹിബിനെയാണ് അവസാനത്തെ നബിയായി വിശ്വസിക്കുന്നതെന്നും ഇവരുടെ ഹജ്ജ് വേറെയാണെന്നും ഇവർ ഹജ്ജ് ചെയ്യാറില്ലെന്നും ഇവരുടെ ഖിബ്‌ല വേറെയാണെന്നും കഅ്ബ മന്ദിരത്തിനോട് മുഖം തിരിച്ച് നമസ്കരിക്കാറില്ലെന്നുമൊക്കെയാണ് തങ്ങളോട് പറഞ്ഞിരുന്നതെന്നും തങ്ങൾ അന്വേഷിച്ചപ്പോഴാണ് ഈ നാമമാത്ര ഉലമാക്കളുടെ തനിനിറം വ്യക്തമായതെന്നും പറയുന്നു. ഇത്തരം അനഹ്മദി മൗലവിമാർ തങ്ങളുടെ കളവുകൊണ്ട് ധാരാളമാളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള മാർഗമായിത്തീരുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളിൽ വിശുദ്ധ ഖുർആനെ അല്ലാഹുവിന്റെ ഗ്രന്ഥമെന്ന് പറയുകയും എല്ലാ നന്മയുടേയും സരണിയായി അതിനെ മനസ്സിലാക്കുകയും നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് പറയുകയും ചെയ്യുമ്പോൾ വിശുദ്ധ ഖുർആനെ വിശ്വസിക്കാതിരിക്കാനും നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യിനായി അംഗീകരിക്കാതിരിക്കാനും ഞങ്ങൾക്ക് എങ്ങനെയാണ് സാധിക്കുക. വിശുദ്ധഖുർആനെക്കുറിച്ച് ആ മഹാത്മാവിനുണ്ടായ ഒരു ഇൽഹാമാണ് **അൽഖയ്റുകുല്ലുഹു ഫിൽഖുർആൻ** അതായത് എല്ലാ നന്മകളും വിശുദ്ധഖുർആനിലുണ്ട്. ഇപ്രകാരം തന്നെ അവിടന്ന് ഇങ്ങനേയും പറഞ്ഞു: ആരാണോ വിശുദ്ധഖുർആനെ ആദരിക്കുന്നത് അവർ ആകാശത്തും ആദരിക്കപ്പെടുന്നതാണ്. ഇതല്ലാതെ തന്റെ ഇൽഹാമുകളെ ആദരിക്കാൻ അവിടന്ന് പറഞ്ഞില്ല. വിശുദ്ധഖുർആന്റെ സേവകൻ എന്ന നിലയ്ക്കുളളതാണ് ആ മഹാത്മാവിനുണ്ടായ ഇൽഹാമുകൾ. അവയ്ക്ക് പ്രത്യേകമായതോ അനശ്വരമായ നിലയിലുള്ളതോ ആയ അവസ്ഥയില്ല. നന്മകളെന്തു അന്വേഷിക്കുകയാണെങ്കിലും, ഏതു സന്മാർഗം അന്വേഷിക്കുകയാണെങ്കിലും സമൂഹത്തിന്റെ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് നമ്മൾ ഹിദായത്ത് എടുക്കുകയാണെങ്കിലും അത് വിശുദ്ധഖുർആനിൽനിന്നുതന്നെയാണ് എടുക്കുന്നത്. അവയെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ധാരാളം ഇൽഹാമുകൾ വ്യക്തമാക്കുകയും വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം തന്നെ ഹദ്റത്ത് നബി(സ) തിരുമേനി ഖാത്തമുന്നബിയ്യീൻ ആണെന്ന

തിനെ കുറിച്ച് അസംഖ്യം രചനകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതായിട്ടുണ്ട്. ഇതിനു പുറമെ ഖാത്തമുന്നബിയ്യീൻ എന്ന പദങ്ങൾത്തന്നെ അടങ്ങുന്ന ഈ ഇൽഹാമുമുണ്ട്. **സ്വല്ലി അലാ മുഹമ്മദിൻ വ്വ ആലി മുഹമ്മദിൻ, സയ്യിദിൽ വുൽദി ആദമ വ ഖാത്തമുന്നബിയ്യീൻ**.

സ്വലാത്ത് ചൊല്ലുക. മുഹമ്മദ്(സ)ന്റെ മേലും മുഹമ്മദിന്റെ കുടുംബാദികളുടെമേലും. അദ്ദേഹം ആദം സന്തതികളുടെ നേതാവും ഖാത്തമുൽ അമ്പിയാ(സ)യുമാണ്. ഈ ഇൽഹാം വിവിധ നേരങ്ങളിൽ രണ്ടുമൂന്ന് പ്രാവശ്യമുണ്ടായിട്ടുണ്ട്. **കുല്ലുബറക്കത്തിൻ മിൻ മുഹമ്മദിൻ സ്വല്ലല്ലാഹു അലയ്ഹിവസല്ലം.** അതായത് എല്ലാ ഓരോ അനുഗ്രഹവും മുഹമ്മദ്(സ)ൽ നിന്നാണ്. പിന്നീട് അവിടന്ന് തന്റെ ഗ്രന്ഥമായ **തജല്ലിയാത്തെ ഇലാഹിയാ**യിൽ എഴുതുന്നു: 'ഞാൻ നബി(സ) തിരുമേനിയുടെ ഉമ്മത്തിയായിരുന്നില്ലെങ്കിൽ, നബി(സ) തിരുമേനിയെ പിൻപറ്റിയില്ലായിരുന്നെങ്കിൽ, ലോകത്തുള്ള സകല പർവതത്തിനും സമാനമായി എന്റെ കർമങ്ങളുണ്ടായാലും ഞാൻ അല്ലാഹുവിന്റെ ഭാഷണമോ സംസാരമോ പ്രാപിക്കുമായിരുന്നില്ല. ഇപ്പോൾ മുഹമ്മദീ നുബുവ്വത്തല്ലാത്ത എല്ലാ നുബുവ്വത്തുകളും അടഞ്ഞുപോയിരിക്കുന്നു.

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയും നബി(സ) തിരുമേനിക്ക് വിധേയനാണ്. ആ മഹാത്മാവിന്റെ ഇൽഹാമുകളും വിശുദ്ധഖുർആന് വിധേയമായിട്ടുള്ളതാണ്. അതിന്റെ വിശദീകരണങ്ങളാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളെ നഊദുബില്ലാഹ് വിശുദ്ധഖുർആനെക്കാൾ ശ്രേഷ്ഠമാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽ ഞങ്ങൾ ഇന്ന് ചെലവ് ചെയ്തും സാമ്പത്തിക ത്യാഗം ചെയ്തും ലോകത്ത് വിശുദ്ധഖുർആന്റെ തർജമ പ്രസിദ്ധീകരിക്കുന്നതിനു പകരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെതന്നെ ഇൽഹാമുകൾ പ്രസിദ്ധീകരിക്കുമായിരുന്നു. ഇതുവരെ 75 ഭാഷകളിൽ വിശുദ്ധഖുർആന്റെ സമ്പൂർണ പരിഭാഷ പ്രസിദ്ധീകരിച്ചുകഴിഞ്ഞിരിക്കുന്നു. കുറച്ചു ഭാഷകളിൽ ഇപ്പോൾ പരിഭാഷ നടന്നുവരുന്നുമുണ്ട്. 111 ഭാഷകളിൽ വിശുദ്ധഖുർആന്റെ തിരഞ്ഞെടുത്ത വചനങ്ങളുടെ പരിഭാഷ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമിക വൻരാഷ്ട്രങ്ങൾ പറയട്ടെ, അവർ എത്ര ഭാഷകളിൽ വിശുദ്ധഖുർആന്റെ തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന്; പണക്കാരായ മതസംഘടനകൾ പറയട്ടെ!

ആത്മാവ് എന്നും ഖാത്തമുന്നബിയ്യീന് അർഥമുണ്ടെന്ന് അഹ്മദികളായ ഞങ്ങൾ മനസ്സിലാക്കുന്നു. നബി(സ) തിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന പ്രചാരണവും ലോകത്തെ വിവിധ രാജ്യങ്ങളിൽ അവരുടെ സ്വന്തം ഭാഷയിൽ അഹ്മദികൾ തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നതും. എന്നിട്ടും ഇക്കൂട്ടർ അഹ്മദികൾ നഊദുബില്ലാഹ് ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരാണെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് ഖാത്തമുന്നബിയ്യീന്റെ യാഥാർഥ്യത്തെ കുറിച്ച് എങ്ങനെയുള്ള ഗ്രാഹ്യവും അറിവുമാണ് പ്രദാനം ചെയ്തിട്ടുള്ളതെന്നാൽ അതിന്റെ അയലത്തുപോലും ഖത്തമുന്നുബുവ്വത്തിന്റെ വക്താക്കൾ എന്നു പറയുന്നവർക്ക് എത്താൻ കഴിയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: 'എന്റെമേലും എന്റെ ജമാഅത്തിന്റെമേലും ഞങ്ങൾ റസൂൽ(സ)നെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കാത്തവരാണെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഇത് കൊടും കറ്റുകെട്ടാണ്. ഞങ്ങൾ ഏതൊരു ശക്തിയോടും ദൃഢജ്ഞാനത്തോടും തിരിച്ചറിവോടും ഉൾക്കാഴ്ചയോടുംകൂടി നബി(സ) തിരുമേനി ഖാത്തമുൽ അമ്പിയായാണെന്ന് വിശ്വസിക്കുന്നുവോ അതിന്റെ ലക്ഷത്തിലൊരു ഭാഗം പോലും മറ്റുള്ളവർ വിശ്വസിക്കുന്നില്ല. അവർക്ക് അതിലേക്ക് ശ്രദ്ധയേയില്ല.അവർ ഖത്തമുന്നുബുവ്വത്തിലുള്ള ഖാത്തമുൽഅമ്പിയായിലെ യാഥാർഥ്യത്തേയും രഹസ്യത്തേയും മനസ്സിലാക്കുന്നില്ല. അവർ കേവലം പിതാവ്, പിതാമഹൻ തുടങ്ങിയവരിൽനിന്ന് ഓരോ വാക്കു കേട്ടിരിക്കുന്നുവെന്നേയുള്ളു. എന്നാൽ, അതിന്റെ യാഥാർഥ്യം അറിയാത്തവരാണ്. ഖാത്തമുന്നുബുവ്വത്തെന്താണെന്ന് അവർക്കറിയില്ല. അതിൽ വിശ്വസിക്കുന്നതിന്റെ പൊരുളെന്താണെന്നും അറിയില്ല. എന്നാൽ, ഞങ്ങൾ പൂർണമായ ഉൾക്കാഴ്ചയോടുകൂടി-അത് അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്-നബി(സ)തിരുമേനിയെ ഖാത്തമുൽഅമ്പിയാ ആയി ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു ഞങ്ങളിൽ ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തെ എത്രമാത്രം വ്യക്തമായ നിലയിൽ തുറന്നിരിക്കുന്നുവെന്നാൽ ഞങ്ങൾക്കു കുടിപ്പിക്കപ്പെട്ട ഈ ഈശ്വരജ്ഞാനത്തിന്റെ ശർബ്ബത്തുകൊണ്ട് ഒരു പ്രത്യേക രുചി പ്രാപിക്കുന്നു. ഈ അരുവിയിൽനിന്ന് വയറുനിറയെ കുടിച്ചിട്ടുളളവർക്കല്ലാതെ അതിനെ അളക്കാൻ ആർക്കും സാധിക്കുകയില്ല.'

പിന്നീട് ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തെ വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:"നമുക്ക് അല്ലാഹു ഖാത്തമുൽമുഅ്മിനീനും ഖാത്തമുൽ ആരിഫീനും ഖാത്തമുന്നബിയ്യീനുമായ നബിയെ തന്നിരിക്കുന്നു. ഇപ്രകാരംതന്നെ ജാമിഉൽ കുതുബും ഖാത്തമുൽ കുതുബുമായ ഗ്രന്ഥവും അദ്ദേഹത്തിൽ ഇറക്കി. ഖാത്തമുന്നബിയ്യീനായ റസൂലുല്ലാഹിൽ(സ)നുബുവ്വത്ത് അവസാനിച്ചു. എന്നാൽ, കഴുത്തു ഞെരിച്ചു കൊല്ലുന്നതുപോലെ അത് അവസാനിച്ചിട്ടില്ല. അത്തരം അവസാനം അഭിമാനാർഹമായിരിക്കുകയില്ല. പ്രത്യുത നബി(സ)തിരുമേനിയിൽ നുബുവ്വത്ത് അവസാനിച്ചിരിക്കുന്നു എന്നതിന്റെ ഉദ്ദേശ്യം സ്വാഭാവികമായ നിലയിൽ നബി(സ)തിരുമേനിയിൽ നുബുവ്വത്തിന്റെ സകല

പൂർണതകളും അവസാനിച്ചിരിക്കുന്നു എന്നാണ്. അതായത് ആദംനബി(അ)മുതൽ മസീഹുബ്നുമർയംവരെയുളള നബിമാർക്കു നല്കപ്പെട്ട നുബുവ്വത്തിന്റെ വിവിധ തരത്തിലുളള സകല പൂർണതകളും നബി(സ)തിരുമേനിയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. ഈ രീതിയിൽ സ്വാഭാവികമായി അവിടന്ന് ഖാത്തമുന്നബിയ്യീനായി. ഇപ്രകാരംതന്നെ മുൻശരീഅത്തുകളിൽ ഉണ്ടായിരുന്നതും വിവിധ ഗ്രന്ഥങ്ങളിൽ നടന്നുവന്നിരുന്നതുമായ ആ എല്ലാ അധ്യാപനങ്ങളും വസ്വിയ്യത്തുകളും ദൈവജ്ഞാനങ്ങളും വിശുദ്ധ ഖുർആനിൽവന്ന് അവസാനിച്ചു. അങ്ങനെ വിശുദ്ധ ഖുർആൻ ഖാത്തമുൽ കുതുബായി.'

ഇതാണ് ആ യാഥാർഥ്യം. നമ്മുടെ എതിരാളികൾ ഇത് അറിയുന്നില്ല. ഏതൊരു ആളുകളാണോ ഉലമാഇന്റെ വലയിൽ കുടുങ്ങിയിട്ടുളളത് അവരെ തങ്ങളുടെ പിടിത്തത്തിൽനിന്ന് വെളിയിൽ വരാൻതന്നെ അവർ വിടുന്നില്ല. ഈ യാഥാർഥ്യം അവരുടെ പിന്നാലെ നടക്കുന്നവർക്ക് മനസ്സിലായാൽ മതത്തെ കച്ചവടമാക്കി വെച്ചിട്ടുളളവരുടെ കച്ചവടം നടക്കുകയില്ല.

ഇന്ന് അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ സർവശക്തിയോടും പ്രവർത്തനമാധ്യമങ്ങളോടുംകൂടി തൗഹീദിന്റേയും നബി(സ) തിരുമേനിയുടെ നുബുവ്വത്തിന്റേയും സ്ഥാനം ലോകത്തിന്റെ എല്ലാ കസബയിലും ഗ്രാമങ്ങളിലും ഇടവഴികളിലും വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ നമ്മളാണ് ഖത്തമുന്നുബുവ്വത്തിന്റേയും അവിടത്തെമേൽ ഇറങ്ങിയ ശരീഅത്തിന്റേയും ശരിയായ ഗ്രാഹ്യം ഉൾക്കൊളളുന്നവർ. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണ് മറ്റു മതങ്ങൾക്ക് നബി(സ)തിരുമേനിയുടെ സ്ഥാനത്തെ കുറിച്ച് തുറന്നു പറഞ്ഞു കൊടുത്തിട്ടുളളത്. എന്നല്ല ഇങ്ങനേയും പറഞ്ഞു, 'മുൻകഴിഞ്ഞ എല്ലാ നബിമാരുടേയും അധ്യാപനങ്ങൾ എത്രമാത്രം തിരുത്തപ്പെട്ടിരിക്കുന്നുവെന്നാൽ, ആ നബിമാരുടെ സ്ഥാനത്തേയും സത്യാവസ്ഥയേയും കുറിച്ച് അവർ സത്യാത്മാക്കളായിരുന്നോ അല്ലേ എന്നു പോലും അറിയാൻ കഴിയുന്നില്ല. മുമ്പേ കഴിഞ്ഞുപോയ നബിമാരുടെ യാഥാർഥ്യവും സത്യാവസ്ഥയും പറഞ്ഞുവെന്നതും നബി(സ)തിരുമേനിയുടെതന്നെ സ്ഥാനമാണ്.'

ഇക്കാലത്തെ ഉലമാ പരസ്പരം ഒരാൾ മറ്റൊരാളുടെമേൽ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, മറ്റുളള മതങ്ങൾക്ക് അവരുടെ മുഖം കാണിച്ചുകൊടുത്ത് അവരുടെ ബലഹീനതകൾ പറഞ്ഞു മനസ്സിലാക്കി നബി(സ)തിരുമേനിയുടെ ഉന്നത സ്ഥാനം സ്ഥാപിച്ചു കാണിക്കാനുളള തന്റേടമില്ല. ഈ ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിക്ഷണവും ജ്ഞാനവുംകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ, എങ്കിലും അവരുടെ ദൃഷ്ടിയിൽ നമ്മൾ കാഫിറും അവർ മുഅ്മിനുമാണ്.

നമ്മൾ മുസ്‌ലീംകളാണ്. നമ്മൾ അല്ലാഹുവിന്റെ ഗ്രന്ഥമായ ഫുർഖാനെ മജീദിൽ വിശ്വസിക്കുന്നു. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ) അല്ലാഹുവിന്റെ റസൂലും നബിയുമാണെന്നും നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. അവിടന്ന് ഏറ്റവും നല്ല ദീനുമായി വന്നു. അവിടന്ന് ഖാത്തമുൽ അമ്പിയാ ആണെന്നും വിശ്വസിക്കുന്നു. ആ മഹാത്മാവിനു ശേഷം ഒരു നബിയുമില്ല; എന്നാൽ, ആ മഹാത്മാവിൽനിന്ന് ശിക്ഷണം ലഭിച്ചവരൊഴികെ. ആരാണോ വിശുദ്ധ ഖുർആനിൽ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തത് അവൻ കുറ്റവാളിയായ ശയ്ത്വാനാണ്. ഖത്തമുന്നുബുവ്വത്തുകൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത് എല്ലാ റസൂൽമാരെക്കാളും നബിമാരെക്കാളും ശ്രേഷ്ഠനായ നമ്മുടെ നബി(സ)തിരുമേനിയിൽ നുബുവ്വത്തിന്റെ എല്ലാ പൂർണതകളും അവസാനിച്ചിരിക്കുന്നുവെന്നാണ്. നബി(സ)തിരുമേനിക്കു ശേഷം നുബുവ്വത്തിന്റെ സ്ഥാനത്തുവരുന്നത് അവിടത്തെ ഉമ്മത്തിൽനിന്നുളള വ്യക്തിയായിരിക്കുമെന്ന് നമ്മൾ വിശ്വസിക്കുന്നു. ആ വ്യക്തി അവിടത്തെ സമ്പൂർണ പിൻഗാമിയായിരിക്കും. ആ വ്യക്തി തന്റെ എല്ലാ അനുഗ്രഹങ്ങളും പ്രാപിച്ചത് നബി(സ)തിരുമേനിയുടെ ആത്മീയതയിൽനിന്നാണ്. അവിടത്തെ പ്രകാശത്തിൽനിന്ന് പ്രശോഭിതനായി. ഈ സ്ഥാനത്തെ കുറിച്ച് ലജ്ജിക്കേണ്ടതില്ല. ഇത് ലജ്ജിക്കേണ്ട സ്ഥാനമല്ല. ഇത് വേറിട്ടൊരു നുബുവ്വത്തുമല്ല. അത്ഭുതപ്പെടേണ്ട സ്ഥാനവുമല്ല. എന്നല്ല ആ അഹ്മദ് മുജ്ത്തബ തന്നെയാണ് മറ്റൊരു ദർപണത്തിൽ വെളിപ്പെട്ടത്. അല്ലാഹു ദർപണത്തിൽ കാണിച്ച ആ വ്യക്തിയുടെ ചിത്രം കണ്ടിട്ട് ഒരാളും ലജ്ജിക്കുകയില്ല. കാരണം ശിഷ്യരുടേയും മക്കളുടേയുംമേൽ ആരും ലജ്ജിക്കാറില്ല. അതിനാൽ നബി(സ)തിരുമേനിയിൽനിന്ന് അനുഗ്രഹം പ്രാപിച്ചും നബി(സ)തിരുമേനിയിൽ വിലയം പ്രാപിച്ചും വരുന്നയാൾ യഥാർഥത്തിൽ പ്രസ്തുത വ്യക്തി തന്നെയാണ്. കാരണം അയാൾ പൂർണമായ വിലയാവസ്ഥയിലായിരിക്കും ഉണ്ടാകുക. അവിടത്തെ വർണത്തിൽ വിഭൂഷിതനും അവിടത്തെതന്നെ പുതപ്പ് പുതച്ച ആളുമായിരിക്കും. നബി(സ)തിരുമേനിയിൽനിന്നുതന്നെയാണ് അയാൾ തന്റെ ആത്മീയമായ അസ്തിത്വം കരസ്ഥമാക്കിയിട്ടുളളത്. നബി(സ) തിരുമേനിയുടെ അനുഗ്രഹത്തിൽനിന്നുതന്നെയാണ് അയാളുടെ അസ്തിത്വം പൂർണതയിലെത്തിയിട്ടുളളത്. നമ്മുടെ നബി(സ)തിരുമേനിയുടെ ബർക്കത്തുകളുടെമേൽ സാക്ഷ്യമായിട്ടുളള സത്യമാണിത്. തങ്ങളുടെ സമ്പൂർണ സ്നേഹവും പരിശുദ്ധിയുംകൊണ്ട് അവിടത്തെ അസ്തിത്വത്തിൽ വിലയം പ്രാപിച്ച ആ താബിഈംകളുടെ വസ്ത്രത്തിൽ ജനങ്ങൾ നബി(സ)തിരുമേനിയുടെ സൗന്ദര്യം കാണുന്നു.

അവർക്കെതിരിൽ സംവാദം നടത്തുന്നത് വിവരമില്ലായ്മയാണ്. കാരണം ഇത് അവിടന്ന് സന്താനരഹിതനല്ലെന്നുള്ളതിന് അല്ലാഹുവിൽനിന്നുള്ള തെളിവാണ്. ചിന്തിക്കുന്നവർക്ക് ഇതിന്റെ വിശദീകരണം ആവശ്യമില്ല. നബി(സ)തിരുമേനി ശാരീരികമായ നിലയിൽ പുരുഷന്മാരിൽ ആരുടേയും പിതാവല്ല. പക്ഷേ, പ്രവാചകത്വത്തിന്റെ അനുഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ആത്മീയതയിൽ സമ്പൂർണത കൈവരിച്ച ഓരോ വ്യക്തിയുടേയും പിതാവാണ്. അവിടന്ന് എല്ലാ നബിമാരിലും ശ്രേഷ്ഠനും സ്വീകരിക്കപ്പെട്ട എല്ലാവരുടേയും നേതാവുമാണ്. ഇപ്പോൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നബി(സ)തിരുമേനിയുടെ മുദ്രയുടെ ചിത്രം പതിഞ്ഞിട്ടുള്ളവർക്കും അവിടത്തെ സുന്നത്തനുസരിച്ച് പൂർണമായും പ്രവർത്തിക്കുന്നവർക്കും മാത്രമേ പ്രവേശിക്കാൻ സാധിക്കുകയുള്ളു. നബി(സ)തിരുമേനിയുടെ നുബുവ്വത്ത് അംഗീകരിക്കാതെ, അവിടത്തെ ദീനിൽ ചുവടുറച്ചു നിൽക്കാതെ ഒരു കർമവും ഒരു ആരാധനയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകരിക്കപ്പെടുകയില്ല. നബി(സ)തിരുമേനിയിൽനിന്ന് വേർപെട്ടവനും തന്റെ കഴിവും ശക്തിയുമനുസരിച്ച് ആ മഹാത്മാവിനെ അനുധാവനം ചെയ്യാത്തവനും നശിച്ചിരിക്കുന്നു. നബി(സ)തിരുമേനിക്കുശേഷം ഇനി ഒരു ശരീഅത്തും വരികയില്ല. അവിടത്തെ ഗ്രന്ഥത്തേയോ അവിടത്തെ കല്പനകളേയോ അവിടത്തെ പരിശുദ്ധ ഗ്രന്ഥത്തേയോ മാറ്റിമറിക്കാനോ കാലഹരണപ്പെടുത്താനോ ആർക്കും സാധിക്കുകയുമില്ല. ഒരു മഴയ്ക്കും അവിടത്തെ തോരാമഴയെ പോലെ ആകാനും സാധിക്കുകയില്ല. ആരാണോ വിശുദ്ധ ഖുർആനിൽനിന്നും അതായത് ആത്മീയമഴയിൽനിന്നും വിശുദ്ധ ഖുർആനിന്റെ അനുധാവനത്തിൽനിന്നും അണുകിട ദൂരത്തായത് അവൻ ഈമാനിന്റെ വൃത്തത്തിൽനിന്ന് പുറത്തായി. നബി(സ)തിരുമേനിയിൽനിന്ന് സ്ഥാപിതമായിട്ടുള്ള എല്ലാ കാര്യങ്ങളേയും പിൻപറ്റാത്തതുവരെ ഒരു മനുഷ്യനും ഒരിക്കലും വിജയം പ്രാപിക്കുകയില്ല. നബി(സ)തിരുമേനിയുടെ വസ്വിയ്യത്തുകളിൽനിന്ന് ചെറിയ വസ്വിയ്യത്തുപോലും ആരാണോ ഉപേക്ഷിച്ചത് അവൻ വഴിപിഴച്ചുപോയി. താൻ മനുഷ്യകുലോത്തമനായ മുഹമ്മദു മുസ്തഫാ(സ)യിൽനിന്ന് തർബിയ്യത്ത് കിട്ടിയവനാണെന്ന് വിശ്വസിക്കാതെയും അവിടത്തെ ജീവിതമാതൃക കൂടാതെയും ആരാണോ ഈ ഉമ്മത്തിൽ നുബുവ്വത്ത് വാദിച്ചത് അവന് ഒരു വിലയുമില്ല. വിശുദ്ധ ഖുർആൻ എല്ലാ ശരീഅത്തുകളുടേയും അവസാനമാണെന്ന് മനസ്സിലാക്കാത്തവൻ നാശമടഞ്ഞു. അവൻ സത്യനിഷേധികളിലും കുറ്റവാളികളിലും ചെന്നുചേർന്നിരിക്കുന്നു. നബി(സ)തിരുമേനിയുടെ ഉമ്മത്തിൽപ്പെട്ടവനാണെന്നും എന്തൊന്നാണോ താൻ നേടിയത് അത് നബി(സ)തിരുമേനിയുടെ അനുഗ്രഹത്തിൽനിന്നാണെന്നും താൻ നബി(സ)തിരുമേനിയുടെ തോട്ടത്തിലെ ഒരു കനിയാണെന്നും അവിടത്തെതന്നെ തോരാമഴയുടെ ഒരു തുള്ളിയാണെന്നും അവിടത്തെതന്നെ പ്രകാശത്തിന്റെ ഒരു കിരണമാണെന്നും വിശ്വസിക്കാതെ ആരാണോ നുബുവ്വത്ത് വാദിച്ചത് അവൻ ശപിക്കപ്പെട്ടവനാണ്. അവനിലും അവന്റെ കൂട്ടുകാരിലും അവന്റെ അനുയായികളിലും അവനെ സഹായിക്കുന്നവരിലും അല്ലാഹുവിന്റെ ശാപമുണ്ട്.

ഹദ്‌റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:‘ആകാശത്തിൻകീഴിൽ മുഹമ്മദ് മുജ്തബാ(സ)അല്ലാതെ നമുക്ക് ഒരു നബിയുമില്ല. വിശുദ്ധ ഖുർആനല്ലാതെ നമുക്കൊരു ഗ്രന്ഥവുമില്ല. ആരാണോ അതിനെ എതിർത്തത് തന്നെ നരകത്തിലേക്കാണ് അവൻ വലിച്ചുകൊണ്ടു പോയിരിക്കുന്നത്.

അവിടന്ന് നിരവധി സ്ഥലങ്ങളിൽ ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തേയും അതിന്റെ സ്ഥാനത്തേയും തന്റെ സ്ഥാനത്തേയും പദവിയേയും കുറിച്ച് പറഞ്ഞിട്ടുണ്ട്.

ഇപ്രകാരംതന്നെ അഹ്മദികൾ സമുദായത്തെ സേവിക്കുന്നില്ലന്നും അവർ സമുദായത്തോടു കൂറുള്ളവരല്ലെന്നും ആക്ഷേപിക്കുന്നുണ്ട്. എന്നാൽ, ഇന്ന് പാകിസ്താനിൽ അഹ്മദികൾ മാത്രമാണ് **ഹുബ്ബുൽ വത്നി മിനൽ ഈമാനിൽ** ദൃഢമായി വിശ്വസിക്കുന്നവരെന്നും അതനുസരിച്ച് പ്രവർത്തിക്കുന്നവരെന്നും തങ്ങളുടെ ജീവനും സമ്പത്തും ബലിയർപിക്കുന്നവരെന്നും ബലിയർപിച്ചുകൊണ്ടിരിക്കുന്നവരെന്നും എനിക്ക് പൂർണവിശ്വാസത്തോടെ പറയാൻ കഴിയും. അവർ രാഷ്ട്രീയ കച്ചവടം തിളക്കമാർന്നതാക്കുന്നതിനുവേണ്ടി വെറുതെ പ്രസംഗിക്കുന്നവരല്ല. ഞങ്ങൾക്ക് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല. ഞങ്ങൾ മതത്തിനുവേണ്ടി ജീവൻ നല്കുന്നവരാണ്. പക്ഷേ, മതത്തിന്റെ പേരിൽ രാഷ്ട്രീയത്തെ തിളക്കമാർന്നതാക്കുന്നവരും മതത്തിന്റെ പേരിൽ രക്തമൊഴുക്കുന്നവരുമല്ല. ഞങ്ങൾ നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ അത് മനസ്സുകൊണ്ടാണ് വിശ്വസിക്കുന്നത്. ആ മഹാത്മാവിനുവേണ്ടി എല്ലാ ബലികളും നല്കുന്നു; നല്കാൻ തയ്യാറുമാണ്; നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇൻശാഅല്ലാഹ് നല്കിക്കൊണ്ടിരിക്കുന്നതുമാണ്. അഹ്മദികൾ വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ളതും തുടക്കം മുതൽ ഇന്നുവരെ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ ഈ രാജ്യത്തെ അല്ലാഹു എപ്പോഴും സമാധാനത്തോടെ വെക്കുന്നതിനും അക്രമികളായ നേതാക്കന്മാരിൽനിന്നും സ്വാർഥതൽപരരായ ഉലമാഇൽനിന്നും രക്ഷിക്കുന്നതിനും ലോകത്തെ സ്വതന്ത്രവും അന്തസാർന്നതുമായ രാജ്യങ്ങളിൽ പാകിസ്താനേയും പെടുത്തുന്നതിനുംവേണ്ടി ദുആ ചെയ്യേണ്ടത് പാകിസ്താനീ അഹ്മദികളുടെ നിർബന്ധ കടമയാണ്.

ഭാഗം – 2

# മലക്കുകൾ

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മതസാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാനത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം.

**വിവ: ആരിഫ് മുഹമ്മദ് ബി.എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

മലക്കുകളും സാത്താന്റെ കെണിയിലകപ്പെടുമെന്നാണ് സൗരാഷ്ട്രരുടെയും യഹൂദികളുടെയും ധാരണ. അവരെ അനുകരിച്ചു കൊണ്ട് മുസ്ലിംകളും ഹാറൂത്ത്, മാറൂത്ത് എന്ന രണ്ടു മലക്കുകളെ സംബന്ധിച്ച് വിശ്വസിക്കുന്നത്, സാത്താന്റെ കെണിയിലകപ്പെട്ടതിനാൽ അവരെ ബാബിലോണിയയിലെ ഏതോ കിണറിൽ തലകീഴായി തൂക്കിയിട്ടിരിക്കുന്നു എന്നാണ്. എന്നാൽ അല്ലാഹുവിന്റെ കല്പനയാൽ മാത്രം പ്രവർത്തിക്കുന്ന സൃഷ്ടികളാണ് മലക്കുകൾ എന്നാണ് ഖുർആനിൽ നിന്നു മനസ്സിലാകുന്നത്. അതു പറയുന്നു: *ലാ യഅ്സൂന ല്ലാഹ മാ അമറഹും വ യഫ്അലൂന മാ യുഅ്മറൂൻ* (തഹ്രീം:7)

മലക്കുകളിലുള്ള വിശ്വാസം എല്ലാ സമൂഹങ്ങളിലും പക്ഷാന്തരമില്ലാത്ത സംഗതിയാണെന്ന് മനസ്സിലായ സ്ഥിതിക്ക് ഓരോരുത്തരും സഗൗരവം ചിന്തിക്കുക. എല്ലാ മതങ്ങളിലും അതിന്റെ പരാമർശമുള്ളത് അത് ഉന്നതവും സുപ്രധാനവുമായ കാര്യമായത് കൊണ്ടായിരിക്കുമല്ലോ. ഹദ്റത്ത് നൂഹ് നബി(അ)യുടെ കാലത്തോളം പ്രാചീനമായ വിശ്വാസമാണിത് എന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്. അല്ലാഹു ഹദ്റത്ത് നൂഹ് നബി(അ)യുടെ എതിരാളികളുടെ വാക്കുകളുദ്ധരിച്ച് പറയുന്നു: ഫ ഖാലൽ മലഉ .. .. .. അവ്വലീൻ(അൽ മുഅ്മിനൂൻ:25)

അതായത്, നൂഹിനെ നിഷേധിച്ചവരുടെ നേതാക്കൾ പറഞ്ഞു: നിങ്ങളെ പോലെയുള്ള ഒരു മനുഷ്യനാണ് ഇയാൾ. നിങ്ങളുടെ മേൽ ഔന്നത്യം നേടാൻ ഇയാൾ ആഗ്രഹിക്കുന്നു. ദൈവം ഇച്ഛിച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കിയേനെ. ഇത്തരം കാര്യം നാം നമ്മുടെ പൂർവപിതാക്കളിൽ നിന്ന് കേട്ടിട്ടില്ല.

നബി(സ)തിരുമേനിയെ സംബന്ധിച്ചും ഈ ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നു: *ലൗ മാ തഅ്തീനാ ബിൽ മലയിക്ക ഇൻ കുൻത മിനസ്സ്വാദിഖീൻ* (അൽഹിജ്ർ:8)

നീ സത്യവാനെങ്കിൽ എന്തുകൊണ്ട് ഞങ്ങളുടെ അടുക്കൽ നീ മലക്കുകളെ കൊണ്ടു വരുന്നില്ല.

അറേബ്യൻ ജനതയിലും മലക്കുകളെക്കുറിച്ചുള്ള വിശ്വാസം ഉണ്ടായിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ഈ സംക്ഷിപ്ത വിവരണത്തിനു ശേഷം ഞാൻ ഇസ്ലാമികാധ്യാപനങ്ങളിലേക്കു വരാം. ഇസ്ലാം മലക്കുകളെ സംബന്ധിച്ച് നല്കുന്ന അധ്യാപനമെന്തെന്നു നോക്കാം.

### മലക്കുകളുടെ യാഥാർഥ്യം

***ഒന്നാമത്തെ കാര്യം***, മലക്കുകൾ സൃഷ്ടിയാണോ എന്നതാണ്. കാരണം, അവർക്ക് നല്കപ്പെട്ടിരിക്കുന്ന സ്ഥാനം പരിഗണിക്കുമ്പോൾ മലക്കുകൾ സൃഷ്ടികള

ല്ലെന്ന ചിന്ത ഉടലെടുക്കാറുണ്ട്. ക്രിസ്ത്യാനികൾ വഞ്ചിതരാവാനുള്ള കാരണവും മറ്റൊന്നല്ല. പരിശുദ്ധാത്മാവു സൃഷ്ടിയല്ല, മറിച്ച് ദൈവത്തിന്റെ തന്നെ അംശമാണെന്ന് അവർ ധരിച്ചു. അങ്ങനെ അതിനെയും ദൈവമാക്കി. എന്നാൽ ഇസ്‌ലാം പറയുന്നത് മലക്കുകൾ അസൃഷ്ടങ്ങളാണെന്നത് വ്യാജമാണ് എന്നാണ്. അവർ സൃഷ്ടികളാണ്. മലക്കുകൾ സൃഷ്ടികളാണെന്നതിന് ഖുർആനിൽ നിന്ന് തെളിവ് ലഭിക്കുന്നു. അല്ലാഹു പറയുന്നു: അം ഖലഖ്നൽ മലായിക്കത്ത ഇനാസൻ വഹിം ശാഹിദൂൻ(അസ്സ്വാഫാത്ത് 151)

മലക്കുകൾ സ്ത്രീകളാണെന്ന് പറയാൻ അവരെ സൃഷ്ടിച്ചപ്പോൾ ഇവർ അവിടെ ഉണ്ടായിരുന്നോ?

മലക്കുകളെ ദൈവം സൃഷ്ടിച്ചതാണെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു. അവർ നശിക്കുമോ ഇല്ലയോ എന്നത് വേറെ കാര്യം. മനുഷ്യാത്മാക്കളെ പോലെ മലക്കുകളും നശിപ്പിക്കപ്പെടുകയില്ല. ഒന്നുകിൽ എല്ലാം നശിക്കും അല്ലെങ്കിൽ ചിലതു നശിച്ച് ചിലത് അവശേഷിക്കും. വെളിപാട് ഉണ്ടാകുമ്പോൾ ആയിരക്കണക്കിന് മലക്കുകൾ വെളിപാടു വചനത്തിന്റെ ശബ്ദത്തോടൊപ്പം ഉണ്ടായി വരികയും അതോടൊപ്പം തന്നെ നശിക്കുകയും ചെയ്യുന്നുവെന്ന് യഹൂദികൾ വിശ്വസിക്കുന്നു. അതേസമയം, മലക്കുകളെ നശിക്കാത്ത അസ്തിത്വങ്ങളായാണ് സൊറാസ്ട്രർ വിശ്വസിക്കുന്നത്.

***രണ്ടാമതായി*** മലക്കുകളെ സംബന്ധിച്ച് ഓർത്തിരിക്കേണ്ട കാര്യം മനുഷ്യനേത്രങ്ങൾക്ക് അവയെ അതിന്റെ തനത് രൂപത്തിൽ ദൃശ്യമാകാത്ത വിധം ആത്മീയ സൃഷ്ടികളാണവ എന്നതാണ്. ഇനി നേത്രങ്ങൾക്ക് ദൃശ്യമായാലും തന്റെ തനത് രൂപത്തിലല്ലാത്ത മറ്റേതെങ്കിലും രൂപത്തിലായിരിക്കും അത്. ബാഹ്യനേത്രങ്ങൾ കൊണ്ട് മലക്കുകളെ കാണാനാവില്ല. അതിന് ആത്മീയ നേത്രങ്ങളാണ് ആവശ്യം. ബാഹ്യനേത്രങ്ങൾക്ക് ഗോചരീഭവിച്ചാൽ തന്നെ മലക്കുകൾ അവയുടെ തനത് രൂപത്തിൽ കാണപ്പെടില്ല. അല്ലാഹു പറയുന്നു:

***വ ലൗ ജഅൽനാഹു മലക്കൻ ല ജഅൽനാഹു റജുലൻ വലലബസ്നാ അലൈഹിം (അൻആം 10)***

മലക്ക് എന്തുകൊണ്ട് ഇറങ്ങുന്നില്ല എന്ന് ഇവർ ചോദിക്കുന്നു. ഇനി മലക്ക് വന്നാൽ തന്നെ മനുഷ്യരൂപത്തിലായിരിക്കും വരിക. അപ്പോഴേ അവർക്ക് കാണാൻ കഴിയൂ. മനുഷ്യരൂപത്തിൽ വന്നാൽ ഇത് മലക്കാണോ മനുഷ്യനാണോ എന്ന സംശയമുണ്ടാകും. ഇത് ദൈവവചനമല്ല, മനുഷ്യകൃതമാണെന്ന് ഇപ്പോൾ അവർ പ്രകടിപ്പിക്കുന്ന സംശയം പിന്നെയും നിലനിൽക്കുന്നതാണ്. ആയതിനാൽ, വല്ല പ്രയോജനവും ഉണ്ടെങ്കിലേ മലക്കുകളെ നാം അയക്കാറുള്ളൂ. ജനങ്ങൾക്ക് ഭൗതിക നേത്രങ്ങൾ കൊണ്ട് മലക്കുകളെ ദർശിക്കാൻ കഴിയില്ല. ഇനി കാണാനായാൽ തന്നെ അത് മനുഷ്യരൂപത്തിലേ കഴിയൂ. അപ്പോൾ അവർ അതിനെയും ആക്ഷേപിക്കും. അതുകൊണ്ടാണ് മലക്കുകളെ ഇറക്കാത്തത്.

ആകയാൽ, സൂക്ഷ്മമായ അസ്തിത്വമാണ് മലക്കുകളുടേത്. അവർ ഭൗതിക നേത്രങ്ങൾക്ക് അഗോചരമാണ്.

***മൂന്നാമതായി*** അവരെക്കുറിച്ച് മനസ്സിലാക്കേണ്ടത്, സൃഷ്ടികളിൽ അവർ ആണോ പെണ്ണോ അല്ല എന്നതാണ്. ആദ്യം ഓതിയ ഈ ആയത്തിൽ നിന്ന് ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്: ***അം ഖലഖ്നൽ മലായിക്കത്ത ഇനാസൻ വഹിം ശാഹിദൂൻ(അസ്സ്വാഫാത്ത് 151)***

ഇവിടെ അവർ പുരുഷനാണെന്നല്ല പറഞ്ഞിരിക്കുന്നത്. മറിച്ച്, മലക്കുകൾ സ്ത്രീകളാണെന്ന് ഇവർ പറയുന്നു, എന്താണെന്ന് ഇവർക്കെന്തറിയാം? അവർ അപ്പോൾ അവിടെ ഉണ്ടായിരുന്നോ? എന്നാണ് ചോദിച്ചിരിക്കുന്നത്. അല്ലാഹു മലക്കുകളെ സൃഷ്ടിച്ചപ്പോഴും അവർ സ്ത്രീകളാണെന്നത് നിഷേധിച്ചപ്പോഴും അവർ പുരുഷന്മാരാണെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. ആയതിനാൽ, അവയെ ആണെന്നോ പെണ്ണെന്നോ പറയുന്നത് ശരിയല്ല. അതൊക്കെ ഭൗതിക പദാർഥങ്ങളിലാണ്. ആത്മീയ വസ്തുക്കളിൽ ആണും പെണ്ണും ഇല്ല. പുരുഷന്റെ ആത്മാവ് പു:ലിംഗമോ സ്ത്രീയുടെ ആത്മാവ് സ്ത്രീലിംഗമോ അല്ല. പു:ലിഗം എന്നതും സ്ത്രീലിംഗം എന്നതും സ്ഥലകാലബന്ധിതമാണ്. ഒരേ സംഗതിയാണ് അവരണ്ടിലും ഉള്ളത്.

***നാലാമതായി*** മലക്കുകളെ സംബന്ധിച്ച് മനസ്സിലാകുന്ന കാര്യം അവക്ക് നാല് സ്ഥാനങ്ങളുണ്ട് എന്നാണ്. അവയെല്ലാം ഒരേവിധത്തിലുള്ളവയല്ല. അല്ലാഹു പറയുന്നു: ***അല്ലദീന യഹ്മിലൂനൽ അർശ.. .. .. അദാബൽ ജഹീം (അൽ മുഅ്മിൻ 8)***

മൂന്നു തരം മലക്കുകളുണ്ടെന്നാണ് ഈ ആയത്തിൽ നിന്ന് മനസ്സിലാകുന്നത്. രണ്ടുതരം മലക്കുകളെക്കുറിച്ച് ഖണ്ഡിതമായും മൂന്നാമത്തെ വിധത്തിലുള്ള മലക്കിനെക്കുറിച്ച് സൂചനയായും പ്രതിപാദിച്ചിരിക്കുന്നു. എന്തെന്നാൽ, ഒരു വിഭാഗം മലക്കുകൾ അർശിനെ വഹിക്കുന്നവരും മറ്റൊന്ന് അർശിന് ചുറ്റുമുള്ളവരുമാണ്. അതായത്, ഒരു വിഭാഗം മലക്കുകൾ മുഖേന ദൈവിക കൽപനകൾ പ്രവഹിക്കുമ്പോൾ മറ്റൊരു വിഭാഗം മലക്കുകൾ അവരുടെ സഹായികളും അവരുടെ കൽപനകളെ താഴെക്കിടയിലേക്ക് എത്തിക്കുന്നവരുമാണ്. ഈ അർശിനു ചുറ്റുമുള്ള മലക്കുകൾക്കും താഴെയായി വേറൊരു വിഭാഗം മലക്കുകളും ഉണ്ടെന്നാണ് ഈ വിവരണത്തിൽ നിന്ന് മനസ്സിലാകുന്നത്. ഹദീസിൽ നിന്ന് ഇതിനുള്ള

സാക്ഷ്യം കാണാം. എന്തെന്നാൽ, ചില മലക്കുകൾ വിവിധ വസ്തുക്കളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നത്. അവർ ***'ഹമലതു അർശി'*** നെയും ***'വ മൻ ഹൗലഹു'*** നെയും കൂടാതെയുള്ള മൂന്നാം വിഭാഗത്തിൽപ്പെട്ട മലക്കുകളാണ്. ഈ വിഷയത്തെക്കുറിച്ച് സൊറോസ്ട്രരിൽ നിന്ന് ഏതാണ്ട് ഒരു വിവരം ലഭിക്കുന്നുണ്ട്. ലോക കാര്യങ്ങൾ നടപ്പാക്കുന്ന മലക്കുകൾ ഏഴാണെന്ന് അവർ പറയുന്നു. ഖിയാമത്ത് നാളിൽ എട്ടു മലക്കുകൾ അല്ലാഹുവിന്റെ സിംഹാസനത്തെ വഹിക്കുന്നവരായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. സിംഹാസനം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് സ്വർണവും വെള്ളിയും കൊണ്ടുള്ള സിംഹാസനമല്ല. മറിച്ച്, അല്ലാഹുവിന്റെ ദൈവികതയെ പ്രോജ്ജ്വലിപ്പിക്കുന്ന ഉന്നത ഗുണങ്ങളാണ് അതുകൊണ്ടുള്ള ഉദ്ദേശ്യം. പരലോകത്ത് ആ എട്ടു മലക്കുകൾ മുഖേനയായിരിക്കും അത് വെളിപ്പെടുക. എന്നാൽ, ഈ ലോകത്ത്, ഞാൻ സ്ഥാപിച്ചു കാണിച്ചതുപോലെ, ഏഴ് മലക്കുകൾ മുഖേനയാണ് വെളിപ്പെടുന്നത്.

ഒരു വിഭാഗം മലക്കുകൾ അല്ലാഹുവിന്റെ അർശിനെ വഹിക്കുന്നവരാണ്. രണ്ടാമത്തെ വിഭാഗം അതിനും താഴെയുള്ളവരാണെങ്കിലും അവർ അല്ലാഹുവിന്റെ സമീപസ്ഥരായ സഹായികളാണ്. പ്രധാനപ്പെട്ട പ്രവൃത്തികൾ ചെയ്യാൻ ചുമതലപ്പെട്ടവരല്ല അവർ; സഹായികളാണ്. അതിനും താഴെക്കിടയിലുള്ളവരാണ് മൂന്നാമത്തെ വിഭാഗം. അതായത്, മലക്കുകൾ മൂന്നു വിധത്തിലുണ്ട്.

1) ദൈവിക ഗുണങ്ങളെ വെളിപ്പെടുത്തുന്നവർ.

2) അവരുടെ സഹായികളും അല്ലാഹുവിന്റെ സമീപസ്ഥരുമായവർ.

3) പലവിധങ്ങളായ ചെറിയ കാര്യങ്ങൾ ചെയ്യാൻ നിശ്ചയിക്കപ്പെട്ടവർ. അവരുടെ എണ്ണം തിട്ടപ്പെടുത്താൻ സാധ്യമല്ല, കാരണം, അല്ലാഹു പറയുന്നു: ***വമാ യഅ്ലമു ജുനൂദ റബ്ബിക്ക ഇല്ലാ ഹുവ (മുദസ്സിർ 32)***

അവരെ എണ്ണിതിട്ടപ്പെടുത്താൻ മനുഷ്യനാവില്ല. കാരണം, ഓരോ പ്രവൃത്തിക്കും പ്രത്യേകം മലക്കുണ്ടെന്നാണ് പ്രവാചകന്മാരുടെ വചനങ്ങളിൽ നിന്ന് തെളിയുന്നത്.

***അഞ്ചാമത്തെ കാര്യം***, മലക്കുകൾ തിന്മ ചെയ്യാൻ കഴിയാത്ത സൃഷ്ടികളാണ് എന്നതാണ്. പ്രവാചകന്മാരെ, എന്തിനേറെ ദൈവത്തെ പോലും നിഷേധിക്കുന്ന വിധത്തിലുള്ള പ്രകൃതമാണ് മനുഷ്യനുള്ളത്. അവൻ ദൈവത്തെ ചീത്ത പറയുന്നു. എന്നാൽ, തിന്മ ചെയ്യാനുള്ള കഴിവു തീരെയില്ലാത്ത സൃഷ്ടികളാണ് മലക്കുകൾ എന്നാണ് ഖുർആനിൽ നിന്നു മനസ്സിലാകുന്നത്. മനുഷ്യനെ അപേക്ഷിച്ച് അവരുടെ കർമമണ്ഡലം പരിമിതമാണ്. മനുഷ്യൻ പരിധികളെ ലംഘിക്കും. എന്നാൽ, നിശ്ചയിക്കപ്പെട്ട പരിധി ലംഘിക്കാൻ മലക്കുകൾക്കാവില്ല. അല്ലാഹു പറയുന്നു: ***ലാ യഅ്സൂനല്ലാഹ മാ അമറഹും വ യഫ്അലൂന മാ യുഅ്മറൂൻ(അത്തഹ്രീം 7)***

അല്ലാഹുവിന്റെ കൽപനകളെ മലക്കുകൾ ധിക്കരിക്കില്ല. അവരോടു കല്പിക്കപ്പെടുന്നതു മാത്രമാണ് അവർ ചെയ്യുന്നത്. ***ആറാമത്തെ കാര്യം,*** മലക്കുകൾ ദൈവകല്പനയെ ധിക്കരിക്കില്ലെന്നു മാത്രമല്ല, ദൈവകല്പനകളെ പൂർണമായി നിർവഹിക്കുന്ന തരത്തിലുള്ള പ്രകൃതമാണ് അവരുടേത്. ഒരാളുടെ കല്പന ധിക്കരിക്കുക എന്നതും അതു പൂർണമായി നിർവഹിക്കാൻ കഴിയാതിരിക്കുക എന്നതും വെവ്വേറെ സംഗതികളാണ്. ഉദാഹരണമായി, ദുർബലനായ ഒരു വ്യക്തിയോട് ഒരു സാധനം എടുക്കാൻ പറയുമ്പോൾ തന്റെ ദൗർബല്യം കാരണം അയാൾക്ക് അതെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ കല്പന ധിക്കരിച്ചു എന്നു പറയുകയില്ല. നേരെ മറിച്ച്, അയാൾക്ക് എടുക്കാൻ കഴിവുണ്ടായിരിക്കെ ഏടുക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അതു ധിക്കാരമാണ്. മലക്കുകളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് അവരോടു കല്പിക്കപ്പെടുന്ന ജോലി ചെയ്യാൻ പൂർണമായും അവർ പ്രാപ്തരായിരിക്കും എന്നാണ്. അതായത്, അതു ചെയ്യാനുള്ള കഴിവ് എല്ലാവരിലും ഉണ്ടായിരിക്കും. മനുഷ്യരെ പോലെ ചിലർക്കു കല്പന നിർവഹിക്കാനുള്ള കഴിവുണ്ടായിരിക്കുകയും ചിലർക്കു കഴിവില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ അവർക്കില്ല. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്: ***യഫ്അലൂന മാ യുഅ്മറൂൻ (അന്നഹ്ൽ 51).*** അവർക്കു നല്കപ്പെടുന്ന കല്പനകൾ അവർ നിർവഹിക്കുന്നു. മനുഷ്യന്റെ അവസ്ഥ ഇതല്ല. ഒരു കാര്യം ചെയ്യാൻ ചിലപ്പോൾ അവൻ ആഗ്രഹിക്കുന്നു. പക്ഷേ, ചെയ്യാൻ സാധിക്കില്ല. ഉദാഹരണത്തിന്, നിന്നു കൊണ്ട് നമസ്കരിക്കാൻ അവൻ ആഗ്രഹിച്ചാലും രോഗിയാണെങ്കിൽ അവനതിനു കഴിയില്ല.

***ഏഴാമത്തെ കാര്യം,*** ചുറ്റുമുള്ള കാര്യങ്ങളാൽ സ്വാധീനിക്കപ്പെടുകയില്ല എന്നതാണ്. മറ്റു സൃഷ്ടികൾ എത്ര തന്നെ മഹത്തരമാണെങ്കിലും അവർ മറ്റു പ്രഭാവങ്ങളെ സ്വാംശീകരിക്കുന്നു. ചില പ്രഭാവങ്ങളെ കൊള്ളുകയും ചിലതിനെ തള്ളുകയും ചെയ്യുന്നു എന്ന് പറയുന്നതാവും ശരി. ഉദാ: പ്രവാചകന്മാർ നന്മയുടെ പ്രഭാവം സ്വീകരിക്കുന്നു. അല്ലെങ്കിൽ യുദ്ധത്തിൽ അവർ പങ്കെടുക്കുമ്പോൾ മനുഷ്യനെന്ന നിലയിൽ അവരുടെ മേലും സ്വാധീങ്ങളുണ്ടാകുന്നുവെങ്കിലും പ്രവാചകന്മാർ ദു:സ്വാധീനങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നു. അതേ സമയം മലക്കുകൾ എല്ലാ നിലയിലും സുരക്ഷിതരായിരിക്കും. അല്ലാഹു പറയുന്നു: ***അലൈഹാ മലായിക്കത്തുൻ ഗിലാളുൻ***

***ശിദാദുൻ (തഹ്‌രീം.7)***

ഗിലാളും ഷിദാദും എന്നത് മലക്കുകളുടെ ഗുണങ്ങളാണ്. മറ്റു വസ്തുക്കൾക്കൊന്നും അവരുടെ മേൽ സ്വാധീനം ചെലുത്താൻ സാധിക്കില്ല. അവരോട് ഏതൊരു വസ്തുവിൽ സ്വാധീനം ചെലുത്താനാണോ പറയപ്പെടുന്നത് അതിൽ തീർച്ചയായും അവർ സ്വാധീനം ചെലുത്തുന്നു. ഈ കഴിവു മനുഷ്യനില്ല. ചില സംഗതികളിലാണ് മനുഷ്യന് കഴിവുള്ളത്. ചില സംഗതികളിൽ ഇല്ലതാനും. അതായത്, ചില ഗുണങ്ങളിൽ മനുഷ്യനും അങ്ങനെയാണെങ്കിലും എല്ലാ നിലയിലും അങ്ങനെയല്ല. അല്ലാഹു പറയുന്നു: മുഹമ്മദു റസൂലുല്ലാഹ് ***വല്ലദീന മഅഹു അശിദ്ദാഉ അല കുഫ്ഫാറി റുഹമാഉ ബൈനഹും (അൽഫതഹ്.30)***

വിശ്വാസികളും കാഠിന്യം കാണിക്കുന്നവരാണ്; പക്ഷേ അവിശ്വാസികളുടെ മേൽ. അവർ പരസ്പരം സ്വാധീനം ചെലുത്തുന്നവരാണ്.

വീണ്ടും പറയുന്നു: ***യാ അയ്യുഹന്നബിയ്യു ജാഹിദുൽ കുഫ്ഫാർ വൽ മുനാഫിഖീന വഗ്‌ളുദ് അലൈഹിം(തൗബ:73)***

അല്ലയോ നബിയേ അവിശ്വാസികളെ നേരിടുക.. എന്നാൽ, അവരാൽ സ്വാധീനിക്കപ്പെടരുത്.

അപ്പോൾ വിശ്വാസികളിൽ മറ്റുള്ളവരുടെ മേൽ സ്വാധീനം ചെലുത്താനുള്ള ഗുണം നമുക്ക് കാണാം. എന്നാൽ ചില കാര്യങ്ങളല്ലാതെ അവരെ സ്വാധീനിക്കാറില്ല. അതേസമയം മലക്കുകളുടെ കാര്യം എടുക്കുമ്പോൾ അവർ സമ്പൂർണമായ നിലയിൽ സ്വാധീനിക്കപ്പെടാത്തവരാണ്.

***എട്ടാമത്തെ കാര്യം*** മനുഷ്യനെ സംബന്ധിച്ചിടത്തോളം അവരുടെ എണ്ണം അപരമിതമാണെന്നുള്ളതാണ്. അല്ലാഹു പറയുന്നു: ***വമാ യഅ്‌ലമു ജുനൂദ റബ്ബിക്ക ഇല്ലാഹുവ (മുദസ്സിർ 32).*** മലക്കുകളുടെ എണ്ണം അല്ലാഹുവിനു മാത്രമേ അറിയൂ. മറ്റാർക്കും അതറിയാൻ സാധ്യമല്ല.

***ഒമ്പതാമത്തെ കാര്യം*** അവരിൽ ഓഫീസറും കീഴുദ്യോഗസ്ഥരും ഉണ്ടാകും എന്നതാണ്. ഒന്ന് വലുതും മറ്റേത് ചെറുതും ആയ നിലയിൽ തങ്ങളുടെതായ ധർമങ്ങളിലും സ്ഥാനത്തും സ്ഥിരമാണെന്നു മാത്രമല്ല. മറിച്ച്, അവർ ഓഫീസറുടെയും കീഴുദ്യോഗസ്ഥരുടെയും സ്ഥാനം അലങ്കരിക്കുന്നു. ഒരിടത്ത് അല്ലാഹു പറയുന്നു: ***ഖുൽ യതവഫ്ഫാക്കും മലക്കുൽ മൗത്തില്ലദീ വുക്കില ബികും സുമ്മ ഇലാ റബ്ബിക്കും തുർജഊൻ. (സജദ:12)***

മറ്റൊരിടത്ത് പറയുന്നു. ***വലൗ തറാ ഇദി ളാലിമൂന ഫീ ഗമറാത്ത.. ..(അൻആം 94)***

വീണ്ടും പറയുന്നു: ***ഇന്നല്ലദീന തവഫ്ഫാഹുമുൽ മലാഇക്കത്തു ളാലിമീ അൻഫുസിഹിം. ഖാലൂ ഫീമ കുൻതും. (അന്നിസാഅ് 98)***

ഇനി ഈ മൂന്നു വചനങ്ങളും ഒന്നു ചേർത്തു നോക്കുക. ആദ്യം സൂചിപ്പിച്ച ആയത്തിൽ പറഞ്ഞിരിക്കുന്നത് എല്ലാ മനുഷ്യരുടെയും ജീവനെടുക്കുന്ന ധർമം നിർവഹിക്കുന്നത് ഒരു മലക്ക് മാത്രമാണെന്നാണ്. എന്നാൽ മറ്റു രണ്ടു ആയത്തുകളിലും പറഞ്ഞിരിക്കുന്നത് ഒരുപാട് മലക്കുകൾ ജീവനെ പിടിക്കുന്നു എന്നാണ്. ഒരു മലക്കിനാണ് ചുമതലയെങ്കിലും അതിനെ സഹായിക്കാനായി അനേകം മലക്കുകൾ അനുസരണത്തോടെ ധർമം നിർവഹിക്കുന്നവരുണ്ടെന്ന് ഇതിൽ നിന്നു മനസ്സിലാകുന്നു.

മരണത്തിന്റെ വകുപ്പിൽ മേലുദ്യോഗസ്ഥനെന്നും കീഴുദ്യോഗസ്ഥനെന്നുമുള്ള സംവിധാനത്തെ പരിഗണിക്കുമ്പോൾ മലക്കുകൾ മുഖേന നടക്കുന്ന മറ്റു സർവകാര്യങ്ങളും ഇതുപോലെ ചില ഉയർന്ന മലക്കുകളുടെ ചുമതലയിലാണെന്നും പിന്നീട് അവരുടെ കീഴിലുള്ള എണ്ണമറ്റ മലക്കുകളാണ് ധർമം നിർവഹിക്കുന്നതെന്നുമുള്ള നിഗമനത്തിൽ എത്താം.

***പത്താമത്തെ കാര്യം.*** മനുഷ്യന്റെ കഴിവുകളെ അപേക്ഷിച്ച് മലക്കുകളുടെ കഴിവുകൾ പരമിതങ്ങളാണ്. മലക്കുകൾ ഒരേ അവസ്ഥയിൽ ഉള്ളവരാണ്. എന്നാൽ മനുഷ്യന് ഒരുപാട് അഭിവൃദ്ധി പ്രാപിക്കാനാകും. അല്ലാഹു പറയുന്നു: ***വ അല്ലമ ആദമൽ അസ്മാഅ കുല്ലഹാ.. .. ഇന്നക്ക അൻതൽ അലീമുൽ ഹകീം(ബഖറ 32,33)***

അല്ലാഹു ആദമിന് എല്ലാ നാമങ്ങളും പഠിപ്പിക്കുകയും ആ പഠിപ്പിച്ച നാമങ്ങൾ മലക്കുകളുടെ മുൻപാകെ വെച്ചു കൊണ്ട് നിങ്ങൾ സത്യവാന്മാരെങ്കിൽ ഇവയുടെ നാമങ്ങൾ പറഞ്ഞു തരാൻ ആവശ്യപ്പെടുകയും ചെയ്തു. അവർ പറഞ്ഞു: ***"നീ പരിശുദ്ധനാണ്. നീ പഠിപ്പിച്ച അറിവല്ലാതെ നമുക്ക് ഒന്നും അറിയില്ല. നീ എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു."*** ശേഷം അല്ലാഹു ആദമിനോട് നാമങ്ങൾ പറഞ്ഞു കൊടുക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു കൊടുത്തു.

ഇവിടെ സാന്ദർഭികമായി ഒരു ചോദ്യത്തിനു ഞാൻ മറുപടി പറയുകയാണ്. അല്ലാഹു എന്തു കൊണ്ട് പേരുകൾ സ്വയം പറഞ്ഞു കൊടുത്തില്ല?

ആദമിനെക്കൊണ്ട് എന്തിനാണ് പറയിച്ചത്? ഇതിലടങ്ങിയിരിക്കുന്ന തത്ത്വം ഇതാണ്: അല്ലാഹു പറഞ്ഞു കൊടുത്താൽ അതിൽ എല്ലാ ഗുണങ്ങളും വരുമായിരുന്നു. നീ പറഞ്ഞു കൊടുക്ക് എന്നാണ് ആദമിനോട് പറയപ്പെട്ടത്. അതായത്, അവർ നിന്നിലേക്ക് നോക്കട്ടെ.

ചുരുക്കത്തിൽ മലക്കുകളുടെ കഴിവുകൾ മനുഷ്യനേക്കാൾ പരിമിതമാണ്.

എങ്കിലും അല്ലാഹുവിന്റെ കല്പനക്കും ഇച്ഛയ്ക്കും അനുസരിച്ചേ മലക്കുകൾ എന്തും

ചെയ്യുകയുള്ളു. അവർക്ക് ഒരു വിധത്തിലുള്ള അനുസരണക്കേടും കാണിക്കാനാവില്ല.

***പതിനൊന്നാമത്തെ കാര്യം,*** മലക്കുകളിലും ആഗ്രഹങ്ങളുണ്ട്. പക്ഷേ, വളരെ പരമിതമാണെന്ന് മാത്രം. കുതിര കുറച്ചൊക്കെ അനങ്ങാനും എന്നാൽ പരിധി വിട്ടു പോകാതിരിക്കാനുമായി നീളമുള്ള ഒരു കയറ് കുതിരയുടെ കഴുത്തിലിട്ട് ഒരു ആണികൊണ്ട് ബന്ധിക്കുന്നതിനോട് അതിനെ ഉപമിക്കാം. മലക്കുകളും ഒരു കേന്ദ്രത്തിന് ചുറ്റുമായിട്ടാണ് ചലിച്ചു കൊണ്ടിരിക്കുന്നത്. ആ പരിധിക്കപ്പുറം പോകാനാവില്ല. ആ പരിധി ഇതാണ്: ***ലാ യഅസൂനല്ലാഹ മാ അമറഹും വ യഫ്അലൂന മാ യുഅ്മറൂൻ (അത്തഹ്രീം:7)***

ഈ പരിധിക്കപ്പുറം പോകാൻ കഴിയില്ല. ഭൂമിയെ സംബന്ധിച്ചും മലക്കുകൾ താത്പര്യപ്പെടാറുണ്ട്. ആദമിനെ സംബന്ധിച്ച് അവർ പറയുന്നു: ***അ തജ്അലു ഫീഹാ മൻ യുഫ്സിദു ഫീഹാ വ യസ്ഫികു ദിമാ(ബഖറ:31)***

ആദം ലോകത്ത് കുഴപ്പങ്ങളുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുമ്പോൾ അതിന് എന്ത് ഏർപ്പാട് ചെയ്യുമെന്ന് ഞങ്ങൾക്കു പറഞ്ഞു തരിക എന്ന് അവർ അല്ലാഹുവിനോട് ചോദിച്ചിരിക്കുന്നു. തിന്മയോളം എത്താതെ, നന്മയ്ക്കപ്പുറത്ത് കടക്കാതിരിക്കുമാറ് ഒരു പരിധിവരെ അവരിൽ ആഗ്രഹമുണ്ടെന്നാണ് ഇത് വിളിച്ചോതുന്നത്. എന്നിരുന്നാലും, അവർ ചോദിച്ചുവെന്ന് മാത്രമേ ഈ ആയത്തിൽ നിന്നു മനസ്സിലാകുന്നുള്ളു. ചോദിക്കൂ എന്ന് ദൈവം വെളിപാടിറക്കിയത് കൊണ്ട് ചോദിച്ചതാകാം എന്ന് ഇവിടെ ആരെങ്കിലും പറഞ്ഞേക്കാം. ഒന്നാമതായി, അവർ അല്ലാഹു പറഞ്ഞതു കൊണ്ട് ചോദിച്ചുവെന്ന് പറയുന്നത് തന്നെ തെറ്റാണ്. എന്തെന്നാൽ, ശേഷം അല്ലാഹു പറയുന്നത് 'ഇൻ കുൻതും സാദിഖീൻ' എന്നാണ്. നിങ്ങൾ സത്യവാന്മാരാണെങ്കിൽ നാമങ്ങൾ പറഞ്ഞു തരുവിൻ. ദൈവകല്പനയാലല്ല അവർ ചോദിച്ചതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. മാത്രമല്ല, മലക്കുകളുടെ ആഗ്രഹങ്ങൾ വെളിപ്പെടുന്ന രീതിയിലുള്ള കാര്യങ്ങളും നാം ഹദീസുകളിൽ വായിക്കുന്നുമുണ്ട്.

ഒരാൾ ഒരു ജ്ഞാനിയുടെ അടുക്കൽ ചെന്ന് ചോദിച്ചു: 'ഞാൻ ഒരുപാട് പാപം ചെയ്തിട്ടുണ്ട്. എനിക്ക് തൗബ ചെയ്യാൻ സാധിക്കുമോ?' അദ്ദേഹം പറഞ്ഞു: 'നിന്റെ തൗബ സ്വീകരിക്കില്ല'. അയാൾ അദ്ദേഹത്തെ കൊന്നു. അങ്ങനെ തൗബ ചെയ്യാൻ വേണ്ടി വേറൊരാളുടെ അടുത്തേക്ക് പോകാൻ പുറപ്പെട്ടു. എന്നാൽ, വഴിമദ്ധ്യേ അയാൾ മരിച്ചു. ഇയാൾ തൗബയുടെ വഴിയിൽ മരണപ്പെട്ടതിനാൽ ഞങ്ങൾ അയാളെ സ്വർഗത്തിലേക്ക് കൊണ്ടു പോകുന്നതാണെന്ന് സ്വർഗത്തിന്റെ മലക്കുകൾ പറഞ്ഞു. എന്നാൽ, ഇയാൾ തൗബ ചെയ്യുന്നതിനു മുൻപ് മരണമടഞ്ഞതിനാൽ ഞങ്ങളിയാളെ നരകത്തിലേക്ക് കൊണ്ടു പോകുമെന്നായിരുന്നു നരകത്തിന്റെ മലക്കുകളുടെ വാദം. ഇതിൽ നിന്ന് മലക്കുകൾക്ക് ഇച്ഛയുണ്ടെന്ന് തെളിയുന്നു. മാത്രമല്ല ഈ ആയത്തിൽ നിന്നു നമുക്കത് മനസ്സിലാക്കാം: അല്ലാഹു പറയുന്നു: ***മാ കാന ലീ മിൻ ഇൽമിൻ ബിൽ മലഇൽ അഅ്ലാ ഇദ് യഖ്തസിമൂൻ(സ്വാദ്: 70)***

'മലക്കുകൾ പരസ്പരം തർക്കിച്ചു കൊണ്ടിരിക്കുമ്പോൾ ആ തർക്കത്തിന്റെ അവസ്ഥയെന്താണെന്ന് എനിക്കെന്തറിയാം.' അവർ പരസ്പരം തർക്കിക്കാറുണ്ടെന്നും ഇതിൽ നിന്ന് ഗ്രഹിക്കാം. അവരിൽ ആഗ്രഹമുണ്ട്. പക്ഷേ വളരെ പരിമിതമാണത്.

മലക്കുകളെ സംബന്ധിച്ച് ***പന്ത്രണ്ടാമത്തെ കാര്യം*** അവർക്ക് അദൃശ്യകാര്യങ്ങളറിയില്ല എന്നതാണ്. കാരണം, അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു: ***വയൗമ യഹ്ഷു റുഹും.. .. ബിഹിം മുഅ്മിനൂൻ(സബഅ്:41,42)***

മലക്കുകൾ അദൃശ്യ ജ്ഞാനങ്ങളറിയില്ലെന്നാണ് ഈ ആയത്തിൽ നിന്ന് മനസ്സിലാകുന്നത്. എന്തെന്നാൽ, അദൃശ്യകാര്യങ്ങൾ അവർ അറിഞ്ഞിരുന്നെങ്കിൽ ആരാധനയെ സംബന്ധിച്ച അറിവില്ലായ്മ അവർ പ്രകടിപ്പിക്കുമായിരുന്നില്ല. അല്ലാഹു വെറുതേ ചോദിച്ചതാണെന്ന് പറയാനാവില്ലല്ലോ. കാരണം, ചില ഘട്ടങ്ങളിൽ അകാരണമായ ചോദ്യം പോലും കളവായിത്തീരുന്നതാണ്. പക്ഷേ, അല്ലാഹുവിന്റെ സത്ത പരിശുദ്ധമാണ്. രണ്ടാമതായി, ചിലയാളുകൾ മലക്കുകളെ ആരാധിക്കാം എന്ന വിശ്വാസക്കാരായിരുന്നു എന്നാണ് മുൻ ഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ആയതിനാൽ, അജ്ഞത കാരണത്താൽ ചില മലക്കുകൾ തങ്ങളെ ചില ആളുകൾ ആരാധിച്ചിരുന്നതിനെ നിഷേധിക്കുമെന്നാണ് അറിയാൻ സാധിക്കുന്നത്. മലക്കുകൾ അദൃശ്യകാര്യങ്ങൾ അറിയുകയില്ലെന്ന് വ്യക്തമായി തന്നെ ചില ഹദീസുകളിൽ നിന്ന് തെളിയുന്നുണ്ട്. നബി(സ) അരുൾ ചെയ്യുന്നു: ***"ഒരാൾ വിശ്വാസിയെന്ന് പറയപ്പെടുന്നു, വിശ്വാസികളുടെ കർമം ചെയ്യുന്നു. അയാളുടെ കർമങ്ങൾ എഴുതുന്ന മലക്ക് അയാളുടെ കർമ പുസ്തകം അവന്റെ സമക്ഷം സമർപ്പിക്കുമ്പോൾ 'ഇത് കൊണ്ട് പോയി അയാളുടെ മുഖത്ത് വലിച്ചെറിയൂ, ഇയാളുടെ ഈ നമസ്കാരം എനിക്കു വേണ്ടിയായിരുന്നില്ല' എന്ന് ആകാശത്തു നിന്ന് വിളിച്ചു പറയുന്നതാണ്."***

മലക്കുകൾ അദൃശ്യകാര്യങ്ങൾ അറിയില്ലെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. അറിഞ്ഞിരുന്നെങ്കിൽ അസ്വീകാര്യമായ നമസ്കാരം അവർ എന്തിന് ദൈവ സമക്ഷം കൊണ്ടു പോകണം?

***പതിമൂന്നാമത്തെ കാര്യം,*** ഓരോ കാര്യത്തിനും വെവ്വേറെ

മലക്കുകളാണ്. ഹ: ആയിശ(റ) നബി(സ) തിരുമേനിയോട് ചോദിച്ചതായി ഹദീസിൽ വന്നിരിക്കുന്നു: 'അല്ലാഹുവിന്റെ റസൂലേ, ഉഹ്ദ് ദിവസം ഉണ്ടായ പ്രയാസത്തേക്കാൾ കഠിനതരമായത് അങ്ങേയ്ക്ക് ഉണ്ടായിട്ടുണ്ടോ?' തിരുമേനി(സ) പറഞ്ഞു: 'ഉണ്ട്, അഖ്ബാ ദിവസം. മക്കക്കാരുടെ നിഷേധം കാരണം ഞാൻ അബ്ദെ യാലീലിന്റെ സമുദായത്തിലേക്ക് ശ്രദ്ധതിരിച്ചു. എന്നാൽ, അവരതിനെ ഗൗരവത്തിലെടുക്കാതെ എന്റെ സന്ദേശത്തെ നിരസിക്കുകയായിരുന്നു. അപ്പോൾ ഞാൻ അങ്ങേയറ്റം ദു:ഖിതനായി കൊണ്ട് പ്രത്യേകമായി ഒരു സ്ഥലവും മനസ്സിലുറപ്പിക്കാതെ വെറുതെ എങ്ങോട്ടോ പുറപ്പെടാൻ ഒരുങ്ങി. വഴിയിൽ ഞാൻ ഒരു മേഘം കണ്ടു. അതിൽ ജിബ്രീലിനെ കാണാൻ സാധിച്ചു. ജിബ്രീൽ പറഞ്ഞു: 'നിന്റെ സമൂഹം പറഞ്ഞതു കേൾക്കുകയും അവരുടെ നിഷേധം കാണുകയും ചെയ്ത അല്ലാഹു, താങ്കൾ എന്ത് കല്പനയാണോ നല്കുന്നത് അതു ചെയ്യാൻ പർവതങ്ങളുടെ മലക്കിന് ആജ്ഞ നൽകിയിരിക്കുകയാണ്.' അപ്പോൾ മലക്ക് എനിക്ക് സലാം ചെയ്തു കൊണ്ട് പറഞ്ഞു: 'അഖ്ശബീൻ കുന്നിനെ(മക്കയ്ക്ക് ചുറ്റുമുള്ള രണ്ടു കുന്നുകൾ) അവരുടെ മേൽ കൊണ്ടിട്ട് നിരത്താൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?' അതായത് ഭൂകമ്പമുണ്ടാക്കി അവരെ നശിപ്പിക്കട്ടെ എന്ന്. ഞാൻ പറഞ്ഞു: വേണ്ട. അവരുടെ സന്തതികളിൽ നിന്ന് ഏകദൈവത്തെ ആരാധിക്കുന്നവർ ജനിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ഈ ഹദീസിൽ നിന്ന് മനസ്സിലാകുന്നത് ദൈവം നബി(സ) തിരുമേനിയെ സഹായിക്കാൻ പർവതത്തിന്റെ മലക്കിന് കൽപന നൽകിയിരിക്കുന്നുവെന്ന കാര്യം ജിബ്രീൽ നബി(സ)യോടു പറഞ്ഞുവെന്നാണ്. താൻ സഹായത്തിനു വന്നതാണെന്ന് പറഞ്ഞില്ല. പർവതത്തിന്റെ മലക്ക് വേറെയാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. വ്യത്യസ്ത സംഗതികൾക്ക് വേവ്വേറെ മലക്കുകളെയാണ് നിശ്ചയിച്ചിരിക്കുന്നത്.

***പതിനാലാമത്തെ കാര്യം,*** വിവിധ ദൈവികഗുണങ്ങളുടെ പ്രതീകങ്ങളാണ് മലക്കുകൾ. ചിലർ ഏതെങ്കിലുമൊരു ശക്തിയുടെ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ ശക്തിയുടെ പ്രതീകങ്ങളായിരിക്കും. അല്ലാഹു പറയുന്നു: ***അൽഹംദു ലില്ലാഹി ഫാത്തിറസ്സമാവാത്തി.. .. അലാ ഖുല്ലി ശൈഇൻ ഖദീർ. (ഫാതിർ :2)***

ഈ ആയത്തിൽ നിന്ന് മനസ്സിലാകുന്നത് വിവിധ മലക്കുകൾ വിവിധ ദൈവിക ഗുണങ്ങളുടെ പ്രതീകങ്ങളാണെന്നാണ്. ചിലത് കുറച്ച് ദൈവിക ഗുണങ്ങളുടെയും മറ്റു ചിലത് കൂടുതൽ ദൈവിക ഗുണങ്ങളുടെയും പ്രതീകങ്ങളായിരിക്കും. കാലാനുസൃതമായ കഴിവുകളോടു കൂടിയ മലക്കുകളെയാണ് അയക്കുക എന്നും ഇതിൽ നിന്ന് തെളിയുന്നുണ്ട്. ജനങ്ങളുടെ കഴിവും പ്രാപ്തിയും അനുസരിച്ച് അതേ കഴിവും പ്രാപ്തിയും ഉള്ള മലക്കുകളെയാണ് അയക്കുക. ലോകം അതിന്റെ പൂർണതയിൽ എത്തിയപ്പോൾ അല്ലാഹു ജിബ്രീലിനെ പൂർണ രൂപത്തിൽ അയച്ചു. ഇതു സംബന്ധമായി നബി(സ)പറഞ്ഞത്, ആ ഗ്രന്ഥവാഹകന് അറുന്നൂറ് ചിറകുകളുണ്ടായിരുന്നുവെന്നാണ്. ഇതിൽ നിന്ന് ജിബ്രീൽ 600 ദൈവിക ഗുണങ്ങളുടെ പ്രതീകമാണെന്ന് ഗ്രഹിക്കാം. അല്ലാഹുവിന് അത്രയൊന്നും ഗുണങ്ങളില്ലല്ലോ, പിന്നെങ്ങനെ 600 ഗുണങ്ങളുടെ പ്രതീകമാവുക എന്ന ചോദ്യം ശരിയല്ല. എണ്ണമറ്റ ഗുണങ്ങളുണ്ട് അല്ലാഹുവിന്. 600 എന്നത് മനുഷ്യനുമായി മാത്രം ബന്ധപ്പെട്ടു കിടക്കുന്ന ഗുണങ്ങളാണ്.

ഹ: മസീഹ് മൗഊദ്(അ) സൂക്ഷ്മമായ ഒരു സംഗതി എഴുതിയിട്ടുണ്ട്. ജിബ്രീലിനെക്കാൾ കൂടുതൽ ഖുർആനിക ജ്ഞാനം നബി(സ) തിരുമേനിക്ക് ഉണ്ടായിരുന്നു. ഈ സംഗതി തികച്ചും ശരിയാണ്. കാരണമെന്തെന്നാൽ, നബി(സ)യെ പിന്തുണയ്ക്കുന്ന മലക്കുകൾ വേറെയും ഉണ്ടായിരുന്നു. തിരുമേനി(സ)യുടെ മറ്റു ഗുണങ്ങളുടെ മലക്കുകളായിരുന്നു അവർ. അപ്പോൾ മലക്കുകൾ വിവിധ ഗുണങ്ങളുടെ പ്രതീകങ്ങളാണെന്ന് തെളിഞ്ഞു. 'അജ്നിഹ' എന്നതിന്റെ അർഥം ചിറകുകൾ എന്നല്ല, അവരിൽ കാണപ്പെടുന്ന ഗുണങ്ങൾ എന്നാണ്. മലക്കുകളെപ്പറ്റി അവർ എങ്ങനെയുള്ള സൃഷ്ടികളാണെന്ന് നമുക്ക് നിഗമനം ചെയ്യാൻ സാധിക്കുന്ന സംഗതികളാണിവ. ഈ വിവരണത്തിൽ നിന്ന് ചിലർക്ക് 'മലക്ക്' എന്ന പദത്തിനൊപ്പം അവരുടെ ചില ഗുണങ്ങളും അറിയാൻ സാധിച്ചിരിക്കുമല്ലോ. ഇനി ഞാൻ അവരുടെ ധർമങ്ങൾ പറഞ്ഞു തരാം. (തുടരും)

## ദൈവത്തിന്റെ മൗനം അവന്റെ ഔദാര്യം

അബുദ്ദർദായിൽ നിന്നും നിവേദനം: റസൂൽ തിരുമേനി(സ) പറഞ്ഞു: അല്ലാഹു തന്റെ ഗ്രന്ഥത്തിൽ ഹലാലാക്കിയത് ഹലാലാകുന്നു. ഹറാമാക്കിയത് ഹറാമും. അവൻ ചില വിഷയങ്ങളിൽ മൗനം പാലിച്ചിട്ടുള്ളത് അവന്റെ ഔദാര്യമാകുന്നു. അല്ലാഹുവിൽ നിന്ന് അവന്റെ ഔദാര്യം നിങ്ങൾ സ്വീകരിക്കുക. അല്ലാഹു ഒന്നും മറന്നു കളയുകില്ല. എന്നിട്ട് അവിടുന്ന് (റസൂൽ തിരുമേനി) തങ്ങളുടെ റബ്ബ് വിസ്മരിക്കുന്നവനല്ല എന്ന് വചനം ഓതി (ഹാക്കിം)

# ന്യൂട്ടനും ക്രിസ്തുമതവും

വിശ്വാസത്തെ യുക്തി പരമായി പരിശോധിക്കണമെന്ന് പറഞ്ഞ എക്കാലത്തെയും മഹാനായ ശാസ്ത്ര പ്രതിഭ സർ ഐസക് ന്യൂട്ടൻ ക്രിസ്തുമതത്തിലെ ത്രിത്വ ദൈവസങ്കൽപത്തിൽ വിശ്വസിച്ചിരുന്നില്ല. അതുപോലെ ദൈവവിശ്വാസിയും മഹാനായ ഗണിത ശാസ്ത്ര പ്രതി ഭയുമായിരുന്ന റീനെ ദെക്കാർത്തെയും ക്രിസ്തുമവിശ്വാസത്തെ പിന്തുണച്ചില്ല, യൂറോപ്യൻ തത്ത്വ ശാസ്ത്രത്തിന്റെ വളർച്ചയെ പറ്റി.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഭൗതിക പ്രബുദ്ധതയുടെ സൂര്യൻ അവസാനം അന്തലൂഷ്യ (സ്പെയിൻ)ക്ക് മുകളിൽ അസ്തമിച്ചപ്പോൾ അതിന്റെ പ്രകാശിക്കുന്ന മുഖം ഫ്രാൻസിന്റെ ചക്രവാളത്തിനു മുകളിലാണ് പിന്നീട് ഉദിച്ചുയർന്നത്. ഫ്രാൻസിന് തൊട്ടു പിറകിലായി കിടക്കുന്ന മുഴുവൻ യൂറോപ്പിനെയും നോക്കി അത് മന്ദസ്മിതം പൊഴിച്ചു. തെക്ക് നിന്ന് വടക്കോട്ടും കിഴക്ക് നിന്ന് പടിഞ്ഞാറോട്ടും ഭൂഖണ്ഡത്തെയാകമാനം അത് പ്രകാശമാനമാക്കി. യൂറോപ്പിനെ മുഴുവൻ നൂറ്റാണ്ടുകളോളം പ്രഭാവിതമാക്കിയ വിജ്ഞാനത്തിന്റെ മഹത്തായ നാളുകൾ പൊട്ടിവിടർന്നു! അങ്ങനെ നവോത്ഥാനത്തിന്റെ (Renaissance) കാലഘട്ടത്തിന് ആരംഭം കുറിച്ചു.

യൂറോപ്പിലെ നവോത്ഥാനം എന്ന് വിളിക്കപ്പെടുന്ന ജ്ഞാന പ്രബുദ്ധതയുടെ ആരംഭത്തിന് അവർ മുസ്ലിം സ്പെയിനിനോടു എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്ന് യൂറോപ്പിലെ ചുരുക്കം ചില ആളുകൾക്ക് മാത്രമെ ബോദ്ധ്യം വന്നിട്ടുള്ളൂ. അന്തലൂഷ്യയിൽ നിന്നുള്ള അസാമാന്യ പ്രതിഭാശാലികളായ നിരവധി തത്ത്വജ്ഞാനികൾ, ഗണിതജ്ഞൻമാർ, ശാസ്ത്രജ്ഞൻമാർ, ഖഗോള വിജ്ഞാനികൾ, ശരീര ശാസ്ത്ര വിദഗ്ദന്മാർ എല്ലാം യൂറോപ്പിന് തേഞ്ഞുമാഞ്ഞുപോയ സ്മരണകൾ മാത്രമാണ്. അവർ അവഗണനയുടെ വിസ്മൃത ശ്മശാനത്തിൽ കുഴിച്ചു മൂടപ്പെട്ടു.

നവോത്ഥാനത്തിന്റെ ഉദയത്തോടെ അന്ധകാരം തിരോഭവിച്ചു. ഹേതുവാദവും (Reasoning) യുക്തിവാദവും (Rationality)അന്ധവിശ്വാസങ്ങളെ, അത് അരിയിട്ടു വാഴ്ച നടത്തിയ ദേശങ്ങളിൽ നിന്ന് കെട്ടുകെട്ടിക്കുകയും ചെയ്തു. ഭൗതിക ശാസ്ത്രങ്ങൾ ഒരു വശത്തും മതവും വിശ്വാസവും എളുപ്പമുള്ള പണി ആയിരുന്നില്ല. ഹേതുവാദത്തിലും യുക്തിവാദത്തിലും അധിഷ്ഠിതമായ നൂതനമായ തത്ത്വശാസ്ത്രങ്ങളുടെ അധിനിവേശങ്ങളെ പ്രതിരോധിക്കുക എന്നത് പുരോഹിതൻമാർക്ക് പ്രാമുഖ്യമുണ്ടായിരുന്ന ഒരു സമൂഹത്തിന് നിസ്സാരമായ ഒരു വെല്ലുവിളി ആയിരുന്നില്ല. അവർ ക്രിസ്തു മതത്തിന്റെ പാരമ്പര്യമായിരുന്നു ഉൾക്കൊണ്ടിരുന്നത്. അതാകട്ടെ വലിയ തോതിൽ സെന്റ്പോളിന്റെ സ്വാധീനത്തിന് വിധേയമായതും മിത്തുകളിലധിഷ്ഠിതമായ മതസിദ്ധാന്തങ്ങളിൽ വിന്യസിക്കപ്പെട്ടതുമായിരുന്നു. അതൊരിക്കലും തന്നെ ക്രിസ്തുവിനെ പ്രശോഭിതമാക്കിയ ആ ദിവ്യ വെളിച്ചമായിരുന്നില്ല.

നവോത്ഥാനത്തിന് മുമ്പേ പോലും ചില യൂറോപ്യൻ ധിഷണാശാലികൾ യുക്തിയും വിശ്വാസവും തമ്മിൽ ഒരു സന്തുലനം സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ ഇ.ജെ. സ്കോട്ടസ്(E.J. Schotus) യുക്തിയും വിശ്വാസവും തമ്മിൽ ഒരു ഒത്തു തീർപ്പിന് ശ്രമിച്ചു കൊണ്ട് ഉത്തമ മാതൃക കാണിച്ചു. സത്യത്തെ വെറും യുക്തി കൊണ്ട് മാത്രം പ്രാപിക്കാൻ സാധ്യമല്ലെന്ന് അദ്ദേഹം ശക്തമായി വാദിച്ചു. പക്ഷേ, യുക്തിയും വിശ്വാസവും ഒരുമിച്ചു പോരേണ്ടതുണ്ടെന്ന് അദ്ദേഹം കരുതി. തുടക്കത്തിൽ മതവിശ്വാസങ്ങൾ കെട്ടിപ്പടുത്തത് യുക്തിയുടെ അടിസ്ഥാനത്തിൽ ആയിരുന്നുവെന്നും വെറും ഊഹങ്ങളിൽ നിന്നു മാത്രം ദൃഢമായ ബോധ്യങ്ങൾ ജനിക്കുന്നില്ല എന്നും സ്കോട്ടസ് അഭിപ്രായപ്പെട്ടു. ദൃഢമായ ബോധ്യങ്ങൾ സ്ഥാപിക്കപ്പെടണമെങ്കിൽ യുക്തിപരമായ അടിസ്ഥാനം വേണ്ടതുണ്ട്. ബോധപൂർവമോ അബോധപൂർവമോ ആയിക്കൊള്ളട്ടെ എല്ലാ ബോധ്യങ്ങളും ഉത്ഭവം കൊള്ളുന്നത് കാര്യകാരണ ബന്ധങ്ങളുടെ അടിസ്ഥാനത്തിലാവേണ്ടതുണ്ട്. ചുരുക്കത്തിൽ യഥാർഥ വിശ്വാസം മിത്തിനെ പോലെയാകാൻ പാടില്ലെന്ന്

സ്കോട്ടസ് വിശ്വസിച്ചു. യുക്തിപരവും മൂർത്തവുമായ അടിസ്ഥാനങ്ങളിൽ അത് മനസ്സിലാക്കപ്പെടണം. മനുഷ്യമനസ്സിൽ വിശ്വാസം ആദ്യമായി വേരുപിടിക്കുമ്പോൾ അത് ചില യുക്തിയുടെയും കാര്യകാരണബന്ധങ്ങളുടെയും പിൻബലമില്ലാതെ സംഭവിക്കുക സാധ്യമല്ല എന്ന് സ്കോട്ടസ് കരുതി. പക്ഷേ, കാലം കഴിഞ്ഞപ്പോൾ ആ ബന്ധം മാഞ്ഞുപോകുകയും യുക്തിയുടെ പിൻബലം കാണാതാവുകയും ചെയ്തു. പിന്നീടങ്ങോട്ട് വിശ്വാസം, യുക്തി എന്ന തൂണിന്റെ പിൻബലമില്ലാതെ അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുന്നതായിട്ടാണ് കാണപ്പെട്ടത്. എങ്കിലും കാലം തെളിയിക്കപ്പെട്ട വിശ്വാസത്തിന്റെ ഉറപ്പും ദാർഢ്യതയും സൂചിപ്പിക്കുന്നത് ഇത്തരത്തിൽ ഉയർന്ന തോതിലുള്ള അതിന്റെ വിശ്വസനീയത യുക്തിയും കാര്യകാരണങ്ങളും കൂടാതെ പ്രാപിക്കാൻ സാധ്യമല്ലെന്നാണ്.

ഉപസംഹാരത്തിൽ സ്കോട്ടസ് ഉപദേശിക്കുന്നത് ഒരാളുടെ വിശ്വാസത്തിന്റെ മൂല്യം കാലാകാലങ്ങളിൽ യുക്തിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടണമെന്നാണ്. രണ്ടും തമ്മിൽ സംഘട്ടനമുണ്ടാകുന്നുവെങ്കിൽ യുക്തിയുടെ പക്ഷം ചേരേണ്ടതാണ്. അതിനാൽ കാര്യകാരണ തത്ത്വത്തിന് എപ്പോഴും വിശ്വാസത്തിനു മീതെ ഒരു മേൽകൈ ഉണ്ടായിരിക്കും.

ഈ സമീപനം ന്യൂട്ടന്റെ* ത്രിത്വത്തോടുള്ള നിലപാടിന്റെ കാര്യത്തിൽ നല്ലത് പോലെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന് പാരമ്പര്യമായി ലഭിച്ച മതവീക്ഷണങ്ങൾബോധപൂർവവും ശാസ്ത്രീയമായ പരിശോധനക്ക് വിധേയമാക്കാതിരുന്ന കാലത്തോളം അദ്ദേഹം ഒരു ക്രിസ്തുമത ഭക്തനായി തുടർന്നു. പിൽക്കാലത്ത് അദ്ദേഹം തന്റെ വിശ്വാസം യുക്തിപരമായ പരിശോധനക്കും ഹേതുവാദ വിശകലനത്തിനും വിധേയമാക്കിയപ്പോൾ ത്രിത്വ വിശ്വാസം നിഷേധിക്കുന്ന തീരുമാനമല്ലാതെ മറ്റൊന്നിലും എത്തിച്ചേരാൻ അദ്ദേഹത്തിനായില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ത്രിത്വസിദ്ധാന്തം യുക്തിപരമായ പരിശോധനയിൽ പരാജയപ്പെടുകയാണുണ്ടായത്.

അങ്ങനെ ക്രിസ്തുസഭയുടെ അപ്രീതിക്ക് പാത്രമായി കുരിശിന്റെ ബലിപീഠത്തിൽ ഹോമിക്കപ്പെട്ട എക്കാലത്തെയും വലിയ ശാസ്ത്രജ്ഞനായി അദ്ദേഹം മാറി. ന്യൂട്ടന്റെ പ്രതിഭാശേഷിയോടുള്ള ആദരവെന്നോണം അദ്ദേഹം കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ കോളേജ് ഓഫ് ദ ഹോളി ആൻഡ് അൺഡിവൈഡഡ് ട്രിനിറ്റി (College of the Holy and undivided Trinity) ഫെല്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ആ സ്ഥാനത്ത് അദ്ദേഹം വർഷങ്ങളോളം വിരാജിച്ചു. എന്നിരുന്നാലും 1675ൽ ന്യൂട്ടനോട് രണ്ടിൽ ഏതെങ്കിലുമൊരു തീരുമാനം കൈക്കൊള്ളുവാൻ കൽപിക്കപ്പെടുകയുണ്ടായി. അതായത് ഒന്നുകിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളിൽ ഉറച്ച് നിന്നുകൊണ്ട് ആ സ്ഥാനത്ത് നിന്നും ഒഴിഞ്ഞു പോവുക. അല്ലാത്തപക്ഷം തന്റെ അഭിപ്രായങ്ങൾ മാറ്റി വെച്ച് ഇതിന് മുമ്പേ ചെയ്തത് പോലെ യഥാസ്ഥിതികത്വം തുറന്ന് പ്രഖ്യാപിച്ചുകൊണ്ട് സത്യപ്രതിജ്ഞ ചെയ്ത് ഫെല്ലോഷിപ്പ് സ്വീകരിക്കുക.

'ദ ഹോളി ആന്റ് അൺഡിവൈഡഡ് ട്രിനിറ്റി' അദ്ദേഹത്തിനു മുമ്പിൽ ഒരു പ്രലോഭനം പോലെ നിൽക്കുന്നുണ്ടായിരുന്നു. ത്രിത്വം അംഗീകരിക്കാതെ അദ്ദേഹം തന്റെ നിഷേധത്തിൽ ഉറച്ചു നിന്നതിനാൽ അദ്ദേഹത്തിന് ഫെല്ലോഷിപ്പ് നഷ്ടപ്പെടുക മാത്രമല്ല ആകർഷകമായ 60 പൗണ്ട് വാർഷിക സ്റ്റൈപന്റ് നഷ്ടപ്പെടുകയും ചെയ്തു. തീർച്ചയായും അക്കാലത്തെ മൂല്യവുമായി താരതമ്യം ചെയ്യുമ്പോൾ അതൊരു നിസ്സാര തുകയായിരുന്നില്ല. മതനിന്ദ ആരോപിക്കപ്പെട്ട അദ്ദേഹത്തിന് ഫെല്ലോഷിപ്പും യൂണിവേഴ്സിറ്റിയുടെ അദ്ധ്യക്ഷസ്ഥാനവും നഷ്ടപ്പെട്ടു. ദൈവനിന്ദ ആരോപിക്കപ്പെടാനുള്ള ഒരു പ്രധാന കാരണം ന്യൂട്ടന്റെ അഭിപ്രായത്തിൽ യേശുവിനെ ആരാധിക്കുന്നത് ബിംബാരാധന പോലെയുള്ള ഒരു കാര്യമായിരുന്നു. അത് അടിസ്ഥാനപരമായ ഒരു പാപമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ആർ. എസ് വെസ്റ്റ്ഫാൾ (R.S Westfall)ന്യൂട്ടനെ സംബന്ധിച്ച് എഴുതുന്നു.

> 'ദൈവത്തിനും മനുഷ്യവംശത്തിനും ഇടയിലുള്ള ദിവ്യനായ ഒരു മദ്ധ്യവർത്തിയായിക്കൊണ്ടാണ് അദ്ദേഹം (ന്യൂട്ടൺ) യേശുവിനെ അംഗീകരിച്ചത്. അദ്ദേഹത്തെ (ന്യൂട്ടനെ) സൃഷ്ടിച്ച പിതാവിനേക്കാൾ(ദൈവത്തേക്കാൾ) പദവിയിൽ താഴ്ന്ന ആളായിരുന്നു യേശു എന്നാണ് അദ്ദേഹം കരുതിയത്.'
>
> 'നാലും അഞ്ചും നൂറ്റാണ്ടുകളിൽ വമ്പിച്ച തോതിൽ നടത്തിയ കൃത്രിമങ്ങൾ ആദിമ സഭയുടെ പൈതൃകത്തെ വികൃതമാക്കി എന്നു ക്രമേണ അദ്ദേഹ

---

✱ **സർ ഐസക്ക് ന്യൂട്ടൺ** (Sir Issac Newton ക്രി.വ 1642 - 1727): ഇംഗ്ലണ്ടിൽ ജനിക്കുകയും ഭൗതിക ശാസ്ത്രത്തെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയും ചെയ്ത യുഗപരിവർത്തനകാരിയായ ഭൗതിക ശാസ്ത്രജ്ഞൻ. അദ്ദേഹം ഗുരുത്വാകർഷണബലം അവതരിപ്പിക്കുകയും ഗ്രഹചലനങ്ങളെ അതിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുകയും ചെയ്തു. ന്യൂട്ടന്റെ ചലന സിദ്ധാന്തങ്ങൾ പ്രശസ്തമാണ്. കലനം (Calculus) എന്ന ഗണിത ശാസ്ത്രശാഖയും ഇദ്ദേഹം വികസിപ്പിച്ചിട്ടുണ്ട്. ഭൗതിക ശാസ്ത്രത്തിന്റെ നിരവധി മണ്ഡലങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച അദ്ദേഹത്തിന്റെ 'ഫിലോസഫൈൻ നാചറലിസ്റ്റ് പ്രിൻസിപ്പിയ മാത്തമാറ്റിക്ക' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെ(1687) അദ്ദേഹം പ്രശസ്തിയുടെ കൊടുമുടിയിലെത്തി(വിവ:).

ത്തിന് (ന്യൂട്ടന്) ബോദ്ധ്യമായി. വേദപുസ്തകത്തിലെ മുഖ്യമായ കൃത്രിമം ത്രിത്വത്തിനനുകൂലമായി നടത്തിയ കൃത്രിമങ്ങളാണെന്ന് ന്യൂട്ടൺ വിശ്വസിച്ചു.അദ്ദേഹത്തിന്റെ ആ ഉറച്ച അഭിപ്രായങ്ങൾ എപ്പോഴാണ് അദ്ദേഹത്തിൽ ശക്തിപ്പെട്ടതെന്ന് കൃത്യമായി പറയാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ ഒറിജിനൽ കുറിപ്പുകൾ ആദ്യം തന്നെ അദ്ദേഹം സംശയാലുവാണെന്ന് തെളിയിക്കുന്നതാണ്. സംശയങ്ങളുമായി മൗനം ദീക്ഷിച്ച് അദ്ദേഹം ദൂരെ ഇരുന്നുവെങ്കിലും പിന്നീട് ആ സംശയങ്ങൾ അദ്ദേഹത്തെ പൂർണമായും ഗ്രസിക്കുകയായിരുന്നു.'

അതിൽ പിന്നെ, ക്രിസ്തുമത വിശ്വാസത്തിന്റെ മൂല്യം നിർണയിക്കാൻ അദ്ദേഹം നടത്തിയ നിഷ്പക്ഷവും സത്യസന്ധവുമായ ഗവേഷണങ്ങളാണ് അദ്ദേഹത്തിന്റെ, ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസത്തിനും ത്രിത്വത്തിന്റെ നിഷേധത്തിനുമുള്ള അടിസ്ഥാനം. അദ്ദേഹത്തിന്റെ പേഴ്സണൽ ബൈബിളിന്റെ മാർജിനിൽ നിരവധി കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ഒന്ന് ഇപ്രകാരമാണ്.

"അതുകൊണ്ട് പിതാവ് പുത്രന്റെ ദൈവത്തെ പോലെയുള്ള ദൈവമാണ് (പുത്രൻ അങ്ങനെ കണക്കാക്കപ്പെടുമ്പോൾ)"

വെസ്റ്റ്ഫാൾ ഇങ്ങനെ അവസാനിപ്പിക്കുന്നു.

"ന്യൂട്ടന്റെ ദൈവശാസ്ത്ര പഠനങ്ങളുടെ ആദ്യത്തെ ഫലം ഏറെക്കുറെ ക്രിസ്തുവിന്റെ സ്ഥാനത്തെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചുമുള്ള സന്ദേഹങ്ങളായിരുന്നു."

വിശ്വാസവും യുക്തിയും തമ്മിലുള്ള കാലപ്പഴക്കമുള്ള തർക്ക വിഷയത്തിൽ നവോത്ഥാന കാലഘട്ടത്തിൽ നൂതനമായൊരു താൽപര്യം ജനിക്കുകയുണ്ടായി. ആ താൽപര്യം വിപുലമായ അടിസ്ഥാനത്തിലുള്ളതായിരുന്നു. അക്കാലത്ത് വിശ്വാസത്തിന്റെ പതാക ഉയർത്തിപ്പിടിക്കാനുള്ള നിയോഗം ഏറിയ പങ്കും റീനെ ദെക്കാർത്തെ*ക്കായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പ്രശ്നം ക്രിസ്തുമതവും യുക്തിയും തമ്മിലുള്ള തർക്കം എന്ന നിലക്കായിരുന്നില്ല. മനുഷ്യ ധിഷണയുടെ തത്ത്വശാസ്ത്രപരമായ അലച്ചിലിന്റെ ആ കാലഘട്ടത്തിൽ ദൈവവിശ്വാസത്തിനു നേരെ ഉന്നയിച്ച ഒരു പ്രശ്നമായാണ് ദെക്കാർത്തെ അതിനെ കണ്ടത്.

റീനെ ദെക്കാർത്തെ അസാമാന്യ ബുദ്ധി കൂർമതയുള്ള ഒരു താർക്കികനായിരുന്നു. അദ്ദേഹം ദൈവവിശ്വാസി മാത്രമായിരുന്നില്ല. ദൈവത്തിലേക്ക് നയിക്കാൻ നിർഭയനായി യുക്തിയെ അവലംബമാക്കിയ തത്ത്വശാസ്ത്രജ്ഞൻമാരിൽ ആദ്യത്തെയാളുമായിരുന്നു. ഭാഗ്യമെന്ന് പറയട്ടെ ത്രിത്വത്തിന്റെ യുക്തിയെ സംബന്ധിച്ച ചർച്ചകളിലേക്ക് താൻ വലിച്ചിഴക്കപ്പെടാൻ അദ്ദേഹം വിസമ്മതിച്ചു. അദ്ദേഹം തെളിയിച്ചത് ഒരു പരമോന്നത ശക്തിയുടെ അസ്തിത്വമായിരുന്നു. ഒരു പക്ഷേ, പ്രചുര പ്രചാരം സിദ്ധിച്ച ത്രിത്വമെന്ന ക്രിസ്തു മത സിദ്ധാന്തത്തിനെതിരെ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും നിഷേധമുണ്ടായത് കൊണ്ടാണ് അക്കാലത്തെ വിശ്വാസികളായ ബുദ്ധിജീവികളിൽ അദ്ദേഹത്തിന് ബഹുമാന്യമായ സ്ഥാനം നഷ്ടപ്പെട്ടത്. 'ഫിലോസഫി' എന്ന പുസ്തകത്തിൽ (Philosophy -J Gutman) അദ്ദേഹത്തിന്റെ ഈ അവസ്ഥ വിവരിക്കുന്നുണ്ട്.

ഇവിടെ വെളിപാടുകളിൽ വിശ്വസിച്ച ആസ്തിക്യ വാദിയായിരുന്ന ദെക്കാർത്തെയെ അത്തരത്തിൽ ഒരു വിശ്വാസിയായിട്ടല്ല ചിത്രീകരിക്കപ്പെട്ടത്. എന്നാൽ വെളിപാടിന്റെ അടിസ്ഥാനത്തിലുള്ള ഒരു ആസ്തിക്യവാദിയാണ് താൻ എന്ന സന്ദേശം ധ്വനിപ്പിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ക്രിസ്തുമതത്തോട് അദ്ദേഹം സ്വീകരിച്ച യുക്തിപരമായ അവഗണന കാരണം അദ്ദേഹത്തിന് തക്കതായ പ്രതിഫലം ലഭിച്ചു!

നിർഭാഗ്യകരമെന്ന് പറയട്ടെ, ദൈവത്തിനെതിരെയുള്ള വിപ്ലവം ക്രിസ്തുമതത്തെ സമൂഹമദ്ധ്യത്തിൽ അപകീർത്തിപ്പെടുത്തിയത്ര പുരോഹിതൻമാരുടെ മതവികാരത്തെ മറ്റൊന്നും തന്നെ വ്രണപ്പെടുത്തിയിരുന്നില്ല. അസാമാന്യമായ നിലയിൽ ഉന്നത നിലവാരം പുലർത്തിയിരുന്ന തത്ത്വശാസ്ത്രജ്ഞനും ഗണിതജ്ഞനുമായിരുന്നിട്ടും ദെക്കാർത്തെ വേണ്ട വിധം ആദരിക്കപ്പെട്ടില്ല എന്നത് ഒരു ദുരന്തമാണ്. അദ്ദേഹം ഒരു സൈദ്ധാന്തിക തത്ത്വശാസ്ത്രജ്ഞൻ മാത്രമായിരുന്നില്ല. പൈത്തഗോറസിന്റെ (ക്രി.മു 580-500) ജ്യാമിതീയ (Geometry) ഗണിത സംബന്ധിയായ രചനകളെ അഭൂതപൂർവമാം വിധം മുന്നോട്ടു കൊണ്ടുപോയ അത്യുന്നതനായ ജ്യാമിതീയ ഗണിതശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം. ജ്യാമിതിയിൽ പ്രഥമഗണനീയമായ നിരവധി കൃതികൾ ഉൾക്കൊള്ളുന്ന ദെക്കാർത്തെയുടെ സമൂർത്തമായ സംഭാവനകളെക്കുറിച്ചോർക്കുമ്പോൾ അദ്ദേഹത്തിന്റെ മഹത്ത്വത്തിന് മുമ്പിൽ ശിരസ്സ് കുനിഞ്ഞ് പോവും.

തത്ത്വശാസ്ത്രത്തിൽ ഗണിത

**✱റീനെ ദെക്കാർത്തെ** (Rene Descartes ക്രി.വ 1596-1650): ഫ്രഞ്ച് ദാർശനികനും ഗണിതജ്ഞനുമായിരുന്ന ദെക്കാർത്തെ നെതർലാന്റിലാണ് കൂടുതൽകാലം ചെലവഴിച്ചത്. കാർട്ടീസിയൻ ഫിലോസഫി എന്നാണ് അദ്ദേഹത്തിന്റെ തത്ത്വചിന്തകൾ അറിയപ്പെടുന്നത്. 'ഡിസ്കോഴ്സസ് ഇൻ ഫിലോസഫി' എന്ന പ്രശസ്തമായ തത്ത്വശാസ്ത്ര ഗ്രന്ഥം രചിച്ച ദെക്കാർത്തെ ഗണിത ശാസ്ത്രത്തിലെ അനലറ്റിക്കൽ ജ്യോമട്രിയുടെ ഉപജ്ഞാതാവാണ്.(വിവ:)

ദൈവാസ്തിത്വത്തെ സംബന്ധിച്ച് ദെക്കാർത്തെ ഉന്നയിച്ച തത്ത്വശാസ്ത്രപരമായ തെളിവുകൾ തുടർന്നുവന്ന തത്ത്വശാസ്ത്രജ്ഞൻമാരുടെ തലമുറകൾക്ക് സ്വീകാര്യമായിരുന്നാലും ഇല്ലെങ്കിലും ശരി ചുരുങ്ങിയ പക്ഷം അദ്ദേഹത്തിൽ അവർ അഗാധമായി സ്വാധീനിക്കപ്പെട്ടിരുന്നു. പിന്നീട് വന്ന ചിന്തകൻമാർ ദൈവാസ്തിത്വത്തെ അനുകൂലിക്കുന്നതിനും എതിർക്കുന്നതിനും തർക്കശാസ്ത്രത്തെ ഉപയോഗിച്ചു. തുടർന്നുണ്ടായ ഇത്തരത്തിലുള്ള പ്രവണതകളുടെ ഫലമായിട്ടാണ് ദ്വന്ദാത്മക ഭൗതികവാദം (Dialectical Materialism) ആവിർഭവിച്ചത്.

പ്രതിഭാസത്തിന്റെയും യുക്തിയുടെയും അതിർത്തികൾ മതത്തിന്റെയും വിശ്വാസത്തിന്റെയും പൊതു അതിർത്തികളുമായി പങ്ക് വെക്കുന്നില്ല എന്ന് ജോൺ ലോക്ക്*, ബെർക്കലി, * ഹ്യൂം* എന്നിവർ പതിനേഴാം നൂറ്റാണ്ടിൽ വേർതിരിച്ചു കാണിക്കുന്നത് വരെ ഈ രീതിയിൽ തർക്കശാസ്ത്രം ദൈവാസ്തിത്വത്തിന് അനുകൂലമായും പ്രതികൂലമായും ഉപയോഗിക്കപ്പെട്ടു. ഈ തത്ത്വപരമായ വാദമുഖങ്ങളവതരിപ്പിക്കുക എന്ന പ്രവണതക്ക് ആദ്യമായി തുടക്കം കുറിച്ചത് ദെക്കാർത്തെയാണ് എന്ന വസ്തുത അദ്ദേഹത്തിന്റെ മഹത്ത്വത്തിന്റെ മറ്റൊരു കീർത്തി മുദ്രയാണ്. സത്യത്തെ സംബന്ധിച്ചും കേവലത്വത്തെ (Absolutness)സംബന്ധിച്ചുമുള്ള അദ്ദേഹത്തിന്റെ സങ്കൽപം ആരംഭിക്കുന്നത് ആത്മാവബോധത്തിൽ (Self Consciousness) നിന്നാണ്. അദ്ദേഹത്തിന്റെ സത്യപരിശോധനാ രീതി ഒരാൾ എന്തെങ്കിലും ഒരു കാര്യം കാണുമ്പോഴോ കേൾക്കുമ്പോഴോ ഉടൻ ഉണ്ടാവുന്ന ആദ്യത്തെ മനോഭാവവുമായി ബന്ധപ്പെട്ടതാണ്. അതായത് ഒരു കാര്യത്തിൽ സത്യത്തിന്റെ മാനദണ്ഡം ആരോപിക്കുന്നതിൽ പരാജയം സംഭവിച്ചാൽ ഉടൻ തന്നെ ആ കാര്യം സംശയിക്കപ്പെടാനുള്ള അർഹത സ്വയം നേടുന്നു എന്നതാണ് ദെക്കാർത്തെയുടെ വാദം. മറ്റു വാക്കുകളിൽ പറഞ്ഞാൽ വൈരുദ്ധ്യാത്മകമായ വാദഗതികളില്ലാതെ ഒരാൾക്ക് സത്യമാണെന്ന് വിശ്വസിക്കാൻ കഴിയുന്ന ഒരു കാര്യം സ്പഷ്ടമായ സത്യമാണെന്ന് കരുതി സ്വീകരിക്കാം. ഈ തർക്കശാസ്ത്രം സ്വന്തം ആത്മബോധത്തിൽ ആരോപിക്കുമ്പോൾ ഈ വാദത്തിന് ഇപ്രകാരം ഒരു പരാവർത്തനം ലഭിക്കുന്നു. ഞാൻ ചിന്തിക്കുന്നു എന്ന കാരണത്താൽ ഞാൻ ഉണ്ട് .അതായത് യാതൊരു താർക്കിക യുക്തിയുടെയും പിന്തുണയില്ലാതെ ഞാൻ ലളിതമായ ഈ സത്യപ്രസ്താവനയെ പിന്തുണക്കുന്നു എന്ന്. ആയതിനാൽ തീർച്ചയായും ഞാൻ ഉണ്ട്.

അപ്രകാരം ഇത് പ്രഥമവും പ്രധാനവുമായ ഒരു സ്പഷ്ട സത്യമായിത്തീരുന്നു. ഇത് സംബന്ധമായി ദെക്കാർത്തെ ലളിത സുന്ദരമായ ഒരു ശൈലി രൂപപ്പെടുത്തിയത് ഇപ്രകാരമായിരുന്നു *'ഞാൻ ചിന്തിക്കുന്നു എന്നതിനാൽ ഞാൻ ഉണ്ട്'* (*Cogito, ergo sum meaning- I think therefore I am*) ഈ ആദ്യസത്യത്തിനു ശേഷം അദ്ദേഹം അംഗീകരിച്ച രണ്ടാമത്തെ സത്യം ദൈവത്തിന്റെ അസ്തിത്വമായിരുന്നു. ദൈവാസ്തിത്വമെന്ന ആശയം തന്നെ തന്റെ അസ്തിത്വത്തിനുള്ള മതിയായ തെളിവാണെന്ന് അദ്ദേഹം ഗണിത ശാസ്ത്രപരമായി കണക്ക് കൂട്ടി തെളിയിച്ചുകാട്ടി. അതായത് ഒരു ത്രികോണത്തിന്റെ മൂന്ന് കോണുകളുടെ അളവുകൾ രണ്ട് മട്ടകോണുകളുടെ (Right angle) അളവുകൾക്ക് തുല്യമാണെന്നത് പോലെ.

ശേഷം പേജ് 42ൽ

**✱ജോൺ ലോക്ക്** ( John Lock **ക്രി.വ 1632-1704**): ഇംഗ്ലീഷ് ദാർശനികൻ. ഇദ്ദേഹത്തിന്റെ രചനകൾ യൂറോപ്യൻ നവോത്ഥാനത്തിന് സഹായകമായി. എസ്സെ കൺസേർണിങ്ങ് ഹ്യൂമൻ അണ്ടർസ്റ്റാൻഡിംങ്ങ്, എ ലൈറ്റർ കൺസേർണിങ്ങ് ടോളറേഷൻ, ദ റീസണബിൾസ് ഓഫ് ക്രിസ്ത്യാനിറ്റി എന്നിവയാണ് മുഖ്യകൃതികൾ(വിവ:)

**✱ബെർക്കലി** ( George Berkeley **ക്രി.വ 1685 -1753**): ഐറിഷ് ദാർശനികനും പുരോഹിതനുമായ ബെർക്കലി ആധുനിക ആശയവാദത്തിന്റെ ആചാര്യനായി ഗണിക്കപ്പെടുന്നു.(വിവ:)

**✱ഡേവിഡ് ഹ്യൂം** ( David Hume **ക്രി.വ 1711–1770**): സ്കോട്ടിഷ് ചരിത്രകാരനും ദാർശനികനുമായ ഹ്യൂം സന്ദേഹവാദത്തിന്റെ ആചാര്യനായി ഗണിക്കപ്പെടുന്നു.(വിവ:)

**✱ഷാൻ ഷാക് റൂസ്സോ** (Jean Jacque Rousseau **ക്രി.വ 1712 –1778**): ഫ്രഞ്ച് ദാർശനികൻ. സ്വിറ്റ്സർലണ്ടിൽ ജനിച്ച റൂസ്സോ ഫ്രഞ്ച് വിപ്ലവത്തെ അഗാധമായി സ്വാധീനിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ പ്രശസ്ത കൃതിയാണ് സോഷ്യൽ കോൺട്രാക്റ്റ്. കൺഫെഷൻസ് ആണ് മറ്റൊരു കൃതി. പാരീസിലെ ഒരു മനോരോഗാശുപത്രിയിൽ വെച്ചാണ് റൂസ്സോ മരിച്ചത്(വിവ:)

**✱ഫ്രെഡ്രറിക് നീഷേ** (Friedrich Nietszche **ക്രി.വ 1844 -1900**): ജർമൻ ദാർശനികൻ.നിലവിലുള്ള മതരാഷ്ട്രീയ തത്ത്വസംഹിതകൾ മനുഷ്യന്റെ സ്വതന്ത്രമായ വളർച്ചയ്ക്ക് തടസ്സമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ആയതിനാൽ അതിനെയൊക്കെ അതിനിശിതമായി വിമർശിക്കുകയും നിഷേധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സാധാരണ ജനങ്ങൾ പരമ്പരാഗത മാതൃകയിൽ ജീവിതം ഒടുക്കുന്നു. അതിമാനുഷൻ (Superman) പൂർണ സ്വാതന്ത്ര്യത്തിന് അവസരം കണ്ടെത്തുന്നു. ക്രിസ്തുമതത്തെയും ധാർമിക സംഹിതകളെയും കടന്നാക്രമിച്ച നീഷേ ഒരു മാസ്റ്റർ മൊറാലിറ്റിയാണ് ശിപാർശ ചെയ്തത്. ഫാഷിസത്തിന്റെ ആശയ രൂപീകരണത്തിന് നീഷേയുടെ തത്ത്വശാസ്ത്രം ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ജീവിതത്തിലുടനീളം രോഗാതുരനായിരുന്നു നിഷേ. ഇടക്ക് ബാധിച്ച മാനസികാസ്വാസ്ഥ്യത്തിൽ നിന്നും അദ്ദേഹം ഒരിക്കലും വിമുക്തനായിരുന്നില്ല (വിവ:)

# സൃഷ്ടിവാദവും പരിണാമ വാദവും

സൃഷ്ടിവാദവും പരിണാമവാദവും തമ്മിലുള്ള തർക്കത്തിൽ ഖുർആൻ പരിണാമവാദത്തി ന്റെ പക്ഷത്താണ് നിൽക്കുന്നത്. ബൈബിളിലെ ആദമിന്റെ സൃഷ്ടി കഥയെ അനുകരിച്ച് മിക്ക വ്യാഖ്യാതാക്കളും ഖുർആൻ വചനങ്ങളെ തെറ്റിദ്ധരിക്കുകയായിരുന്നു. നാസ്തികരായ പരിണാമവാദികൾ ഉയർത്തുന്ന അയുക്തികമായ ആകസ്മികതാവാദം ഖുർആൻ തള്ളിക്കളയുന്നു.

**ഹസ്സൻ ഖാൻ**

ഈ അടുത്തകാലത്തായി സൃഷ്ടിവാദികളും പരിണാമവാദികളും തമ്മിലുള്ള തർക്കത്തിന് വളരെയേറെ മാധ്യമ ശ്രദ്ധ ലഭിക്കുകയുണ്ടായി. യൂറോപ്പിലും അമേരിക്കയിലും ക്രിസ്ത്യൻ മതമൗലിക വാദികൾ പരിണാമവാദത്തിന്റെ സാധ്യതയെ ചോദ്യം ചെയ്യുന്നു. പരിണാമവാദം പഠിപ്പിക്കുന്ന സ്കൂൾ സിലബസ്സുകൾ അവർ മാറ്റിയെഴുതാൻ ശ്രമിക്കുകയും കോടതികളിൽ പരിണാമവാദം പഠിപ്പിക്കുന്നതിനെതിരെ കേസ് കൊടുക്കുകയും ചെയ്യുന്നു. നാസ്തികർ അവരുടെ രീതിയനുസരിച്ച് ക്രിസ്തുമതത്തെയും മറ്റു മതങ്ങളെയും വിമർശിക്കാൻ പരിണാമവാദം ഉപയോഗിക്കുന്നു. ഈയ്യൊരു വിവാദം ശാസ്ത്രവും മതവും തമ്മിലുള്ള തർക്കത്തിന്റെ ഒരു ക്ലാസിക്ക് ഉദാഹരണമായി ചിത്രീകരിക്കപ്പെടുന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹിന്റെയും മറ്റ് അഹ്മദിയ്യാ പണ്ഡിതന്മാരുടെയും സുചിന്ത്യമായ നിലപാട് ദൈവത്തിന്റെ പ്രവർത്തിയും ദൈവത്തിന്റെ വാക്കും തമ്മിൽ യാതൊരു വൈരുദ്ധ്യവും ഉണ്ടാകാൻ പാടില്ല എന്നതാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ പ്രകൃതി നിയമവും അഥവാ ദൈവത്തിന്റെ പ്രവർത്തിയും ഇസ്‌ലാം മതത്തിന്റെ വിശുദ്ധ ഗ്രന്ഥവും തമ്മിൽ പരസ്പര വൈരുദ്ധ്യങ്ങളുണ്ടാകാൻ പാടില്ല എന്നാണ്. എന്തെങ്കിലും രീതിയിലുള്ള തർക്കങ്ങൾ ഉടലെടുക്കുന്നു എന്നതിനർത്ഥം മതഗ്രന്ഥമോ പ്രകൃതി ശാസ്ത്രമോ ഏതെങ്കിലുമൊന്ന് തെറ്റിദ്ധരിക്കപെട്ടിരിക്കുന്നു എന്നാണ്. ഈ വിവാദത്തിന്റെ മൂലകാരണമെന്താണ്? മനുഷ്യ സൃഷ്ടി സംബന്ധിച്ച് രണ്ട് വീക്ഷണങ്ങളാണ് മുഖ്യമായുള്ളത്. ഒന്ന് സൃഷ്ടിവാദവും മറ്റൊന്ന് പരിണാമവാദവും.

സൃഷ്ടിവാദം എന്നാൽ ദൈവം പ്രപഞ്ചത്തെ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ചുവെന്നും വിവിധ തരത്തിലുള്ള സസ്യങ്ങളെയും ജീവികളെയും മനുഷ്യനെയും അതിൽ ഉൽപ്പാദിപ്പിച്ചു പ്രതിഷ്ഠിച്ചുവെന്നുമാണ്. ഇതെങ്ങനെ സംഭവിച്ചുവെന്നതിനെക്കുറിച്ച് സൃഷ്ടിവാദികൾക്കിടയിൽ നിരവധി അഭിപ്രായ വ്യത്യാസങ്ങളുണ്ട്. എന്തായിരുന്നാലും കേന്ദ്രആശയം ഒന്നുതന്നെയാണ്. അതായത് എന്തെങ്കിലും പ്രകൃത്യാതീതമായ അത്ഭുതസംഭവത്തിലൂടെയാണ് സൃഷ്ടി നിലവിൽ വന്നത്. എന്നാൽ പരിണാമവാദം പറയുന്നത് നമുക്ക് ചുറ്റും കാണുന്ന വിവിധങ്ങളായ ജീവിരൂപങ്ങൾ പ്രകൃതി പ്രതിഭാസത്തിലൂടെയാണ് നിലവിൽ വന്നത് എന്നാണ്. മനുഷ്യനെ പോലെ അതിസങ്കീർണമായ ജീവികൾ ലളിതമായ ജീവി രൂപങ്ങളിൽ നിന്നും തുടങ്ങി നിരവധി ചെറിയ പരിവർത്തനങ്ങളിലൂടെ ദീർഘ കാലം കൊണ്ട് രൂപപെട്ടതാണ്. 1859 ൽ ചാൾസ് ഡാർവിന്റെ പരിണാമ വാദം ന്യൂട്ടന്റെ ചലന നിയമം പോലെയോ ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തം പോലെയോ ക്വാണ്ടം മെക്കാനിക്സ് പോലെയോ ഉള്ള വളരെ മൂർത്തമായ ഒരു ശാസ്ത്രമാണെന്ന് കരുതിയിരുന്നു.

### ശാസ്ത്രമോ തത്ത്വശാസ്ത്രമോ?

എല്ലാ ശാസ്ത്ര സിദ്ധാന്തങ്ങളെയും പോലെ പരിണാമവാദവും ദൈവാസ്തിത്വത്തെ സംബന്ധിച്ച് യാതൊരു പ്രവചനവും നടത്തുന്നില്ല. ചില നിരീക്ഷിത സത്യങ്ങൾ വളരെ ലളിതമായി പ്രതിപാദിക്കുക മാത്രമാണ് ചെയ്യുന്നത്. എല്ലാ കാലത്തുമുള്ള തത്ത്വശാസ്ത്രജ്ഞന്മാർ അവരുടെ നിക്ഷിപ്തമായ ഭൗതിക തത്ത്വശാസ്ത്രങ്ങൾക്ക് ശാസ്ത്രീയ ജ്ഞാനം ഉപയോഗിക്കുകയാണ് ചെയ്യുന്നത്. വസ്തുക്കളുടെ ചലനം വിശദീകരിക്കുന്ന ന്യൂട്ടന്റെ ചലന നിയമങ്ങൾ നിർണിത വാദത്തിന് (Theory of Determinism) ജന്മം നൽകി. ഈ തത്ത്വശാസ്ത്ര പ്രകാരം പ്രപഞ്ചത്തിൽ സംഭവിക്കുന്ന എല്ലാ പ്രതിഭാ

സങ്ങളും ഒരു കൂട്ടം ഗണിത ശാസ്ത്ര നിയമങ്ങൾക്കൊണ്ട് പ്രവചിക്കാൻ കഴിയുമെന്നാണ്. സ്വതന്ത്രമായ ഇച്ഛയോ ദൈവമോ നിലനിൽക്കുന്നില്ല. ദൈവം നില നിൽക്കുന്നുവെങ്കിൽ തന്നെ സംഭവ ങ്ങളുടെ ഗതിനിർണയിക്കുന്നതിൽ ദൈവത്തിന് യാതൊരു പങ്കുമില്ല. പ്രാർഥന കൊണ്ട് യാതൊന്നും മാറാൻ പോവുന്നുമില്ല. ഇവയൊ ക്കെയായിരുന്നു നിർണിത വാദ ത്തിന്റെ സിദ്ധാന്തങ്ങൾ.

യഥാർഥ ശാസ്ത്രീയ സിദ്ധാ ന്തങ്ങൾ ദൈവനിഷേധത്തിലേക്ക് നയിക്കുന്നില്ല. ബിഗ്ബാംഗ് തിയറി ദൈവാസ്തിത്വത്തിലേക്ക് സുശക്ത മായ തെളിവ് നൽകുകയാണ് ചെയ്യുന്നത്. ബിഗ് ബാംഗ് തിയറി പ്രകാരം പ്രപഞ്ചം അനശ്വരമല്ല. അതിന് തീർച്ചയായും ഒരു തുടക്കമുണ്ട്. ഒരു നിശ്ചിത സമയബിന്ദുവിൽ വെച്ചാണ് പ്ര പഞ്ചം തുടങ്ങുന്നത്. ക്വാണ്ടം തിയറി നിർണിതവാദത്തിനേറ്റ ഒരു പ്രഹരമായിരുന്നു. ക്വാണ്ടം സിദ്ധാ ന്തം പ്രകാരം പദാർഥത്തിന്റെ ഏറ്റവും അടിസ്ഥാന നിലയിൽ നിന്ന് നോക്കുമ്പോൾ വസ്തുവിന്റെ ഏറ്റവും സൂക്ഷ്മ കണത്തിന്റെ സമയവും സ്ഥലവും കൃത്യമായി പറയുക സാദ്ധ്യമല്ല. അതു കൊണ്ട് നമ്മുടെ പ്രപഞ്ചത്തിലെ സംഭവ ങ്ങൾ യാതൊരു ഭൗതിക നിയമ ത്തിന്റെയും അടിസ്ഥാനത്തിൽ പ്രവചിക്കാൻ സാദ്ധ്യമല്ല.

## പരിണാമവാദം മതത്തിന് ഹാനികരമോ?

പരിണാമവാദത്തിൽ നിന്ന് ആധുനിക ശാസ്ത്ര തത്ത്വജ്ഞാനി കൾ ഊഹിച്ചെടുത്ത വിവാദാത്മക മായ ആദ്യത്തെ നിഗമനം മതം മനുഷ്യ മനസ്സിന്റെ വെറും ഒരു കൃതിപ്പ് മാത്രമാണെന്നാണ്. ഉദാഹര ണമായി ക്രിസ്ത്യാനികളിലും മുസ്‌ലിംകളിലുംപെട്ട നിരവധിപേർ വിശ്വസിക്കുന്നത് ആദ്യത്തെ മനുഷ്യനായ ആദമിനെ ദൈവം പൊടിമണ്ണിൽ നിന്ന് സൃഷ്ടിച്ചു വെന്നും ദൈവം തന്റെ ചൈതന്യ ത്തെ ആദമിൽ ഊതിയെന്നും അപ്പോഴാണ് ആദം ജീവനുള്ള ദേഹിയായിത്തീർന്നതെന്നുമാണ്. ഈ വിശ്വാസം പരിണാമവാദത്തിന് കടകവിരുദ്ധമാണ്. അതുകൊണ്ട് ഈ രണ്ട് മതങ്ങളും അത്പോലെ മറ്റ് മതങ്ങളുടെയും വിശ്വാസം തെറ്റാ ണെന്ന് ശാസ്ത്രജ്ഞന്മാർ പറയു ന്നു.

എന്നാൽ ഇസ്‌ലാമിന്റെ പരിശു ദ്ധ മതഗ്രന്ഥമായ വിശുദ്ധ ഖുർആ ൻ ഒരിക്കലും ആദം ഭൂമിയിലൂടെ നടന്ന ആദ്യത്തെ മനുഷ്യനാണെ ന്ന് വിശേഷിപ്പിക്കുന്നില്ല. വാസ്തവ ത്തിൽ മുസ്‌ലിംകൾ അവരുടെ മതഗ്രന്ഥത്തെ തെറ്റിദ്ധരിച്ചിരിക്കയാ ണ്. ഘട്ടം ഘട്ടങ്ങളിലൂടെയാണ് സൃഷ്ടി സംഭവിച്ചതെന്ന് അഹ്മദി കളും അനഹ്മദികളുമായ നിരവധി മുസ്‌ലിംകളും ചൂണ്ടിക്കാണിച്ചിട്ടു ണ്ട്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശിറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ *'സയിറെ റൂഹാ നി'* എന്ന പുസ്തകത്തിൽ വിശുദ്ധ ഖുർആനിലെ ഒരു വചനം ഉദ്ധരിക്കുന്നുണ്ട്.

***നിങ്ങൾക്കെന്തുപറ്റി? അല്ലാ ഹുവിന്റെ മഹത്വം വക വെച്ചു കൊടുക്കാൻ നിങ്ങൾ ആഗ്രഹി ക്കുന്നില്ല, വാസ്തവത്തിൽ അവൻ നിങ്ങളെ പല ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുന്നു..... നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ല നിലയിൽ ഉൽപ്പാദിപ്പിച്ചു വളർത്തി യിരിക്കുന്നു. (71:14-18)***

മറ്റു വിശ്വാസങ്ങളിൽ കാണ പ്പെടുന്നത് പോലെ പരിണാമത്തി ന്റെ സുസ്ഥാപിത ശാസ്ത്ര വസ്തു തകളുമായി വൈരുദ്ധ്യമുള്ള പ്രസ്താവനകൾ ഖുർആനിൽ കാണുകയില്ല.

## പ്രപഞ്ചത്തിന് ഒരാസൂത്രകനില്ലേ?

പരിണാമവാദത്തിൽ അവർ ഊഹിച്ചെടുക്കുന്ന രണ്ടാമത്തെ നിഗമനം ദൈവം ഉണ്ടാകാൻ സാദ്ധ്യതയില്ല എന്നതാണ്. സർവ ശക്തനായ ഒരു ആസൂത്രകൻ ഉണ്ട് എന്ന വിശ്വാസത്തിൽ മാത്രമായി രുന്നു ഭൂമിയിലെ ജീവികളുടെ സങ്കീർണതകളും വൈവിധ്യങ്ങളും നൂറ്റാണ്ടുകളായി വിശദീകരിക്ക പ്പെട്ടിരുന്നത്. ഇന്ന് ജീവികളുടെ സൃഷ്ടിപ്പും അതിന്റെ സങ്കീർണ തകളും വിശദീകരിക്കുന്നത് പരിണാമവാദമാണ്. പരിണാമം ഒരു പ്രകൃതി പ്രക്രിയയായിട്ടാണ് വിവരിക്കപ്പെടുന്നത്. ആ പ്രക്രിയ യിലാകട്ടെ ലളിതമായ ജീവിരൂപ ങ്ങളിൽ നിന്ന് സങ്കീർണമായ ജീവികൾ ഉണ്ടാവുകയാണ് ചെയ്യു ന്നത്, അതുകൊണ്ട് ദൈവം ഇല്ല എന്ന നിഗമനത്തിൽ അവർ എത്തിച്ചേരുന്നു.

അത്തരം നിഗമനങ്ങൾ ആദ്യ മേതന്നെ നാസ്തികവാദം ഗ്രസിച്ച വരെ മാത്രമേ സ്വാധീനിക്കുക യുള്ളൂ. നാസ്തിക വാദം വിശദീ കരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ കൊണ്ട് കുഴങ്ങിയിരിക്കുകയാണ്. അയുക്തികമായ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിലു ള്ള നിഗമനങ്ങളാണ് അവർ നടത്തുന്നത്. നാസ്തികർ വാദിക്കു ന്നത് സങ്കീർണമായ ജീവികൾ ആവിർഭവിക്കുന്നത് പ്രകൃതി, പരിണാമ തത്ത്വം പിന്തുടരുന്നത് കൊണ്ടാണ് എന്നാണ്. ഈ തത്ത്വം ശാശ്വതമാണ്. അത് പ്രപഞ്ചത്തിൽ നില നിൽക്കുന്നതായി കാണുകയും ചെയ്യുന്നു എന്നും അവർ പറയു ന്നു. Revelation, Rationality, Knowledge and Truth എന്ന പുസ്തകത്തിൽ ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് മിർസാ ത്വാഹിർ അഹ്മദ് (റഹ്) എഴുതുന്നു: 'ഈ അജ്ഞാത ബോധാത്മകനായ സ്രഷ്ടാവിന് (ദൈവം) പകരം ഡാർവിനിസത്തിന്റെ അന്ധമായ സിദ്ധാന്തത്തെ പകരം വെക്കാനു ള്ള ശ്രമമാണ്. ഭൗതിക വാദത്തിന് വേണ്ടി തങ്ങളുടെ മഹത്തായ വിജ്ഞാനം സമർപ്പിച്ചവർക്ക് മാത്ര മേ ഇത്തരത്തിൽ ഒരു നിഗമനത്തി

പ്രവർത്തനം മാത്രം വിവരിക്കുന്ന ഒരു വിജ്ഞാന ശാഖയാണ്. ഇത്തരം അതിഭൗതിക കാര്യങ്ങളെ പറ്റി വിധി പറയാൻ ശാസ്ത്രത്തിനാവില്ല. എങ്കിലും ഭൗതിക തത്ത്വശാസ്ത്രജ്ഞൻമാരും മത പണ്ഡിതന്മാരും ശാസ്ത്രത്തിന്റെ കണ്ടെത്തലുകളിൽ നിന്ന് നിഗമനങ്ങളിലെത്തി അവരവരുടെ വിശ്വാസങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഇരുകൂട്ടരും അവരവരുടെ വാദങ്ങൾ നിരത്താൻ ആധുനിക ശാസ്ത്രത്തെ ഉപയോഗിക്കുന്നു. ഇങ്ങനെ പരസ്പരം സംവാദം നടത്തുന്നതിൽ യാതൊരു തെറ്റുമില്ല. വാസ്തവത്തിൽ ഖുർആൻ ബുദ്ധിമാന്മാരായ സത്യാന്വേഷികളെ നിരന്തരം പ്രോത്സാഹിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഖുർആൻ പറയുന്നു,

**'ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വഭാഗങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും. ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ).' 'ഞങ്ങളുടെ നാഥാ നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത് (അത്തരം നിഷ്പ്രയോജനകരമായ പ്രവർത്തികളിൽ നിന്നു) നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ '(3:191-192)**

വാദമുഖങ്ങൾ മതത്തിന് അനുകൂലമായും എതിരായും ഉപയോഗിക്കപ്പെടുന്നുണ്ട് എന്ന് മാത്രം. പരിണാമം തുടക്കം മുതൽ രണ്ടാമതും ആരംഭിച്ചാൽ എന്ത് സംഭവിക്കുമെന്ന് ആർക്കും ഖണ്ഡിതമായി പറയാൻ സാധ്യമല്ല.

### ഉപസംഹാരം

മതവും ശാസ്ത്രവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. ചുരുങ്ങിയത് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് പഠിപ്പിച്ചു ഇസ്‌ലാം മതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യങ്ങളില്ല. അതിന്റെ ഫലമായി അഹ്മദികൾ വിശ്വസിക്കുന്നത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് പരിണാമത്തിന്റെ ക്രമികമായ പ്രക്രിയയിലൂടെയാണ് എന്നാണ്. ആദം ഒരിക്കലും ആദ്യത്തെ മനുഷ്യനായിരുന്നില്ല അദ്ദേഹം ആദ്യത്തെ പ്രവാചകനായിരുന്നു. അതേസമയം പ്രപഞ്ചം സൃഷ്ടിച്ചത് പ്രകൃതി നിയമങ്ങളിലൂടെ അതിനെ പരിപാലിക്കുന്ന സർവശക്തനും സർവജ്ഞാനിയുമായ ദൈവമാണെന്നും അഹ്മദികൾ വിശ്വസിക്കുന്നു. ദൈവത്തോട് ആത്മാർഥമായി പ്രാർഥിക്കുകയാണെങ്കിൽ അവന്റെ പ്രാർഥനക്ക് ദൈവം ഉത്തരം നൽകുമെന്നും അഹ്മദികൾ വിശ്വസിക്കുന്നു.

ചുരുക്കത്തിൽ ദൈവം ഉണ്ടോ? എന്തു കൊണ്ട് നമ്മൾ സൃഷ്ടിക്കപ്പെട്ടു? എന്നീ ചോദ്യങ്ങൾ ശാസ്ത്രത്തിന്റെ പരിധിക്കപ്പുറത്തുള്ള ചോദ്യങ്ങളാണ്. ശാസ്ത്രം ഭൗതിക വസ്തുക്കളുടെ പ്രതി

ലെത്തിച്ചേരാൻ സാദ്ധ്യമാവു. ദൈവം എന്ന യാഥാർഥ്യത്തിൽ നിന്ന് ഓടിരക്ഷപ്പെടാനുള്ള നൈമിഷികമായ ഒരു പാഴ്ശ്രമം മാത്രമാണിത്. ചുരുക്കത്തിൽ പ്രപഞ്ചം ഭരിക്കപ്പെടുന്നത് ദൈവത്താലല്ല മറിച്ച് പരിണാമവാദം പോലെയുള്ള അബോധാത്മകമായ ശാസ്ത്രീയ തത്ത്വം മുഖേനയാണെന്ന സത്യം സ്ഥാപിക്കാൻ പരിണാമവാദത്തിന് ഒരിക്കലുമാവില്ല.

### മനുഷ്യന്റെ അസ്തിത്വം പ്രകൃതിയിലെ യാദൃച്ഛിക സംഭവമോ?

പരിണാമ സംബന്ധിയായി മനുഷ്യനെ പറ്റിയുള്ള മറ്റൊരു വിവാദം മനുഷ്യൻ ഭൂമിയിൽ ആവിർഭവിച്ചത് യാദൃച്ഛികമായാണോ? ബുദ്ധിയോ മനസ്സോ ഇല്ലാത്ത പ്രകൃതി പ്രതിഭാസത്തിന്റെ ഉൽപ്പന്നമാണ് മനുഷ്യൻ എന്ന് വാദിക്കപ്പെടുന്നു. അതിനെക്കാളുപരി യാദൃച്ഛികമോ ആകസ്മികമോ ആയ അംശങ്ങളാണ് പരിണാമവാദത്തിലെ മുഖ്യ ഘടകം. ഉദാഹരണത്തിന് ആകസ്മികമായുണ്ടായ ജീനുകളുടെ ഉൽപരിവർത്തനം. അങ്ങനെയൊക്കെയായാൽ തന്നെ മനുഷ്യൻ ഭൂമിയിൽ ഇന്ന് കാണുന്ന ധൈഷണികവും ശാരീരികവുമായ പ്രത്യേകതളോടുകൂടി മനുഷ്യന് എളുപ്പത്തിൽ ആവിർഭവിക്കുക സാദ്ധ്യമല്ല.

അത്തരത്തിൽ ഒരു നിഗമനത്തിലെത്താൻ പരിണാമവാദത്തിന് സ്വയം സാദ്ധ്യമല്ല. പരിണാമ ഗതിക്ക് മനുഷ്യനെക്കൂടാതെ തന്നെ മറ്റൊരു ദിശയിലേക്ക് വികസിക്കാമായിരുന്നു. ഈ ആകസ്മികതയുടെ ഇടപെടലും വ്യാഖ്യാനവും ഇന്നും ശാസ്ത്രജ്ഞന്മാർക്കിടയിൽ ചൂടുള്ള വിവാദ വിഷയമാണ്. ലാബറട്ടറിയിൽ പരീക്ഷണാത്മകമായി നിർമിക്കപ്പെടുന്ന കാര്യങ്ങൾ പ്രകൃതിയിൽ അതേപടി സംഭവിക്കുമെന്ന് സുനിശ്ചിതമായി പ്രവചിക്കാനാവില്ല. അത്തരം പരീക്ഷണങ്ങൾ കൗതുകകരമായ ത്വാത്വിക

### അല്ലാഹു വിട്ടതിനെ മനുഷ്യൻ പൂരിപ്പിക്കാൻ ശ്രമിക്കരുത്

വിശ്വസിച്ചവരേ, നിങ്ങൾക്ക് വെളിപ്പെടുത്തിതന്നാൽ വിഷമകരമായേക്കാവുന്ന സംഗതികളെ കുറിച്ച് ചോദിക്കായ്‌വിൻ . ഖുർആൻ ഇറക്കപ്പെടുന്ന അവസരത്തിൽ അവയെക്കുറിച്ച് നിങ്ങൾ ചോദിക്കുന്നതായാൽ നിങ്ങൾക്ക് അവ വെളിപ്പെടുത്തപ്പെടുന്നതാണ്. അല്ലാഹു അവയെ വിട്ടിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു.
(വിശുദ്ധ ഖുർആൻ 5:102)

# ദൈവ വിധി

വിശ്വാസികളെ കുഴക്കുന്ന ഒരു പ്രശ്നമാണ് ദൈവവിധി. എല്ലാം മുൻകൂട്ടി ദൈവം നിശ്ചയിച്ചതാണോ? മനുഷ്യന്റെ പ്രയത്നവും പ്രാർഥനയും വിധിയെ മാറ്റുമോ? ലേഖകൻ വിശദീകരിക്കുന്നു.

ഖാലിദ് ശഫീയുല്ലാഹ്

ദൈവവിധിക്കുള്ള അറബി പദം *'തഖ്ദീർ'* എന്നാണ്. ദൈവത്തിന്റെ വിധിയെ പറ്റി മനസ്സിലാക്കുക എന്നത് ബുദ്ധിമുട്ടുള്ളതും അമ്പരപ്പിക്കുന്നതുമായ ഒരു പ്രശ്നമാണ്. എങ്കിലും ദൈവവിധിയിലുള്ള വിശ്വാസം ഇസ്‌ലാമിലെ വിശ്വാസകാര്യങ്ങളിൽപെട്ട ഒന്നാണ്. ദൈവവിധി എല്ലാ മതങ്ങളുടെയും ചർച്ചാ വിഷയമാണ്. വിവിധ അഭിപ്രായങ്ങളും തത്ത്വശാസ്ത്രങ്ങളും ചിന്താസരണികളും ദൈവ വിധിയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്നിട്ടുണ്ട്. ദൈവം നീതിമാനും ന്യായയുക്തനുമായിരിക്കെ എന്തുകൊണ്ടാണ് മനുഷ്യ ശിശു ശാരീരികവും മാനസികവും ആത്മീയവുമായി വ്യത്യസ്ത കഴിവുകളോടെ ജനിക്കുന്നത് എന്ന് ആളുകൾ ചോദിക്കുന്നു. ഈ ലോകത്ത് ധാരാളം കുറ്റ കൃത്യങ്ങളും ദുഃഖങ്ങളും പാപങ്ങളും നടക്കുന്നു. ഇതെല്ലാം ദൈവം മുൻകൂട്ടി വിധിച്ചതാണോ? അതല്ല മനുഷ്യന് കൊടുത്ത സ്വാതന്ത്ര്യം അവൻ ദുരുപയോഗപ്പെടുത്തുന്നത് നോക്കിനിൽക്കുകയും വിധിനാളിൽ കണക്ക് നോക്കാൻ വിട്ടിരിക്കയുമാണോ? കഠിനാദ്ധ്വാനവും പ്രാർഥനയും മുഖേന സംഭവഗതികൾ മാറ്റിത്തീർക്കാൻ സാധിക്കുമോ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ വിധിവിശ്വാസ സംബന്ധമായി ഉയർന്നു വരുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിലും ഹദ്റത്ത് അഹ്മദി(അ)ന്റെയും രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി (റ)ന്റെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും മറുപടി പറയാൻ ശ്രമിക്കാം.

### എന്തുകൊണ്ടാണ് ജന്മനായുള്ള വ്യത്യാസങ്ങൾ

ദൈവം നീതിമാനും ന്യായയുക്തിയോടെ പ്രവർത്തിക്കുന്നവനുമാണെന്ന സങ്കൽപ്പം അൽപ്പം വിശദമാക്കേണ്ടതാണ്. പക്ഷഭേദം, വിഭാഗീയത, നീതിരാഹിത്യം എന്നീ പദങ്ങളുടെ എതിർ വാക്കാണ് *'ന്യായയുക്തത'* എന്നത്. നാം യഥാർഥത്തിൽ സമ്പാദിച്ച അവകാശം ലഭിക്കലാണ് *'ന്യായയുക്തത'* എന്ന പദത്തിന്റെ അർഥം എന്ന തെറ്റായ മുൻധാരണയും ഈ പദത്തിനുണ്ട്. എന്നാൽ ദൈവത്തിന്റെ അടിസ്ഥാനപരമായ ഒരു ഗുണം റഹ്മാൻ (പരമ കാരുണികൻ) എന്നാണ്. അതായത് സൃഷ്ടികൾ യാതൊരു പ്രയത്നവും ചെയ്യാതെ തന്നെ അവർക്ക് ദൈവം നൽകുന്ന നിർലോപവും സമൃദ്ധവുമായ കാരുണ്യം എന്നാണ് ഇതിനർഥം. അതിന് പ്രതിഫലമായി ദൈവം ഒന്നും തന്നെ കാംക്ഷിക്കുന്നില്ല. ജന്മനാ മനുഷ്യന് ലഭിക്കുന്ന ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളും ആൺ-പെൺ ലിംഗഭേദങ്ങളുമെല്ലാം ദൈവത്തിൽ നിന്നുള്ള സൗജന്യങ്ങളാണ്. അത് ഒരു അവകാശമാണെന്ന് വാദിക്കാൻ ആർക്കും സാദ്ധ്യമല്ല. ഇത് തന്നെ മൃഗങ്ങൾ, ഷഡ്പദങ്ങൾ, ബാക്ടീരിയ മുതലായവക്കും ബാധകമാണ്. ഇങ്ങനെ ദൈവത്തിന്റെ കാരുണ്യത്തെ പറ്റി മറ്റൊരു വിധത്തിൽ ചിന്തിക്കുന്നത് ദൈവത്തിന്റെ സൃഷ്ടികളിലെല്ലാം ചുറ്റപ്പെട്ടതും ചൂഴ്ന്ന് നിൽക്കുന്നതുമായ ദൈവകാരുണ്യത്തിന്റെ നിഷേധമാണ്. ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***'മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ്തന്നെ സൂര്യനേയും അവൻ ശ്വസിക്കുന്നതും അവന്റെ ശബ്ദത്തെ വഹിക്കുന്നതുമായ വായുവിനേയും ദൈവം സൃഷ്ടിച്ചത് മനുഷ്യൻ ചെയ്ത ഏതെങ്കിലും പ്രവർത്തിയുടെ ഫലമായിട്ടാണോ' (1) 'ഈ പ്രപഞ്ച വ്യവസ്ഥയിലേക്ക് ഒന്നു കണ്ണോടിച്ചു നോക്കൂ. അവിടെ സൂര്യനും ചന്ദ്രനുമുണ്ട്. ധാന്യവും വെള്ളവും വായുവും മാത്രമല്ല മനുഷ്യന്റെ രോഗങ്ങളെ ശമിപ്പിക്കുന്നതിനുള്ള നിരവധി ഔഷധ സസ്യങ്ങളും അവിടെയുണ്ട്. ആരുടെയെങ്കിലും സേവനത്തിനുള്ള പ്രതിഫലമായിട്ടാണ് ഇതെല്ലാം ലഭിക്കുന്നതെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ചിന്താശീലർക്ക് ദൈവം പരമകാരുണികനാണെന്ന് കാണാൻ കഴിയും. ആകാശഭൂമികളിലുള്ളതിന്റെയും നമ്മുടെ ശരീരത്തിലുള്ളതിന്റെയുമെല്ലാം ഉറവിടം***

***അവന്റെ റഹ്മാനിയത്തിൽ നിന്നാണ്. നാം നമ്മുടെ മാതാവിന്റെ ഗർഭപാത്രത്തിലായിരുന്നപ്പോൾ നമുക്ക് ലഭിച്ച അനുഗ്രഹങ്ങളെല്ലാം നമ്മുടെ പ്രവർത്തനം മൂലമാണോ?'(2)***

അതുകൊണ്ട് നാമെല്ലാം ദൈവത്തിന്റെ തിരുമുമ്പിൽ യാചകരാണ്. ഒരു യാചകന് തനിക്ക് ലഭിച്ചത് കുറഞ്ഞെന്നോ മറ്റുള്ളവർക്ക് കൂടിപ്പോയെന്നോ ഉള്ള വാദങ്ങളുന്നയിക്കാനുള്ള അവകാശമില്ല. ദൈവത്തിന് ജനങ്ങളോട് പ്രതിക്രിയ ചെയ്യാനും പ്രതിഫലം നൽകാനും അവന്റേതായ വഴികളുണ്ട്. അത് ഈ ലോകത്ത് വെച്ചോ പരലോകത്ത് വെച്ചോ ആവാം. എല്ലാ അവന്റെ ഇഷ്ടം.

## തഖ്ദീറിന്റെ അർഥം

ഖുർആനിൽ 25-ാം സൂറ 3-ാം വചനത്തിൽ തഖ്ദീർ എന്ന വാക്ക് പ്രത്യക്ഷപ്പെടുന്നു.

***'ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതത്രേ അവൻ ഒരു സന്താനത്തേയും സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന് ഒരു കൂട്ടുകാരനുമില്ല. അവൻ എല്ലാ വസ്തുക്കളേയും സൃഷ്ടിക്കുകയും എന്നിട്ട് അവയെ നല്ലവണ്ണം നിർണയം ചെയ്യുകയും ചെയ്തു (ഫക്കറദ്ദറഹൂ തഖ്ദിറ) (അൽ ഫുർക്കാൻ)***

***ഈ വചന പ്രകാരം ദൈവം ആകാശ ഭൂമികളുടെ സ്രഷ്ടാവാണ്. അതിനിടയിലുള്ളതിന്റെയെല്ലാം ചോദ്യം ചെയ്യപ്പെടാനാവാത്ത യജമാനനുമാണ്. അവന്റെ വചനങ്ങൾ വാസ്തവത്തിൽ പ്രകൃതി നിയമങ്ങളുമായി പരിപൂർണമായും പരസ്പര പൂരകമാണ്. അതുകൊണ്ട് അതിന്റെ സ്വീകരണവും തിരസ്ക്കാരവും വെളിപാട് നിയമങ്ങളുടേത് മാത്രമല്ല പ്രകൃതി നിയമങ്ങളുടെ സ്വീകാരവും തിരസ്കാരവുമാണ്.'(3)***

അതുകൊണ്ട് മതവും ശാസ്ത്രവുമായി യാതൊരു വൈരുദ്ധ്യങ്ങളുമില്ല. മനുഷ്യന് ഒരു ശരീരമുണ്ട്. അത് ഭൗതിക നിയമത്തിനും ആത്മീയ നിയമത്തിനും വിധേയമാണ്. രണ്ട് നിയമങ്ങളും അതതിന്റെ മേഖലയിൽ പ്രവർത്തന ക്ഷമമാണ്. ശരീരവും ആത്മാവും പ്രതിപ്രവർത്തിക്കുന്നതു പോലെ അവ രണ്ടും പരസ്പരം സ്വാധീനിക്കുകയും ചെയ്യുന്നു. മനുഷ്യപ്രവർത്തനങ്ങൾ ഭൗതിക നിയമത്തിന്റെ (പ്രകൃതി നിയമത്തിന്റെ) മേഖലയിൽ വ്യവഹരിക്കപ്പെടുന്നു. അതുപോലെ ദൈവ പ്രീതിക്കായി നാം നടത്തുന്ന പ്രാർഥനകളും ദാനധർമങ്ങളും മറ്റെല്ലാ സൽക്കർമങ്ങളും ദൈവത്തിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ഒരു കർമത്തിന്റെ പൂർത്തികരണത്തിന് സഹായകരമായിത്തീരുകയും ചെയ്യുന്നു. ഈ രണ്ട് നിയമങ്ങളും പരസ്പരം സ്വതന്ത്രമായി പ്രവർത്തിക്കുന്നു. സൽപ്രവർത്തികളും പ്രവർത്തനങ്ങളും ദൈവത്തിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ഒരു കർമത്തിന്റെ പുർത്തീകരണത്തിന് സഹായകരമാവുമകയും ചെയ്യുന്നു. അതു പോലെ മനുഷ്യന്റെ പ്രയത്നവും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ചെയ്യുന്നു. ഇത് ദൈവം തന്നെ നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്ക് അനുപൂരകമാണ്. അതുകൊണ്ട് മനുഷ്യ പ്രയത്നങ്ങളും പ്രാർഥന പോലെ തന്നെ പ്രവർത്തന ക്ഷമമാകുന്നു. തഖ്ദീർ (ദൈവവിധി) എന്നാൽ അതിസങ്കീർണമായ ഈ നിയമങ്ങളുടെ പ്രവർത്തനത്തിന്റേയും പ്രതി പ്രവർത്തനങ്ങളുടെയും അന്തിമഫലം സൂചിപ്പിക്കുന്നു. അതായത് മനുഷ്യ പ്രയത്നത്തിന്റേയും പ്രാർഥനയുടെയും പ്രവർത്തനവും പ്രതിപ്രവർത്തവനവുമാണ് (പദാർഥം ഊർജമായും ഊർജം പദാർഥമായും മാറുന്നതിനെ ഇതിനോടുപമിക്കാം.)

പദാർഥത്തിന്റെയും ആത്മാവിന്റെയും സ്രഷ്ടാവും നിയാമകനും ദൈവമാകുമ്പോൾ മാത്രമേ ഈ നിയമം പ്രാവർത്തികമാവുകയുള്ളു. വാസ്തവത്തിൽ പ്രസ്തുത വചനത്തിലെ എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചു എന്നത് ദൈവമാണ് പദാർഥത്തിന്റെയും ആത്മാവിന്റെയും സ്രഷ്ടാവ് എന്ന വസ്തുത വെളിപ്പെടുത്തുന്നു. പദാർഥവും ആത്മാവും സ്വയംഭൂവല്ല. ദൈവത്തോടൊപ്പം നിൽക്കുന്നതുമല്ല. ആത്മാക്കളുടെ ഭൂമിയിലെ പുനർജന്മം എന്ന സിദ്ധാന്തം അത് ആവിഷ്ക്കരിച്ചവരുടെ ഒരു മിഥ്യാവിശ്വാസമാണ് ആത്മാവ് സ്വയംഭുവും ദൈവത്തെപോലെ അനന്തവുമാണ് എന്നത്.'എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചു അതിനെ നല്ലവണ്ണം നിർണയിക്കുകയും ചെയ്തു' എന്ന പരാമർശം എല്ലാ വസ്തുക്കളും അതിനനുവദിക്കപ്പെട്ട പരിധിയിൽ നിർണിതവും ക്രമികവും കൃത്യവുമായ പ്രവർത്തനങ്ങളിൽ മുടക്കം വരുത്താതെ ഏർപ്പെടുന്നു എന്നാണ് അർഥമാക്കുന്നത്. എല്ലാ വസ്തുക്കൾക്കും പരിമിതമായ ഒരു ശക്തിയും പ്രവർത്തിക്കാനുള്ള കഴിവുമുണ്ട്. അതിൽ നിന്ന് പുറകോട്ടു പോകാനോ അതിനെ അതിവർത്തിക്കാനോ സാധ്യമല്ല. ഈ പരിമിതികൾ പ്രപഞ്ചം മുഴുക്കേ നിറഞ്ഞു നിൽക്കുന്ന ഒരു നിയമത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതായത് അമിതമായ ശക്തിയുള്ളവനും സ്രഷ്ടാവും നിയമകനുമായ ഒരുവനുണ്ടെന്നുള്ള, വസ്തുക്കൾക്ക് പരിമിതമായ കഴിവ് നൽകിയത് അവനാണ് എന്നുമുള്ള വസ്തുതയിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. (4)

ഈ നിയമത്തിന് കീഴിൽ ദൈവം എണ്ണമറ്റ കാര്യകാരണ പരമ്പരകൾ സംവിധാനിച്ചിരിക്കുന്നു. എല്ലാറ്റിന്നും ഒരു കാരണമുണ്ട്. ആ കാരണത്തിന് ഒരു കാര്യവും ആ കാര്യത്തിന് മറ്റൊരു കാരണവുമുണ്ടാകുന്നു. കാര്യകാരണ നിയമം മേൽ പറഞ്ഞ ആത്മീയവും ഭൗതികവുമായ ഒരു പ്രകടനമാണ്. പക്ഷേ കാര്യകാരണ പരമ്പരയുടെ അന്തിമ സ്റോതസ്സ്

തൊട്ടുനിൽക്കുന്ന ഒന്നാണ്. അല്ലാഹു രണ്ടെണ്ണത്തിനും ഒരു നിശ്ചിത അവധിവെച്ചിട്ടുണ്ട്. അവന്റെ കാരുണ്യത്താൽ ഇങ്ങനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. നിങ്ങളെന്നെ വിളിക്കൂ ഞാൻ നിങ്ങളുടെ വിളിക്കുത്തരം നൽകാം. (വി. ഖുർആൻ) (5)

## ദൈവവിധിയിൽ നിന്ന് കുതറി മാറാൻ സാധ്യമല്ല

മുൻകൂട്ടി നിശ്ചയിച്ച ദൈവിക നിയമങ്ങളുടെ പ്രവർത്തമാണ് ദൈവിക വിധി. (ആത്മീയമായും ഭൗതികമായും) നന്മയും തിന്മയുമായ പ്രവർത്തനങ്ങൾ, ഉദ്ദേശ്യം, വിശ്വാസം എന്നിവയുടേയും ഫലവുമാണ് അത്. പശ്ചാത്താപത്തിൽ കൂടിയും തിന്മ പ്രവർത്തിക്കാതെ അതിന് പകരം നന്മ പ്രവർത്തിച്ചു കൊണ്ടും മോശമായ നമ്മുടെ കർമഫലത്തിൽ നിന്ന് നമുക്ക് രക്ഷപ്പെടാവുന്നതാണ്. അല്ലാഹു പറയുന്നു:

***'അന്നാളിൽ ജനങ്ങൾ ചിതറിയ കൂട്ടങ്ങളായി പുറപ്പെട്ടുവരും. തങ്ങളുടെ കർമ (ഫല)ങ്ങൾ അവർക്ക് കാണിക്കപ്പെടുന്നതിന് വേണ്ടി. അപ്പോൾ വല്ലവനും ഒരണു അളവ് നന്മചെയ്യുന്നതായാൽ അതവൻ കാണും. വല്ലവനും ഒരണു അളവ് തിന്മ ചെയ്യുന്നതായാൽ അതും അവൻ കാണും.' (99:7, 8)***

ഖുർആൻ പറയുന്നു:

***'എന്നാൽ പശ്ചാത്തപിച്ചു മടങ്ങുകയും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവൻ ഇതിൽപ്പെടുകയില്ല. എന്തെന്നാൽ അല്ലാഹു അവരുടെ തിന്മകളെ നന്മകളായി മാറ്റി കൊടുക്കുന്നതാണ്. അല്ലാഹു സർവത്ര പൊറുക്കുന്നവനും കരുണാമയനുമാകുന്നു. വല്ലവനും പശ്ചാത്തപിച്ച് മടങ്ങുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ തീർച്ചയായും അവൻ യഥാർഥത്തിൽ***

ശേഷം പേജ് 31ൽ

ത്. ആ ദൈവിക നിയമങ്ങൾ അതിനകത്ത് തന്നെ വിശുദ്ധമാണ്. നമ്മുടെ ചിന്തയും നല്ലതുമായ പ്രവർത്തനങ്ങൾ ഒരു ഫലം സൃഷ്ടിക്കുന്നു. അത് നമ്മുടെ പ്രവർത്തനത്തെ തുടർന്നാണ്. പ്രത്യക്ഷപ്പെടുന്നത്. ഈ ഖുർആൻ വചനത്തിന്റെ അർഥമിങ്ങനെയാണ് ***'അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു.'(2:8)*** അതായത് ഒരു മനുഷ്യൻ തിന്മ ചെയ്യുമ്പോൾ അതിന്റെ ഫലം അയാളുടെ ഹൃദയത്തിലും മുഖത്തും വെളിപ്പെടുന്നു. 5

## പ്രയത്നവും പ്രാർഥനയും ദൈവകാരുണ്യം ആകർഷിക്കുന്നു

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: എല്ലാം തന്നെ ദൈവിക നിയമത്തിൽ നിർണിതമാണ് എന്ന് നാം ഓർക്കേണ്ടതാണ്. എന്നാൽ ഇത് ശാസ്ത്രത്തിനും യുക്തിജ്ഞാനത്തിനും പുറത്തുള്ള ഒന്നല്ല. അല്ലാഹുവിന്റെ കാരുണ്യത്താൽ ഒരോ രോഗിയിലും ഫലപ്രദമാവുന്ന ഉചിതമായ മരുന്നിന്റെ ഉപയോഗത്തെ പറ്റി എല്ലാവർക്കുമറിയാം. ഇതേ രീതിയിൽ ദിവ്യജ്ഞാനം നൽകപ്പെട്ടവർക്ക് അവരുടെ അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാർഥനയും അതിന്റെ സ്വീകാര്യതയും തമ്മിൽ ഒരു ബന്ധമുണ്ട് എന്നു പറയുന്നു. ലക്ഷക്കണക്കിന് സാത്വികരായ ഭക്ത ജനങ്ങളാൽ വെളിപ്പെട്ട ഒരു സത്യമാണിത്. നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ട ഒരു സംഗതിയെന്തെന്നാൽ നമ്മുടെ പ്രാർഥനകൾക്ക് ഒരു ആകർഷണ ശക്തിയുണ്ട് എന്ന നിഗൂഢ യാഥാർഥ്യമാണത്. ദൈവത്തിന്റെ മഹത്വത്തെയും കാരുണ്യത്തേയും അത് ആകർഷിക്കുന്നു. എന്നാൽ നമുക്കത് മറ്റുള്ളവർക്ക് താർക്കിക യുക്തിയുടെ വെളിച്ചത്തിൽ തെളിയിച്ചുകൊടുക്കാൻ സാധ്യമല്ല. പ്രാർഥനയും ദൈവിക വിധിയും തമ്മിൽ

ദൈവമാണ്. തഖ്ദീർ അവനിൽ നിന്നുള്ളതാണ് എന്നതാണ് വാസ്തവം.

## എല്ലാ മനുഷ്യ പ്രവർത്തനങ്ങൾക്കും സമാന്തരമായി ദൈവ പ്രവർത്തവനവുമുണ്ട്.

പ്രത്യക്ഷമോ പരോക്ഷമോ ആയ എല്ലാമനുഷ്യപ്രവർത്തനങ്ങളും ഒരു ഫലം ഉദ്പാദിപ്പിക്കുന്നു. ദൈവത്തിന്റെ നിയമത്തിന് കീഴിലാണ് അത് പ്രവർത്തിക്കുന്നത്. എന്നത് കൊണ്ടാണ് അത് ദൈവത്തിന്റേതാണ് എന്ന് പറയുന്നത് നാം അതിന്റെ ഉദാഹരണങ്ങൾ ഭൗതിക കാര്യങ്ങളിൽ കാണുന്നു. ഒരു രാജ്യത്തിന്റെ നിയമ സംവിധാനത്തിന് കീഴിൽ ഒരു നിയമ നടപടി നിർവഹിക്കുകയാണെങ്കിൽ അത് ആ രാജ്യത്തെ ഭരണത്തലവന്റെ പേരിലാണ് വ്യവഹരിക്കപ്പെടുക. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

മനുഷ്യരിൽ നിന്ന് ഒരു കർമം ഉദ്ഭവിക്കുന്നുവെങ്കിൽ അതിന് അനുസൃതമായ രീതിയിലുള്ള ഫലം അല്ലാഹുവിൽ നിന്ന് വെളിപ്പെടുന്നു. ഉദാഹരണത്തിന് നാം നമ്മുടെ മുറിയിലുള്ള വാതിലുകളെല്ലാം അടക്കുമ്പോൾ അത് നമ്മുടെ പ്രവർത്തിയാണ്. അതിന്റെ ഫലമായി നമ്മുടെ മുറിയിൽ ഇരുട്ടുപരക്കുന്നു എന്ന് നമ്മൾ പറയുന്നു. അതായത് നമ്മുടെ പ്രവർത്തനത്തിന്റെ ഫലം ദൈവം പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് ദൈവത്തിന്റെ ശാശ്വത നിയമമാണ്. ഈ വിധത്തിൽ നാം മാരകമായ വിഷം കഴിക്കുകയാണെങ്കിൽ അത് തീർച്ചയായും നമ്മുടെ പ്രവർത്തിയാണ്. നമ്മുടെ ഈ പ്രവർത്തന ഫലമായി സംഭവിക്കുന്ന മരണം ദൈവത്തിന്റെ ശാശ്വതമായ നിയമത്തിന് അനുസൃതമായിട്ടുള്ളതാണ്. അപ്രകാരം നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ദൈവിക പ്രതി പ്രവർത്തനമുണ്ടാകുന്നു. അതാണ് പ്രകടിതമാവുന്ന

# പ്രവാചകത്വ പരിസമാപ്തിയും യേശുവിന്റെ രണ്ടാം വരവും

മുഹമ്മദ് നബി (സ) യോടെ എല്ലാ വിധത്തിലുള്ള പ്രവാചകത്വവും അവസാനിച്ചു എന്ന് വാദിക്കുകയും എന്നാൽ പഴയ ഇസ്റയേൽ പ്രവാചകനായ യേശു വീണ്ടും വരുമെന്നുമുള്ള മുസ്‌ലിം വിശ്വാസവും തമ്മിൽ പ്രകടമായ വൈരുദ്ധ്യമുണ്ട്. യുക്തി വിരുദ്ധവും പ്രമാണ വിരുദ്ധവുമായ ഈ സങ്കൽപ്പം മുസ്‌ലിംകൾ തിരുത്തേണ്ടതുണ്ട്.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഏതൊരു പ്രവാചകന്റെയും പരിപൂർണത അദ്ദേഹത്തിന്റെ സന്ദേശവും അതുപോലെ അദ്ദേഹത്തിന്റെ സ്ഥാനവുമായി ബന്ധപ്പെടുത്തി നിരീക്ഷിക്കാവുന്നതാണ്. ഒരു പ്രവാചകന് അദ്ദേഹത്തിന്റെ സന്ദേശത്തിലും അദ്ദേഹത്തിന്റെ സ്ഥാനത്തിലും പരിപൂർണനാകാവുന്നതാണ്. എന്നാലും അദ്ദേഹത്തിന്റെ പരിപൂർണതയെ ലംഘിക്കാതെ തന്നെ അദ്ദേഹത്തിന് ശേഷം മറ്റൊരു ചെറിയ പ്രവാചകന് വരാവുന്നതാണ്. പ്രവാചകത്വത്തിന്റെ ഈയൊരു വശമാണ് നാം ഇപ്പോൾ സൂക്ഷ്മമായി പരിശോധിക്കാൻ പോവുന്നത്.

ഖുർആനിക നിയമങ്ങളുടെ പരിപൂർത്തീകരണത്തിലും, ആർക്കാണോ ഈ ഖുർആനിക നിയമം വെളിപ്പെട്ടത് ആ പ്രവാചകന്റെ പ്രവാചകത്വത്തിന്റെ പരിപൂർത്തീകരണത്തിലും മുസ്‌ലിംകളെല്ലാം ഏകകണ്ഠമായി വിശ്വസിക്കുന്നു. സമ്പൂർണ ജീവിത സംഹിതയായ ഖുർആൻ മനുഷ്യന്റെ യാതൊരു വിധ കൈകടത്തലുകളുമില്ലാതെ സംരക്ഷിക്കപ്പെടുമെന്ന് ഖുർആൻ തന്നെ പ്രഖ്യാപിക്കുന്നു. മുസ്‌ലിംകൾ വിശ്വസിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നത് പോലെ ഈ അവകാശവാദം ശരിയാണെങ്കിൽ അത്തരം ഒരു ഗ്രന്ഥം ഇറക്കപ്പെട്ട പ്രവാചകൻ ന്യായമായും പ്രമാണവാഹകനായ പ്രവാചകനാണെന്ന് അംഗീകരിക്കപ്പെടണം. ഇത് വളരെ വ്യക്തമായും മനസ്സിലാക്കാവുന്ന കാര്യമാണ്. ഇത് മുസ്‌ലിം ലോകം പൂർണമായും അംഗീകരിക്കുന്നു. പക്ഷേ, അമുസ്‌ലിംകളുടെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ എല്ലാ കാലത്തേക്കുമുള്ള ആവശ്യങ്ങൾ നിറവേറ്റാനും വരാനിരിക്കുന്ന കാലത്തെ മാറ്റങ്ങൾക്കനുസൃതമായ ആവശ്യങ്ങളെ അവഗണിക്കാനും എങ്ങനെ ഒരു ഗ്രന്ഥത്തിന് കഴിയും എന്ന കാര്യം മനസ്സിലാക്കാൻ പ്രയാസമാണ്. ഇതിനോടൊപ്പം ഖുർആൻ സാർവജനീനമായ ഒരു ഗ്രന്ഥമാണെന്ന അവകാശവാദം പ്രശ്നത്തെ പലമടങ്ങ് വർധിപ്പിക്കുകയാണ് ചെയ്യുക. ഒരു ദൈവിക ഗ്രന്ഥത്തിന് മനുഷ്യ സമൂഹത്തിന്റെയാകമാനം ഗോത്രീയവും പ്രാദേശികവുമായ എല്ലാ പ്രശ്നങ്ങളേയും തൃപ്തികരമായി എങ്ങനെ വിശദീകരിച്ചു കൊടുക്കാൻ സാധിക്കും? ഇവിടെ യൂറോപ്യൻമാർ, അമേരിക്കക്കാർ, ആഫ്രിക്കക്കാർ, അറബികൾ, റഷ്യക്കാർ, ഇസ്രായേലിയർ കൂടാതെ നിരവധി ഏഷ്യൻ വംശജരുമുണ്ട്. അവർക്ക് ഗോത്രീയമായ വിവിധ പശ്ചാത്തലങ്ങളും പരമ്പരാഗതമായ സംസ്കാരങ്ങളുമുണ്ട്. അവരുടെ രാഷ്ട്രീയവും സാമൂഹികവുമായ പാരമ്പര്യങ്ങൾ വളരെയധികം വ്യത്യസ്തങ്ങളാണ്. ഒരു സാർവജനീനമായ മതജീവിത സംഹിതക്ക് ഇവരെയെല്ലാവരെയും തുല്യനീതിയോടെ എങ്ങനെയാണ് തൃപ്തരാക്കാൻ കഴിയുക?

ഈ രണ്ട് ചോദ്യങ്ങളേയും അഭിമുഖീകരിച്ചു കൊണ്ട് ഖുർആൻ പറയുന്നു. അതിന്റെ എല്ലാ അധ്യാപനങ്ങളും മനുഷ്യ വംശത്തിന് പൊതുവെയുള്ള മാനസിക നിലയുടെ അടിസ്ഥാനത്തിലുള്ളതാണ് എന്നാണ്. അത് സമയത്തിനനുസരിച്ച് മാറുന്നതല്ല. മനുഷ്യന്റെ മാനസിക പ്രകൃതിക്ക് കൃത്യമായും യോജിച്ച നിലയിലുള്ള അധ്യാപനം ഒരിക്കലും മാറ്റത്തിന് വിധേയമല്ല.

ഈ തത്ത്വമാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

*അതിനാൽ ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മത(സേവന)ത്തിനായി തിരിച്ചു നിറുത്തുക. ദൈവം ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി(കൈക്കൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ, മനുഷ്യരിൽ അധികമാളുകളും യാഥാർഥ്യം അറിയുന്നില്ല (30:31)*

തീർച്ചയായും ദൈവം സൃഷ്ടിച്ച പ്രകൃതി ഒരിക്കലും മാറ്റാൻ സാധ്യമല്ല. മനുഷ്യന്റെ പ്രകൃതി സാർവത്രികമായി ചരിത്രാതീതകാലം മുതൽ മാറ്റമില്ലാതെ നിലനിൽക്കുന്നുവെന്ന് നിരീശ്വരവാദികൾവരെ സമ്മതിക്കുന്നതാണ്. മാറ്റമില്ലാത്ത ഈ പ്രകൃതിക്ക് അനുസൃതമായിക്കൊണ്ട് നിലനിൽക്കുന്ന ന്യായപ്രമാണപുസ്തകം സ്വയംതന്നെ മനുഷ്യന്റെ ഇടപെടൽ മൂലം മാറുകയും ചെയ്യുന്നു. ഖുർആൻ ഈ അപകടത്തെ സംബന്ധിച്ച് ജാഗ്രതപ്പെടുത്തിക്കൊണ്ട് ഇതൊരു സുരക്ഷിത ഗ്രന്ഥമാണെന്ന് പ്രഖ്യാപിക്കുന്നു

*സത്യമായും ഈ പ്രബോധന ഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം അതിനെ സംരക്ഷിക്കുകയും ചെയ്യും (15:10)*

ചരിത്രം ഈ അവകാശവാദം ശരിയാണെന്ന് തെളിയിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ഗ്രന്ഥം ഇറക്കപ്പെട്ട പ്രവാചകൻ അവസാനത്തെ ന്യായപ്രമാണ വാഹകനായ പ്രവാചകനാണെന്ന് അംഗീകരിക്കേണ്ടതുമുണ്ട്. ഈ അവകാശവാദത്തിൽ യാതൊരു യുക്തിവിരുദ്ധതയുമില്ല. എന്നാൽ ന്യായ പ്രമാണവാഹകരല്ലാത്ത പ്രവാചകൻമാർക്കും, വരാൻ പാടില്ല എന്ന് പറയുമ്പോൾ പരിപൂർത്തീകരണത്തിന്റെ ഈ വിധി പ്രസ്താവം യുക്തിപരമായ യാതൊരു നീതികരണവുമില്ലാതെ അതിലംഘിക്കപ്പെടുകയാണ്. അവർ തങ്ങളുടെ കേവലമായ പരിപൂർത്തീകരണത്തിന്റെ അവകാശവാദം പുറപ്പെടുവിച്ചതിന് ശേഷം അത് തകർക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ഏർപ്പെടുന്നു. അവരുടെ സർവവലയിതമായ പരിസമാപ്തിയുടെ നിയമത്തിന് ഈ നിമിഷം മുതൽ വിള്ളൽ സംഭവിക്കുകയാണ്.

ഉത്തരമില്ലാത്ത ഈ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ, അതൊരു പൊടിക്കൈയാണെന്ന് പറഞ്ഞ് അവർ അതിനെ തള്ളിക്കളയും. ഉത്തരം മുട്ടലിന്റെ യാതൊരു പ്രശ്നവുമില്ലെന്ന് പറയുകയും ചെയ്യുന്നു.

മുഹമ്മദ് നബി(സ)ക്ക് ശേഷമുള്ള യേശുവിന്റെ പുനരാഗമനം മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ പരിസമാപ്തിയുമായി യാതൊരു വിധ വൈരുദ്ധ്യങ്ങളുമുണ്ടാക്കുകയില്ല എന്ന് അവർ വാദിക്കുന്നു. അവർ ഉന്നയിക്കുന്ന വാദമുഖങ്ങൾ ഇവയൊക്കെയാണ്.

- മുഹമ്മദ് നബി(സ)ക്ക് മുമ്പേയുള്ള പ്രവാചകൻമാരുടെ കൂട്ടത്തിൽ നിന്നാണ് യേശു(അ)വിന്റെ പുനരാഗമനമുണ്ടാവുന്നത്. അതുകൊണ്ട് മുഹമ്മദ് നബി(സ)യുടെ പരിസമാപ്തി ഒരിക്കലും ലംഘിക്കപ്പെടുകയില്ല. മുഹമ്മദ് നബി(സ) യുടെ അവതരണത്തിന് ശേഷം ഒരു പ്രവാചകൻ വരുകയാണെങ്കിൽ മാത്രമാണ് അത് ലംഘിക്കപ്പെടുക. അങ്ങനെ വരുന്ന പ്രവാചകൻ പുതിയ നിയമം കൊണ്ടു വന്നില്ലെങ്കിൽ പോലും മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടാൽ അത് പരിസമാപ്തിയുടെ ലംഘനമായിരിക്കും.
- യേശു (അ)വിന്റെ പ്രവാചകത്വം ഒരിക്കൽ നൽകപ്പെട്ടതാണ്. അത് ഇസ്ലാമിന് മുമ്പ് അദ്ദേഹം വന്നപ്പോൾ ലഭിച്ചതാണ്.
- മാത്രമല്ല. തന്റെ രണ്ടാം വരവിൽ യേശു(അ) റസൂൽ തിരുമേനി(സ)യുടെ കീഴിലായിരിക്കും. സ്വതന്ത്രനായിരിക്കില്ല.അതായത് യേശു(അ) പഴയ പ്രവാചകനായതു കൊണ്ടും, റസൂൽ തിരുമേനി(സ)ക്ക് കീഴെ ആയതുകൊണ്ടും പ്രവാചകത്വ സമാപ്തിയുടെ മുദ്ര പൊട്ടിക്കാൻ അദ്ദേഹത്തിന് സാധ്യമല്ല. അവരുടെ പ്രവാചകത്വ സമാപ്തിയുടെ സങ്കൽപം അർഥമാക്കുന്നത് പുതിയ പ്രവാചകനു വരാൻ പാടില്ല പഴയ പ്രവാചകൻമാർക്ക് രണ്ടാമതും വരാം എന്നാണ്. എന്നാൽ ഇത് ശുദ്ധമായ അസംബന്ധമാണ്. സർവജ്ഞാനിയായ ദൈവം ആർക്ക് അനുകൂലമായാണോ ഇനിയൊരു പ്രവാചകൻ വരാതിരിക്കത്തക്ക വണ്ണം കേവലമായ പ്രവാചകത്വ സമാപ്തിയുടെ വിധി പാസ്സാക്കുന്നത്? അങ്ങനെയാണെങ്കിൽ തന്നെ അദ്ദേഹത്തിന് ശേഷം മറ്റൊരു പ്രവാചകൻ തീർച്ചയായും ആവശ്യമുണ്ടെന്ന കാര്യം ദൈവത്തിന് അറിയാമായിരുന്നില്ലേ? പഴയതോ പുതിയതോ എന്ന ചോദ്യം ഇവിടെ അപ്രസക്തമാണ്. പ്രശ്നത്തിന്റെ കാതലായ വശം ആവശ്യത്തിന്റേതാണ്.

അവസാനത്തെ പ്രവാചകൻ വന്നതിന് ശേഷം മറ്റൊരു പ്രവാചകന്റെ ആവശ്യം, സ്വാഭാവികമായും അവസാനത്തെ പ്രവാചകൻ എന്ന സങ്കൽപവുമായി പരസ്പര വൈരുദ്ധ്യമുളവാക്കുന്ന ഒരു വിശ്വാസമാണ്. ഉത്തരമില്ലാത്ത ഈ പ്രഹേളികയെ അഭിമുഖീകരിക്കുമ്പോൾ ഒരു പുതിയ പ്രവാചകന്റെ ആവിർഭാവത്തിന്റെ ആവശ്യം ഉണ്ടാവുന്നത് അവസാനത്തെ പ്രവാചകൻ വന്നു പോയതിന്

ശേഷം മാത്രമാണ് എന്ന വാദം ഉന്നയിച്ചു കൊണ്ട് ഈ വിഷയത്തിൽ നിന്നും ഉലമാക്കൾ എപ്പോഴും ഒഴിഞ്ഞു മാറുകയാണ് ചെയ്യാറ്. പുതിയ പ്രവാചകത്വത്തിന്റെ ആവശ്യം പഴയ പ്രവാചകനെ കൊണ്ട് നിറവേറ്റപ്പെട്ടിട്ടും ഇനിയൊരു പ്രവാചകനും വരാൻ പാടില്ല എന്ന മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ പരിസമാപ്തിയുടെ കേവലത്വത്തിന് യാതൊരു കോട്ടവും തട്ടുന്നില്ല. പക്ഷേ ഏതൊരാൾക്കും തന്നെ സുതാര്യമായ ഈ വാദത്തിലെ വഞ്ചന കാണാവുന്നതാണ്. പഴയതോ പുതിയതോ എന്ന വ്യത്യാസം ഈ വിഷയത്തിൽ ആശയക്കുഴപ്പമുണ്ടാക്കാനുള്ള ബാലിശമായ ഒരു ശ്രമമാണ്. നസ്രേത്തുകാരനായ യേശുക്രിസ്തു(അ) രണ്ടാമതും പ്രത്യക്ഷനായി മുഹമ്മദ് നബി(അ)യുടെ മേധാവിത്വത്തിനു കീഴടങ്ങിയാലും ഈസാ നബി അഥവാ യേശു മുഹമ്മദ് നബി (സ)ക്ക് ശേഷമുള്ള പ്രവാചകനാണ്. കടന്നു കഴിഞ്ഞ ജനതയിൽ നിന്നും പഴയ ഒരു പ്രവാചകനെ കടം വാങ്ങിക്കൊണ്ട് പുതിയ ഒരു ആവശ്യത്തെ നിറവേറ്റുന്നത് പുതിയ അതേ ആവശ്യം നിറവേറ്റാൻ പുതിയ ഒരു പ്രവാചകനെ ഇസ്‌ലാമിന്റെ ജനതയിൽ നിന്നു തന്നെ എഴുന്നേൽപ്പിക്കുന്നതിനേക്കാൾ മോശമാണ്. പഴയ പ്രവാചകൻ പ്രവാചകത്വ സമാപ്തിയുടെ തത്ത്വം ലംഘിക്കുന്നില്ലെങ്കിൽ പിന്നീട് വരുന്ന പുതിയ പ്രവാചകനും അത് ലംഘിക്കുന്നതല്ല.

### അൽ ഇമാം മഹ്ദി: മാർഗ ദർശനം ചെയ്യപ്പെട്ട നേതാവ്

യേശു(അ) വിന്റെ പുനരാഗമന വിഷയത്തിൽ നിന്നും വ്യതിചലിക്കാൻ ഒരുപക്ഷേ നാം ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്നു. അൽ ഇമാം അൽ മഹ്ദിയുടെ സ്ഥാനത്തെ പറ്റി നിരീക്ഷിക്കാൻ വേണ്ടി അൽപസമയത്തേക്ക് മാത്രമാണ് ഈ അനുവാദം.

റസൂൽ തിരുമേനി(സ)യുടെ പ്രവചന പ്രകാരം അവസാനകാലത്ത് ആവിർഭവിക്കുമെന്ന് പ്രവചിക്കപ്പെട്ട ആൾ യേശു(അ) മാത്രമല്ല. സൻമാർഗ ദർശനം ചെയ്യപ്പെട്ടയാൾ എന്ന് അർഥമുള്ള അൽ മഹ്ദി എന്ന സ്ഥാനപ്പേരോടു കൂടിയ മറ്റൊരു ദൈവിക പരിഷ്കർത്താവിനെക്കുറിച്ച് ആവർത്തിച്ചു കൊണ്ടുള്ള പരാമർശം റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിൽ കാണാം. മിക്ക ഹദീസുകളിലും ഈസ(യേശു)യും മഹ്ദിയും മാർഗ ദർശനം ചെയ്യപ്പെട്ട ആൾ വ്യത്യസ്ത വ്യക്തികളായിട്ടാണ് കാണപ്പെടുന്നത്. പക്ഷേ സുപ്രധാനമായ ഒരു ഹദീസ് (പ്രവാചക വചനം) ഒഴികെ ആറ് പ്രമാണിക ഹദീസു ഗ്രന്ഥങ്ങളിൽ പെട്ട ഇബ്നു മാജയുടെ ഹദീസ് സമാഹാരത്തിലാണ് രണ്ട് വാഗ്ദത്ത പരിഷ്ക്കർത്താക്കളും ഒരു വ്യക്തിയാണ് എന്ന ശക്തമായ ഒരു പ്രവാചക വചനമുള്ളത്. അവ ഒരു വ്യക്തിയുടെ രണ്ട് സ്ഥാനങ്ങൾ മാത്രമാണെന്നാണ് ആ ഹദീസ് പറയുന്നത്. ഹദീസിലെ ശരിയായ വചനം ഇപ്രകാരമാണ് **ഈസ (യേശു)യല്ലാതെ മഹ്ദിയില്ല. (ഇബ്നു മാജ)**

ഇത് അർഥമാക്കുന്നത് വാഗ്ദത്ത മഹ്ദിയെ തന്നെ ഈസ (അ)യായും പറയപ്പെട്ടിരിക്കുന്നു എന്നാണ്. അതായത് മിക്ക ഹദീസുകൾ പ്രകാരവും അൽ മഹ്ദി ഈ ഉമ്മത്തിലാണ് വരിക. അപ്പോൾ യേശു(അ) ആകാശത്ത് നിന്ന് അവരോഹിതനാവുന്ന ആളാണെങ്കിൽ അതെങ്ങനെ സാധ്യമാകും? അൽ മഹ്ദി വഹിക്കുന്ന ഒരു സ്ഥാനപ്പേരാണ് യേശു(അ) അഥവാ ഈസാ എന്നത്. എങ്കിൽ മാത്രമേ ഇത് സാധ്യമാവൂ. അല്ലാതെ വേറെ ഒരു യേശു(അ) ആകാശത്ത് നിന്ന് ഇറങ്ങി വരുകയില്ല. ഈസാനബി(അ)ക്ക് പകരമായി അദ്ദേഹത്തിന്റെ കർത്തവ്യം ഇമാം മഹ്ദി നിർവഹിക്കും. അതിനെ തുടർന്ന് പ്രവാചകനായ യേശു(അ) ആലങ്കാരികമായി ജനിക്കുകയും അൽ ഇമാം അൽ മഹ്ദി ഇസ്‌ലാമിനകത്ത് നിന്നു വരികയും ചെയ്യും. ഇത് അൽ മഹ്ദിയുടെ യഥാർഥ സ്ഥാനം എന്താണെന്ന് നിർണയിക്കുന്നതിലേക്ക് നമ്മെ നയിക്കുന്നു. നാം ഇപ്പോൾ വരച്ച് കാട്ടുന്നത് പോലെ അദ്ദേഹത്തിന്റെ സ്ഥാനം ന്യായപ്രമാണ വാഹകനല്ലാത്ത, വിധേയനായ പ്രവാചകന്റേതായിരിക്കും. മുഖ്യധാരാ ഉലമാക്കൻമാർ അൽ മഹ്ദിയെ അങ്ങനെ വിശേഷിപ്പിക്കാറില്ല. ഈസാനബി (അ)യുടെ വിഷയത്തിൽ നേരത്തെ പരാമർശിച്ച കാരണത്താൽ അദ്ദേഹം ഒരു പ്രവാചകനാണെന്ന് വളരെ സ്വതന്ത്രമായി അവർ പരാമർശിക്കുന്നു. പക്ഷേ അൽ മഹ്ദിയുടെ കാര്യത്തിൽ അവർക്ക് അങ്ങനെ ചെയ്യാൻ സാധ്യമല്ല. കാരണം പ്രവാചകനാണെന്ന് അദ്ദേഹത്തെ അംഗീകരിക്കുകയാണെങ്കിൽ അവരുടെ പരിസമാപ്തി സിദ്ധാന്തവുമായി അത് വ്യക്തമായും ഏറ്റുമുട്ടും.

മഹ്ദിയുമായി ബന്ധപ്പെട്ട അവരുടെ തന്ത്രങ്ങൾ തികച്ചും വിഭിന്നങ്ങളാണ്. അവരെ സംബന്ധിച്ചിടത്തോളം ഇമാം മഹ്ദി കിരീടം വെക്കാത്ത പ്രവാചകനാണ്. പ്രവാചകന്റെ എല്ലാ ഗുണങ്ങളും അവർ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. പ്രവാചകൻ എന്ന സ്ഥാനപ്പേരൊഴികെ. അത് ഒരു മനുഷ്യനെ മനുഷ്യനാണെന്ന് പറയാതെ മറ്റെന്തെങ്കിലും നാമങ്ങൾ പറഞ്ഞ് വിശേഷിപ്പിക്കുന്നത് പോലെയാണ്. അതൊന്നും അയാളെ മനുഷ്യനിൽ കുറഞ്ഞ ഒന്നും ആക്കിത്തീർക്കുന്നുമില്ല. ഇമാം മഹ്ദിയെ അദ്ദേഹത്തിന്റെ ഗുണങ്ങളിലൂടെയാണ് തിരിച്ചറിയേണ്ടതെന്ന് ഉലമാക്കൻമാർ മനസ്സിലാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനം ഒരു പ്രവാചകന്റേതായിരിക്കുന്നത് വരെ ഒരു പ്രവാചകനാണെന്ന അദ്ദേഹത്തിന്റെ സ്ഥാനം നിഷേധിക്കാവുന്നതല്ല. പ്രവാചകന് അനുയോജ്യമായ ഗുണങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയിൽ സമ്മേളിക്കുകയാണെങ്കിൽ അദ്ദേഹത്തെ എന്ത് സ്ഥാനപേ

രുകളിൽ നിങ്ങൾ വിളിച്ചാലും അദ്ദേഹം എപ്പോഴും ഒരു പ്രവാചകനായിരിക്കും. അദ്ദേഹത്തെ നേരിട്ട് ദൈവം നിയോഗിച്ചിരിക്കെ അദ്ദേഹത്തെ നിഷേധിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമായിരിക്കും. അൽ മഹ്ദിയെ ആരെങ്കിലും റസൂൽ തിരുമേനി (സ)ക്ക് വിധേയനായ പ്രവാചകനാണെന്ന് വിശ്വസിക്കാൻ കൂട്ടാക്കാതിരിക്കുകയാണെങ്കിൽ അയാൾ യഥാർഥ വിശ്വാസിയായി പരിഗണിക്കുന്നതല്ല. യാഥാസ്ഥിതിക മുസ്‌ലിംകൾ സമ്മതിക്കുന്നത് പോലെ ഇമാം മഹ്ദിയിൽ വിശ്വസിക്കുക എന്നത് എല്ലാ മുസ്‌ലിംകളുടേയും ബാധ്യതയാണ്. ഒരു പ്രവാചകന് മാത്രം ലഭ്യമാകുന്ന വിശേഷാധികാരങ്ങളുള്ള അൽ മഹ്ദി പ്രവാചകനിൽ കുറഞ്ഞ ഒന്നുമല്ല. അൽ മഹ്ദി അദ്ദേഹം അലങ്കരിക്കുന്ന പദവിയിൽ നിന്നും പ്രവാചകത്വം എടുത്തുമാറ്റാൻ ആർക്കും അവകാശമില്ല. അവരുടെ വിശ്വാസത്തിലെ ഈ പൊരുത്തക്കേട് ഒരു വിധത്തിലും ചെറുതല്ലാത്തതാണ്.

## ന്യായപ്രമാണമില്ലാത്ത പ്രവാചകനും വെളിപാടും

ഇസ്‌ലാമിൽ മനുഷ്യന് നൽകപ്പെടുന്ന ഏറ്റവും സമുന്നത സ്ഥാനമാണ് ഒരു പ്രവാചകന്റേത്. ഒരു പ്രവാചകൻ എന്നാൽ വെറും പ്രവചനം നടത്തുന്ന ആൾ മാത്രമല്ല. അദ്ദേഹം ദൈവത്തിൽ നിന്ന് ഒരു പ്രത്യേക ദൗത്യത്തോടെ നിയോഗിക്കപ്പെട്ട ആളാണ്. എല്ലാ പരിഷ്കർത്താക്കളും പ്രവാചകനാകണമെന്നില്ല. എന്നാൽ എല്ലാ പ്രവാചകൻമാരും പരിഷ്കർത്താക്കളാണ്. വെളിപാടുകളാണ് ഒരു പ്രവാചകനെ സൃഷ്ടിക്കുന്നത്. പ്രവാചകനല്ലാത്തവർക്കും വെളിപാടുകളുണ്ടാകാം. അവർ ദൈവവുമായുള്ള ആശയവിനിമയം കൊണ്ട് അനുഗൃഹീതരുമാവാം.

വെളിപാടുകൾക്ക് വിവിധ അർഥധ്വനികളോടു കൂടിയ വിപുലമായ ഒരു പ്രവർത്തന മേഖലയാണുള്ളത്. സ്വപ്നം, ദർശനം, അന്തഃപ്രചോദനം, ശാബ്ദികമായ അഭിമുഖീകരണം പോലും വെളിപാടിന്റെ ഗണത്തിൽപ്പെടുന്നു. അതൊന്നും തന്നെ മധ്യകാലഘട്ടത്തിലെ മിക്ക പണ്ഡിതന്മാരും നിഷേധിച്ചിട്ടില്ല. പ്രവാചകത്വം എന്ന സ്ഥാനത്തെ പറ്റിയാണ് വിവാദം. പ്രവാചകത്വവുമായി ബന്ധപ്പെട്ട വെളിപാടുകളുടെ പ്രത്യേക വശത്തെ കുറിച്ചാണ് ഇവിടെ പരിശോധിക്കുന്നത്.

മേൽകൊടുത്ത ചർച്ചയുടെ വെളിച്ചത്തിൽ ന്യായപ്രമാണ വാഹകരായ പ്രവാചകൻമാരുടെ തുടർച്ച നിന്നു പോയതിന് പിന്നിലെ യുക്തി ഒരാൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ന്യായപ്രമാണ വാഹകരല്ലാത്ത പ്രവാചകന്മാരുടെ തുടർച്ചയും നിന്നു പോകുന്നു എന്ന പ്രശ്നം വിശദമായി പരിശോധിക്കേണ്ടതുണ്ട്. എന്തുകൊണ്ടാണ് പൊടുന്നനെ ന്യായപ്രമാണ വാഹകരല്ലാത്ത പ്രവാചകൻമാരുടെ വരവും പെട്ടന്ന് നിലച്ച് പോയത്?

ഒരു പുതിയ പ്രവാചകൻ വരുമ്പോൾ ഒരു പുതിയ നിയമം കൊണ്ടു വരണമെന്നില്ല എന്നത് സംശയത്തിന്റെ യാതൊരു നിഴലും അവശേഷിക്കാത്ത വിധം മതചരിത്രം തെളിയിക്കുന്നു. പ്രവാചകൻമാരിൽ ഉൾപ്പെട്ട ഐസക്ക്(ഇസ്ഹാഖ്)(അ), ജേക്കബ്(യഅ്ഖൂബ്)(അ), ജോസഫ് (യൂസുഫ്)(അ), ലോത്ത്(ലൂത്ത്)(അ) എന്നിവർ ന്യായപ്രമാണവാഹകരല്ലാത്ത പ്രവാചകൻമാരാണ്.എന്നിരുന്നാലുംദൈവികമായി നിയോഗിതരായ ആത്മീയ നേതാക്കൻമാർ എന്ന ബഹുമതിയോടെ അവർ അതിനു മുമ്പ് വന്ന പ്രവാചൻമാരുടെ ദൗത്യത്തിൽ പങ്കുള്ളവരാണ്.

www.alislam.org

പേജ് 27ൽ നിന്ന് തുടർച്ച

***'അല്ലാഹുവിലേക്ക് പരിപൂർണമായി മടങ്ങുകയാണ് ചെയ്യുന്നത്'*** (25:71,72)

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'ദൈവത്തിന്റെ വിധി നിയമങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്നും നിർണയത്തിൽ നിന്നും ഉണ്ടാകുന്ന കാര്യങ്ങൾ മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അദ്ദേഹം വീണ്ടും പറയുന്നു: മനുഷ്യൻ ദൈവവിധിക്ക് വിധേയനാണ്. മനുഷ്യന്റെ ആഗ്രഹങ്ങൾ ദൈവത്തിന്റെ ആഗ്രഹങ്ങളുമായി യോജിക്കുന്നില്ലെങ്കിൽ മനുഷ്യൻ എത്രതന്നെ പ്രയത്നങ്ങൾ നടത്തിയാലും അത് പ്രാവർത്തികമാവില്ല.' ദൈവത്തിന്റെ ഇച്ഛയുടെ സമയം ആഗതമായാൽ എന്തു തന്നെ പ്രയാസമുള്ളതാണെങ്കിലും അത് എളുപ്പമായി തീരുന്നു. (7)

## ദൈവ വിധി രണ്ട് വിധം: മാറുന്ന നിയമങ്ങളും മാറ്റമില്ലാത്തവയും

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'ദൈവവിധി രണ്ട് വിധമുണ്ട്. ഒന്ന് മാറ്റാൻ കഴിയുന്നവയെന്നും മറ്റൊന്ന് മാറ്റാൻ കഴിയാത്ത നിർണിതങ്ങളായവ എന്നും പറയാവുന്നതാണ്, മാറ്റാൻ കഴിയാവുന്ന വിധി സർവശക്തനായ ദൈവത്തിന്റെ കാരുണ്യത്തിൽ പ്രാർഥനയിലൂടെയും ദാന ധർമങ്ങളിലൂടെയും മാറ്റി വെക്കപ്പെടാവുന്നതാണ്. എന്നാൽ മാറ്റാൻ പറ്റാത്ത നിർണിത നിയമങ്ങൾ പ്രാർഥനയിലൂടെയും ദാന ധർമങ്ങളിലൂടെയും മാറ്റിവെക്കപ്പെടാവുന്നതാണ്. എന്നാൽ മാറ്റാൻ പറ്റാത്ത നിർണിത നിയമങ്ങൾ പ്രാർഥനയിലൂടെയും ദാന ധർമങ്ങളിലൂടെയും മാറ്റാൻ സാദ്ധ്യമല്ല. പ്രാർഥനക്കും ദാനധർമങ്ങൾക്കും ദൈവം മറ്റു വഴികളിലൂടെ പ്രതിഫലം നൽകുന്നതാണ്. ചില സംഗതികളിൽ ദൈവം ചില വിധികൾ നീട്ടിവെക്കാറുണ്ട്. ഈ രണ്ട് വിധത്തിലുള്ള വിധികളെപ്പറ്റിയുള്ള ജ്ഞാനങ്ങളും ഖുർആനിൽ നിന്ന് നമുക്ക് ലഭ്യമാണ്.'(8)

ഭാഗം – 13

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### അബൂജഹലിന്റെ മൃതദേഹം കാണാനില്ല

ശത്രുക്കൾ കൈയിലുള്ളതെല്ലാം തന്നെ ഇട്ടെറിഞ്ഞ് ഓടിമറഞ്ഞു. ഒരാളും ബാക്കിയില്ലാത്ത വിധം യുദ്ധക്കളം കാലിയായി. മുസ്‌ലിമീങ്ങൾ മാത്രം ബാക്കിയായി. യുദ്ധം പരിപൂർണമായും അവസാനിച്ചിരിക്കുന്നു. അല്ലാഹുവിന്റെ റസൂൽ ചില സുപ്രധാന കാര്യങ്ങൾ നിർവഹിച്ച ശേഷം ഞങ്ങളുടെ അടുക്കൽ വന്ന്, പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന ശത്രുക്കളുടെ മൃതദേഹങ്ങൾ എല്ലാം തന്നെ ഒരുമിച്ച് ഒരു സ്ഥലത്ത് കൊണ്ടു വന്ന് വെക്കാൻ ഞങ്ങളോട് കൽപിച്ചതനുസരിച്ച് ഞങ്ങൾ മൃതശരീരങ്ങൾ കൊണ്ടു വന്ന് ഒരു സ്ഥലത്ത് വെച്ചു. ആകെ അറുപത്തൊമ്പത് മൃതദേഹങ്ങൾ. അതിൽ നിന്ന് മക്കയിലെ ഉന്നതരും ഖുറൈശികളിലെ പ്രധാനികളും ഗോത്രനേതാക്കളും തലവന്മാരുമായ പ്രതാപശാലികളുടെ ഇരുപത്തിമൂന്ന് മൃതദേഹങ്ങൾ വേറെ മാറ്റി വെച്ചു. അപ്പോഴാണ് ഒരു കാര്യം ശ്രദ്ധയിൽപെട്ടത്. അബൂജഹലിന്റെ മൃതദേഹം കാണാനില്ല. യുദ്ധാരംഭത്തിൽ തന്നെ ഇഫ്റയുടെ ചുണക്കുട്ടികളായ മആസും മഊസും മിന്നൽ ആക്രമണത്തിലൂടെ അയാളെ ചന്നംപിന്നം വെട്ടി വീഴ്ത്തിയിരുന്നു. അയാൾ അതിദാരുണമായി മുറിവേറ്റ് വീണത് ഞങ്ങളിൽ പലരും കണ്ടതാണ്. അയാൾ കൊല്ലപ്പെട്ടു എന്ന് തന്നെയായിരുന്നു ഞങ്ങളെല്ലാം കരുതിയത്. മആസും മഊസും ഞങ്ങൾ അബൂജഹലിനെ കൊന്നു എന്ന് അല്ലാഹുവിന്റെ റസൂലിനടുക്കൽ ചെന്ന് പറയുകയും ചെയ്തിരുന്നു. സാധാരണനിലയിൽ അബൂജഹൽ രക്ഷപ്പെടാൻ യാതൊരു മാർഗവുമില്ല. അത്രമാത്രം മുറിവേറ്റാണ് അയാൾ വീണത്. അതിദാരുണമായി മുറിവേറ്റ അയാളെ യുദ്ധത്തിന്റെ അന്ത്യത്തിൽ അയാളുടെ സ്വന്തക്കാരും ബന്ധുക്കളും താങ്ങി എടുത്ത് തങ്ങളോടൊപ്പം കൊണ്ടുപോകാനും സാദ്ധ്യത വളരെ വിരളമാണ്. കാരണം യുദ്ധത്തിന്റെ അവസാനത്തിൽ ശത്രുക്കൾ അത്രമാത്രം ഭയാശങ്കകളോടും സംഭ്രമത്തോടും കൂടിയാണ്, ജീവനും കൊണ്ട് ഓടിമറഞ്ഞത്. അങ്ങനെയെങ്കിൽ അബൂജഹലിന്റെ മൃതദേഹമെവിടെ? അതല്ല അയാൾ ഇത്രമാത്രം മുറിവേറ്റിട്ടും രക്ഷപ്പെട്ടോ? പല പല സംശയങ്ങൾ ഉയർന്നു! മൊത്തമുള്ള മൃതദേഹങ്ങൾ ഒരിക്കൽ കൂടി പരിശോധിച്ച്, ഓരോരാളെ തിരിച്ചറിഞ്ഞ് മാറ്റി വെച്ചു. ഇല്ല, അബൂജഹലിന്റെ മൃതദേഹം ഇതോടൊപ്പമില്ല.

റസൂൽ തിരുമേനി(സ) അബ്ദുല്ലാഹ് ബിൻ മസ്ഊദിനോട് യുദ്ധമൈതാനത്ത് വീണ്ടും ചെന്ന് പരിശോധിക്കാൻ പറഞ്ഞു. ഇബ്നു മസ്ഊദ് ചെന്ന് ബദർ മൈതാനത്തിന്റെ ഓരോ ഭാഗവും അരിച്ച് പെറുക്കി. അവസാനം അൽപം അകലെ ഒരു മൺകൂനയുടെ ചെരുവിൽ ഒരു മൃതദേഹം കണ്ടെത്തി. ഇബ്നു മസ്ഊദ് മൃതദേഹത്തിനരികിലേക്ക് ഓടി ചെന്നു. ശരീരത്തിന്റെ ചില ഭാഗങ്ങൾ അറ്റ്പോകുമോ എന്ന് തോന്നത്തക്ക നിലയിൽ മുറിവേറ്റ് കിടക്കുന്ന ഒരു മൃതദേഹം. മുഖത്തും മാരകമായ മുറിവുകളുണ്ട്. ശരീരം മുഴുവനും രക്തത്തോടൊപ്പം മണ്ണും പൊടിയും ഒട്ടിപ്പിടിച്ചിരിക്കുന്നു. ആളെ മനസ്സിലാകുന്നില്ല. ഇസ്‌ലാമിന്റെ ഏറ്റവും വലിയ ശത്രുവായ അബൂ ജഹലിനെ ഏത് ഇരുട്ടിലും തിരിച്ചറിയുന്ന അബ്ദുല്ലാഹ് ഇബ്നു മസ്ഊദിന്,ആളെ അൽപം പോലും തിരിച്ചറിയാനാകുന്നില്ല. അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് മൃതദേഹത്തിനരികിൽ ഇരുന്നു കൊണ്ട് തിരിച്ചറിയാൻ ശ്രമിക്കുമ്പോഴാണ് ഒരു കാര്യം കണ്ടെത്തിയത്. 'മൃതദേഹ'ത്തിന്റെ കൺപോളകളിളകുന്നു. ഇത്രമാത്രം മുറിവേറ്റിട്ടും ഇയാൾ മരിച്ചിട്ടില്ല. ജീവന്റെ ഏതാനും തുടിപ്പുകൾ കൂടി ബാക്കിയുണ്ട്. മരണദൂതൻ ഒരു കാതമകലെ കാത്തിരിക്കുകയാണ്, ഇയാളെ കൊണ്ടു പോകാൻ. ഇബ്നു മസ്ഊദ് അയാളോട് ചോദിച്ചു,നീ ആരാണ്? അയാൾ മറുപടി പറഞ്ഞില്ല. ഒന്നും മിണ്ടിയില്ല. കണ്ണ് തുറന്ന് ഒന്ന് നോക്കുക

മാത്രം ചെയ്തു. ഇബ്നു മസ്ഊദ് വീണ്ടും അയാളോട് ചോദിച്ചു, നീ ഉമറിബ്നുഹിശ്ശാം എന്ന അബൂ ജഹലാണോ? ഉത്തരം ഉടനെ വന്നു.'ഹൽ ഫൗഖ റജുലിൻ ഖതൽത്തുമൂഹു' നിങ്ങൾ എന്നേ ക്കാൾ വലിയ ഒരാളെ കൊന്നിട്ടു ണ്ടോ? അതായത് നീ അന്വേഷി ക്കുന്ന ആൾ ഞാൻ തന്നെയാണ് സംശയിക്കേണ്ട. ഹോ എന്തൊരഹ ങ്കാരം നിറഞ്ഞ വാക്കുകൾ! ഏതാനും ശ്വാസം മാത്രം ബാക്കിയുള്ള, അൽപം മാത്രം ജീവന്റെ തുടിപ്പുകളുള്ള ഒരു 'മൃതദേഹ'ത്തിന്റെ അവസാന രൗദ്രഭാവം.

മക്കാ ജീവിതകാലത്ത് അനേകം മുസ്‌ലിം സഹോദരി സഹോദരന്മാരെ നിഷ്കരുണം ശഹീദാക്കിയ, കൊടിയ യാതനകൾ ക്കും പീഡനങ്ങൾക്കും ഇരയാക്കി യ ചെകുത്താനാണിയാൾ. ലോഹ പണിക്കാരനായ ഖുബാബ് ബിൻ അർത്ത് എന്ന സാധുവിനെ കത്തി ക്കൊണ്ടിരിക്കുന്ന ചൂളയിൽ മലർത്തിക്കിടത്തി ഇളകാതിരി ക്കാനായി മുകളിൽ കയറി നിന്നത് ഇയാളായിരുന്നില്ലേ? നമ്മുടെ സഹോദരി സനീറക്ക് രണ്ട് കണ്ണും നഷ്ടപ്പെട്ടത് ഇയാളുടെ ക്രൂര മർദനം കൊണ്ടായിരുന്നില്ലേ? യാസ്സിർ ബിൻ അമ്മാറിന്റെ വൃദ്ധ മാതാവ് സമിയ്യയെ ഗുഹ്യസ്ഥാന ത്ത് കുന്തംകുത്തി കൊലപ്പെടുത്തി യതും ഇയാൾ തന്നെയായിരുന്നു വല്ലോ? യാസ്സിറിനേയും അദ്ദേഹ ത്തിന്റെ വയോവൃദ്ധനായ പിതാവ് അമ്മാറിനേയും ആമിർ ബിൻ ഫുഹൈറയേയും സുഹൈബ് ബിൻ റോമിയേയും അബൂ ഫികി ഹിയ്യയേയും ചാട്ടവാർ കൊണ്ട് ഭേദ്യം ചെയ്തതും ചുട്ടുപൊള്ളുന്ന മണലിൽ കിടത്തിയതും ഇയാളും സംഘവും തന്നെയായിരുന്നുവ ല്ലോ? അവരുടെ അതിക്രമങ്ങൾ ക്കിരയായവരുടെ നാമാവലി ദീർഘമേറിയതാണ്. ഞങ്ങളുടെ സ്നേഹനിധിയായ ഉമ്മ, റസൂലിന്റെ പ്രിയപത്നി ഖദീജയുടേയും, റസൂലിന് എന്നും ആശ്രയവും തണലുമേകിയിരുന്ന അബൂ ത്വാലിബിന്റേയും അകാല ചരമ ത്തിനിടയാക്കിയ ശഅബ് അബീ ത്വാലിബിലെ തടങ്കൽ ആസൂത്രണം ചെയ്തതും നടപ്പിൽ വരുത്തിയതും അതിന് നേതൃത്വം നൽകിയതും ഇയാൾ തന്നെയായി രുന്നുവല്ലോ? ആ ദണ്ഡനങ്ങൾക്കും പീഡനങ്ങൾ ക്കും ഇരയായ ജീവിച്ചിരിക്കുന്നവ രും രക്തസാക്ഷികളുമായ ആ നിസ്സഹായരായവരുടെ ഹൃദയ ത്തിൽ നിന്ന് ഉയർന്ന വേദന യുടേയും രോദനത്തിന്റേയും, അവരുടെ ആത്മാവിൽ നിന്ന് ബഹിർഗമിക്കുന്ന നൊമ്പരങ്ങളുടേ യും വിലാപത്തിന്റെയും ചെറിയൊ രംശമെങ്കിലും ഇയാളും ഇയാളുടെ കൂട്ടാളികളും ഈ ലോകത്ത് വെച്ച് തന്നെ രുചിക്കേണ്ടതല്ലേ? അനുഭവി ക്കേണ്ടതല്ലേ? ആ വേദന അവരും അറിയേണ്ടതല്ലേ? തീർച്ചയായും അവർ അറിയേണ്ടതാണ്. അവർ രുചിക്കേണ്ടതാണ്. അല്ലാഹു ഈ യുദ്ധത്തിലൂടെ അതാണ് കാണിച്ച ത്. അതുതന്നെയാണ് വെളിപ്പെടു ത്തിയത്. ഇത്രയധികം മുറിവേറ്റിട്ടും രക്തം വാർന്നൊലിച്ചിട്ടും മൂർച്ഛി ക്കാതെ ജീവൻ വെടിയാതെ അസഹ്യമായ വേദന കൊണ്ട് ഞെരിപിരികൊള്ളുകയാണ് ഈ അപരാധി മൂപ്പൻ.

## പിശാചുക്കളുടെ ദുർവൃത്തിയും ശിക്ഷയും

വർഷങ്ങൾക്ക് മുമ്പ് ഒരു ദിവസം, അല്ലാഹുവിന്റെ റസൂൽ മക്കയിൽ കഅബാ അങ്കണത്തിൽ ഒരു മൂലയിൽ ചുറ്റുപാടുകളെ മറന്നുകൊണ്ട് ഏകാന്തതയിൽ തന്റെ പ്രേമഭാജനമായ അല്ലാഹു വിനെ ആരാധിക്കുകയായിരുന്നു. അവിടെ മറ്റൊരു ഭാഗത്ത് ഒത്തു കൂടിയിരുന്ന ഈ അബൂജഹലും കൂട്ടരും നമസ്കരിക്കുകയായിരുന്ന തിരുനബിയെ കാണാനിടയായി. പാവങ്ങളായ മുസ്‌ലിമീങ്ങളെ ഏത് വിധേനയും ദ്രോഹിക്കുന്ന കാല മായിരുന്നു അത്. കുറെ പിശാചു ക്കൾ ഒന്നിച്ചപ്പോൾ അവരുടെ തലയിൽ പൈശാചിക ചിന്തകൾ ഉണർന്നു. പദ്ധതികൾ രൂപം കൊണ്ടു. ഇതിനടുത്ത് അറുക്കപ്പെട്ട ഒട്ടകത്തിന്റെ കുടൽ മാല, സുജൂദിലാകുമ്പോൾ മുഹമ്മദി (സ) ന് മേൽ കൊണ്ടുവന്നിടാൻ ധാരണയായി. അപ്പോഴുള്ള മുഹമ്മദി (സ) ന്റെ വെപ്രാളവും അസ്ഡാളിപ്പും കണ്ട് രസിക്കാം. കൂടെ ഏകദൈവാരാധനയെ അലങ്കോലപ്പെടുത്തുകയും ചെയ്യാം. അതായിരുന്നു അവരുടെ ലക്ഷ്യം. കുറച്ചുപേർ ചെന്ന് ഭാരിച്ച കുടൽമാല സുജൂദിലുള്ള അല്ലാഹു വിന്റെ റസൂലിന് മേൽ കൊണ്ടു വന്നിട്ടു. ദുർഗന്ധം വമിക്കുന്നതും ഭാരിച്ചതുമായ കുടൽ മാല കാരണം റസൂലുല്ലാക്ക് തല പൊക്കാനാവാ തെ അതിന്റെ ഭാരത്തിൽ അമർന്നു പോയി. ശ്വാസം മുട്ടി മരിച്ചു പോകുമോ എന്നുപോലും ഭയപ്പെ ട്ടു. തിരുമേനിയുടെ അസ്വസ്ഥത യും വെപ്രാളവും കണ്ട്, കൂടി യിരിക്കുന്ന പിശാചുക്കൾ പൊട്ടി പൊട്ടി ചിരിക്കാൻ തുടങ്ങി. അവർക്ക് ചിരി അടക്കാനാവാതെ, സഹിക്കാനാവാതെ ഒരാൾ മറ്റൊരാ ളുടെ മേൽ മറിഞ്ഞു വീണു കൊണ്ടിരുന്നു.ആ ധിക്കാരികൾ റസൂലിന്റെ ബുദ്ധിമുട്ട് കണ്ട് അത്രകണ്ട് ആഹ്ലാദിക്കുകയും സന്തോഷിക്കുകയും ചെയ്തു. ആ പിശാചുക്കൾ ഏഴ് പേരുണ്ടായിരു ന്നു. വിവരമറിഞ്ഞ് റസൂലിന്റെ മകൾ ഫാത്തിമത്തുസുഹ്റ ഓടി വന്നു. കുടൽ മാലകൾ വലിച്ച് താഴെ ഇട്ട് തന്റെ പ്രിയപ്പെട്ട പിതാവിനെ രക്ഷിച്ചു. അതിന് ശേഷം മാത്രമേ റസൂലിന് തല പൊക്കാൻ സാധിച്ചുള്ളൂ. റഹ്മത്തുൽ ലിൽ ആലമീനായ, കാരുണ്യത്തിന്റെ സാഗരമായ സ്നേഹത്തിന്റേയും ഔദാര്യത്തി ന്റേയും മൂർത്തീഭാവമായ അല്ലാഹു വിന്റെ റസൂലിന് പിശാചുക്കളുടെ ഈ ദുർവൃത്തി സഹിക്കാനായില്ല.

എത്രയോ വേദനകളും കഷ്ട പ്പാടുകളും ശത്രുക്കൾ സമ്മാനിച്ച

പ്പോഴും, ഒരിക്കൽ പോലും അവർക്കെതിരിൽ അല്ലാഹുവിനെ വിളിക്കാത്ത, ത്വായിഫിൽ വെച്ച് കല്ലെറിഞ്ഞ് അതിദാരുണമായി പരിക്കേൽപ്പിച്ചവരെ, രണ്ട് മലകൾക്കിടയിൽ ഞെരിച്ചമർത്തി നശിപ്പിക്കാമെന്ന് അല്ലാഹുവിന്റെ മാലാഖ വന്ന് പറഞ്ഞപ്പോഴും അരുത്, അരുത് എന്ന് ശക്തമായി പറഞ്ഞ ആ മഹാനുഭാവൻ, ഇവിടെ അല്ലാഹുവിനെ അതിദയനീയമായി വിളിച്ച് വിലപിച്ചു. എന്റെ രക്ഷിതാവേ, എന്റെ നാഥാ, നീ അബൂജഹലിനേയും ഉത്ബാ ബിൻ റബീഅയേയും വലീദിനേയും പിടികൂടേണമേ, എന്റെ നമസ്കാരത്തെ അലങ്കോലപ്പെടുത്തുകയും എന്നെ വധിക്കാൻ ശ്രമിക്കുകയും ചെയ്ത അഖബ ബിൻ അബീ മുഗീത്തിനേയും ശേബാ ബിൻ റബീഅയേയും ഉമയ്യത്തിബ്നു ഖലഫിനേയും നീ വെറുതെ വിടരുതേ. അവരെ നീ ഒരു പാഠം പഠിപ്പിക്കേണമേ. റസൂലിന്റെ ഹൃദയത്തിൽ നിന്നുയർന്ന ഈ ദീനരോദനം അല്ലാഹു കേട്ടു. അതേപടി സ്വീകരിച്ചു. ബദർ മൈതാനത്ത് യുദ്ധാവസരത്തിൽ ഏഴുപേരിൽ അഞ്ചു പേർ വെട്ടിതുണ്ടമാക്കപ്പെട്ടു. ജീവനും കൊണ്ടോടിയ ആറാമത്തെ ആൾ ഉമയ്യത്തിബ്നു ഖലഫിനേയും അല്ലാഹു പിടികൂടി. അയാളും വാളിന്നിരയായി, അതിദയനീയമായി വധിക്കപ്പെട്ടു. ഒരു കണക്കിൽ അവരെല്ലാം ഭാഗ്യവാന്മാരാണ്. അവർക്കാർക്കും അധികനേരം വേദന സഹിക്കേണ്ടി വന്നില്ല. അവർ പെട്ടെന്ന് തന്നെ ഇഹലോകവാസം വെടിഞ്ഞു. ഏഴാമത്തെ ആൾ അബൂജഹൽ ഇപ്പോൾ വേദന സഹിക്കാനാവാതെ ക്ഷീണിതനും വിഷണ്ണനുമായി തളർന്ന് തന്റെ ജീവിതത്തിന്റെ അവസാന നിമിഷം പൂർത്തിയാക്കുകയാണ്.

അൽപനേരത്തെ മൗനത്തിന് ശേഷം അബൂജഹൽ, അബ്ദുല്ലാഹ് ബിൻ മസ്ഊദിനോട് പറഞ്ഞു, എനിക്ക് മരിക്കാൻ ഭയമോ അതുകാരണം ദു:ഖമോ ഉള്ളതായി നീ തെറ്റി ദ്ധരിക്കരുത്. എന്നിട്ട് പറഞ്ഞു, 'ലൌ ഗൈറ ഇകാറിൻ ഖതലനി', എന്റെ മരണം ഈ നിലവാരമില്ലാത്ത കൃഷിക്കാരുടെ കൈകൾ കൊണ്ടായിപോയല്ലോ എന്നതിലാണെനിക്കുള്ള മനോവേദന'. ഞാൻ നിങ്ങളോട് നേരത്തെ പറഞ്ഞതുപോലെ മക്കക്കാരുടെ ദൃഷ്ടിയിൽ കൃഷി തീരെ നിലവാരമില്ലാത്തതും അന്തസ്സില്ലാത്തതുമായ തൊഴിലാണ്. അതേ സമയം കച്ചവടം അവർക്ക് ഒരു മഹനീയ ജീവിത മാർഗവുമാണ്. അതുകാരണം മക്കക്കാർ കൃഷിക്കാരായ മദീനക്കാരെ, തീരെ നിലവാരമില്ലാത്തവരായിട്ടാണ് കണ്ടിരുന്നത്. മരിക്കാൻ പോകുന്നവന്റെ മനോവേദനപോലും, തന്റെ മരണം കൃഷിക്കാരുടെ കൈകൊണ്ടായി പോയല്ലോ എന്നതാണ്. എന്തൊരു വിരോധാഭാസം. എന്തൊരു ഗർവ്. അബൂജഹൽ ഏറെക്കുറെ മരണത്തിന് കീഴടങ്ങിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും അവസാനമായി ഇബ്നു മസ്ഊദിനോട് പതിഞ്ഞ സ്വരത്തിൽ അയാൾ ചോദിച്ചു, യുദ്ധഭൂമിയിൽ ആർക്കാണ് മേൽകോയ്മ ലഭിച്ചത്. ഇബ്നു മസ്ഊദ്, അല്ലാഹുവിനും അവന്റെ റസൂലിനും എന്ന് പറയുമ്പോഴേക്കും അബൂജഹൽ അന്ത്യശ്വാസം വലിച്ചു. ഇബ്നു മസ്ഊദ് തിരിച്ചു വന്നു വിവരങ്ങളെല്ലാം റസൂലുല്ലായെ ധരിപ്പിച്ചു. ഞങ്ങൾ അയാളുടെ മൃതദേഹവും എടുത്ത് ഗോത്രനേതാക്കളും തലവന്മാരുമായ പ്രതാപശാലികളോടൊപ്പം ഒരു സ്ഥലത്ത് കൊണ്ട് വന്ന് വെച്ചു.

## ശത്രുക്കളുടെ നാരായ വേരറുത്തു

ശത്രുക്കൾക്ക് എന്തൊരു പതനമാണ് ഉണ്ടായിരിക്കുന്നത്. അവർ മക്കയിൽ നിന്ന് ബദറിലേക്ക് പുറപ്പെടുന്നതിന് മുമ്പ് കഅബയുടെ റബ്ബിനെ വിളിച്ച് പ്രാർഥിച്ചത് അവർക്ക് വിനയായി. അല്ലാഹു പരിപൂർണമായും അത് കേട്ടു. അത് സ്വീകരിച്ചു. മറ്റൊന്ന്, റസൂൽ തിരുമേനി(സ) കുറച്ച് വർഷങ്ങൾക്ക് മുമ്പ് ചെയ്ത ശാപപ്രാർഥനയും അവരുടെ നാരായവേര് മുറിച്ചു. ഒന്നോ രണ്ടോ ദിവസത്തെ യുദ്ധത്തിലൂടെ മക്കയിലെ മുഴുവൻ ഗോത്രങ്ങളും അനാഥരായി. അവരുടെ മുഴുവൻ നേതാക്കളേയും അല്ലാഹു ഈ ഭൂമുഖത്ത് നിന്ന് തുടച്ച് നീക്കി. ഖുറൈശികൾ യത്തീമീങ്ങളായി മാറി. 'യഖ്തഅ ദാബിറൽ കാഫിരീൻ' (ഖുർആൻ 8:8). അവിശ്വാസികളുടെ നാരായവേര് മുറിച്ച് അവരെ ഉന്മൂലനം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അല്ലാഹു വളരെ മുമ്പേ തന്നെ പ്രഖ്യാപിച്ചിരുന്നു. അത് പ്രകാരം തന്നെയാണ് അവരുടെ വേര് അറുത്ത് മാറ്റിയത്. ചില്ലകളായിരുന്നില്ല അറുത്തത്. കൊല്ലപ്പെടാതെ രക്ഷപ്പെട്ട മുൻനിര നേതാക്കൾ പലരും മുസ്‌ലിം സൈന്യത്തിന്റെ പിടിയിലുമായി. അതിൽ റസൂലിന്റെ എളാപ്പ അബ്ബാസ് ബിൻ അബ്ദിൽ മുത്തലിബും, പിതൃസഹോദര പുത്രനും അലിയുടെ അനുജനുമായ അഖീലും, മകൾ സൈനബിന്റെ ഭർത്താവ് അബുൽ ആസ് ബിൻ റബീഅ് എന്നിവരും ഉൾപ്പെടുന്നു.

## നേതാക്കൾക്കൊരു കുഴിമാടം

കൊല്ലപ്പെട്ട ശത്രുക്കളുടെ എണ്ണം ഇപ്പോൾ എഴുപതായി. അതിൽ നേതാക്കളായ ഇരുപത്തിനാലുപേർക്കായി ബദർ താഴ്‌വരയുടെ ഒരു ഭാഗത്ത് വലിയൊരു കുഴി തയ്യാറാക്കപ്പെട്ടു. അതിൽ ആ ഇരുപത്തിനാലുപേരേയും ഒന്നിച്ച് സംസ്കരിച്ചു. ബാക്കിയുള്ള 46 പേരെ ബദറിന്റെ വിവിധ ഭാഗങ്ങളിലും സംസ്കരിച്ചു. ഇവിടെ ഒരു ചെറിയ ദു:ഖം ബാക്കിയാകുന്നു. നമ്മെ വെറുക്കാത്തവരും, ഒരുവേള നമ്മെ സഹായിച്ച് കൊണ്ടിരുന്നവരുമായ ചിലർ ശത്രുപക്ഷത്തുണ്ടെന്നും അവർ നിങ്ങൾക്കധീനപ്പെടുകയാണെങ്കിൽ അവരെ അപകടപ്പെടുത്തരുതെന്നും ദ്രോഹിക്കരുതെന്നും അല്ലാഹുവിന്റെ റസൂൽ ഞങ്ങളെ ഉപദേശിച്ചി

ട്ടുണ്ടായിരുന്നു. അന്ന് റസൂൽ തിരുമേനി (സ) രണ്ട് പേരായിരുന്നുവല്ലോ പ്രധാനമായും പറഞ്ഞിരുന്നത്. രണ്ട് പേരിൽ ഒരാൾ അബുൽ ബക്തരിയും മറ്റൊരാൾ അബ്ബാസ് ബിൻ അബ്ദുൽ മുത്തലിബുമായിരുന്നു. അബ്ബാസ് പിടിക്കപ്പെട്ടുവെങ്കിലും അബുൽ ബക്തരി കൊല്ലപ്പെട്ടു. അതിഘോരമായ യുദ്ധം നടക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാൻ ഏറെ പ്രയാസകരമാണ്. ഞങ്ങൾക്കതിൽ ദു:ഖമുണ്ട്. എന്നാൽ അല്ലാഹുവിന്റെ റസൂൽ ഇത്തരത്തിൽ ഞങ്ങളെ അനുശാസിച്ചിട്ടുണ്ടെന്ന കാര്യം അബുൽ ബക്തരി കൊല്ലപ്പെടുന്നതിന് മുമ്പ് അറിഞ്ഞിരുന്നു. അത് അദ്ദേഹത്തെ സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു. കാരണം അദ്ദേഹം ശത്രുക്കളോടൊപ്പം അവരുടെ സമ്മർദത്താൽ വന്നതാണെങ്കിലും മനസ്സ് കൊണ്ട് അദ്ദേഹം മുസ്‌ലിമീങ്ങളോടൊപ്പമായിരുന്നു.

### 14 പേർ ശുഹദാക്കൾ

യുദ്ധത്തിന് ശേഷം നമ്മുടെ സഹോദരന്മാരുടെ കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിച്ചു. പതിനാല് പേർ ഞങ്ങളെ എന്നന്നേക്കുമായി വിട്ടുപിരിഞ്ഞിട്ടുണ്ട്. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ശുഹദാക്കളുടെ മഹനീയ സ്ഥാനം കൈവരിച്ച ആ പതിനാലുപേരിൽ ആറ് പേർ മുഹാജിരീങ്ങളും എട്ടുപേർ അൻസാറുകളുമായിരുന്നു. ശുഹദാക്കളിൽ, ഈ യുദ്ധത്തിൽ പങ്കെടുക്കാനായി അത്യാവേശം കാണിക്കുകയും വിലപിക്കുകയും ചെയ്തതിന്റെ പേരിൽ അല്ലാഹുവിന്റെ റസൂൽ അനുവാദം നൽകിയ സഅദ് ബിൻ വക്കാസിന്റെ അധികം പ്രായമാകാത്ത അനുജൻ ഉമൈർ വക്കാസിന്റെ മൃതദേഹവും ഉണ്ടായിരുന്നു. ഈ യുദ്ധത്തിൽ പങ്കെടുത്ത് കൊണ്ട് ശഹീദാകണം എന്നതവന്റെ അഭിലാഷമായിരുന്നു. അവന്റെ ആഗ്രഹം പോലെ അല്ലാഹു ചെറിയ പ്രായത്തിൽ തന്നെ അവനെ ശഹീദിന്റെ സ്ഥാനം നൽകി അനുഗ്രഹിച്ചു.

ധാരാളം സഹോദരന്മാർക്ക് മുറിവേറ്റിട്ടുണ്ട്. എന്നാൽ ഈ കോട്ടവും നഷ്ടവും ഒരിക്കലും തന്നെ അതിമഹത്തായ ഈ വിജയത്തിന് കളങ്കം ചാർത്തുന്നവയോ അപ്രിയപ്പെടുത്തുന്നവയോ അല്ലായിരുന്നു. ഞങ്ങളുടെ എല്ലാവരുടേയും ഹൃദയം അല്ലാഹുവിനോടുള്ള നന്ദിയും കൃതജ്ഞതയും കൊണ്ട് നിർഭരമാണ്. അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുവാൻ ഞങ്ങളുടെ പക്കൽ വാക്കുകളില്ല. ഞങ്ങൾക്ക് ഊഹിക്കുവാനോ സ്വപ്നം കാണുവാനോ സാധിക്കാത്ത തരത്തിലുള്ള വമ്പിച്ച വിജയമാണവൻ നൽകിയത്. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. അല്ലാഹുവിന്റെ റസൂൽ മുറിവേറ്റവരെ ശുശ്രൂഷിക്കാനും മരുന്ന് വെച്ച് കെട്ടുവാനും ശുഹദാക്കളെ സംസ്കരിക്കുവാനുമായി യുദ്ധത്തിന് ശേഷം ബദറിൽ മൂന്ന് ദിവസം തങ്ങുകയുണ്ടായി. ശുഹദാക്കളെ ബദറിൽ തന്നെ പ്രത്യേക സ്ഥലത്ത് ഖബറടക്കം ചെയ്തു.

### നബി തിരുമേനി(സ) കുഴിമാടത്തിനരികിൽ

എല്ലാ കാര്യങ്ങളും നിർവഹിച്ച ശേഷം ഞങ്ങളെല്ലാം റസൂലിനോടൊപ്പം തിരിച്ച് മദീനയിലേക്ക് പുറപ്പെടുന്നതിനു മുമ്പ് തിരുമേനി (സ) മക്കയിലെ ഇരുപത്തിനാല് അവിശ്വാസി നേതാക്കളെ ഒരുമിച്ച് സംസ്കരിച്ച കുഴിമാടത്തിനരികിൽ വന്നു. ശേഷം അവിടെ അടക്കം ചെയ്യ പ്പെട്ട ഓരോരാളുടേയും പേര് വിളിച്ച് അവരോട് ചോദിച്ചു,

*'ഹൽ വജദ്ത്തും മാ വഅദല്ലാഹു ഹക്കൻ'.* അല്ലാഹു ഞാൻ മുഖേന നിങ്ങളോട് ചെയ്ത വാഗ്ദാനം സത്യമായിരുന്നുവോ?

*'ഫ ഇന്നീ വജദത്തു മാ വഅദനീയല്ലാഹു ഹഖൻ'* അല്ലാഹു എന്നോട് ചെയ്ത വാഗ്ദാനം നിശ്ചയമായും സത്യമായിരുന്നു.

യാ അഹ്‌ലൽ ഖലീബ്! അല്ലയോ കുഴിമാടത്തിൽ വസിക്കുന്നവരെ,

*'ബിഅ്സ അശീറത്തുന്നബിയ്യി കുൻത്തും ലിനബിയ്യിക്കും',* നിങ്ങൾ നബിയുടെ അങ്ങേയറ്റം നികൃഷ്ടരായ ബന്ധുക്കളായിപ്പോയല്ലോ.'

*കുൻതും കസ്സബ്തുമൂനീ',* നിങ്ങൾ എന്നെ വ്യാജനായി ചിത്രീകരിച്ചു.

*'വ സദഖനിയന്നാസ്',* എന്നാൽ സാധാരണക്കാരായ ജനം എന്നിൽ വിശ്വാസമർപ്പിച്ചു.

*'വ അഖറജ്തുമുനീ',* നിങ്ങൾ എന്നെ എന്റെ നാട്ടിൽ നിന്നും ആട്ടിപ്പുറത്താക്കി.

*'വ ആവാനിയ ന്നാസ്',* എന്നാൽ സാധാരണക്കാർ, എനിക്കവരുടെ നാട്ടിൽ അഭയം നൽകി.

*'വ ഖാതൽത്തുമുനീ'* നിങ്ങൾ എനിക്കെതിരിൽ യുദ്ധം നയിച്ചു.

*'വ നസറനിയന്നാസ്,* എന്നാൽ ജനങ്ങൾ എന്നെ സഹായിച്ചു.

ഇത് കേട്ടപ്പോൾ ഉമർ ഖത്ത്വാബ് പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, ഇവർ മരിച്ച് പോയിരിക്കുന്നു. മരിച്ചവർ എന്ത് കേൾക്കാനാണ്'. റസൂൽ പറഞ്ഞു,''എന്റെ വാക്കുകൾ നീ കേൾക്കുന്നതിനേക്കാൾ നന്നായി ഈ കുഴിമാടത്തിലുള്ളവർ കേൾക്കുന്നുണ്ട്''. അതായത് അവർ ഇപ്പോൾ ഈ യാഥാർഥ്യങ്ങൾ എല്ലാം നന്നായി മനസ്സിലാക്കുന്ന മറ്റൊരു ലോകത്ത് എത്തിയിട്ടാണുള്ളത്. ശത്രുക്കളോട് പറഞ്ഞ റസൂലിന്റെ ഈവാക്കുകളിൽ ഒരു പ്രത്യേക നൊമ്പരം അന്തർലീനമായിരിക്കുന്നതായി കാണാം. ആദ്യകാല സംഭവങ്ങളെല്ലാം തന്നെ ഒരു ചലിക്കുന്ന ചിത്രമായി തിരുമേനിയുടെ സ്മൃതിപഥത്തിലൂടെ കടന്ന് പോകുന്നതു പോലെ, എല്ലാം റസൂൽ കാണുന്നതു പോലെ തോന്നുന്നു. വ ഖാതൽത്തുമുനീ, നിങ്ങൾ എനിക്കെതിരിൽ

ആദ്യം യുദ്ധം നയിച്ചു. അപ്പോൾ മാത്രമാണു ഞാൻ പ്രതിരോധിച്ചത്, അതായത് ഞാൻ നിങ്ങളോട് ഒരു അതിക്രമവും പ്രവർത്തിച്ചില്ല. എല്ലാം നിങ്ങളാണു ആദ്യം തുടങ്ങിവെച്ചത് എന്ന് തിരുമേനി അവരെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു.

## റുഖിയ്യ ബിൻത് റസൂലിന്റെ വേർപാട്

അല്ലാഹുവിന്റെ റസൂലും സംഘവും മദീനയിലേക്ക് പുറപ്പെട്ടു. യുദ്ധത്തിൽ അതിമഹത്തായ വിജയം കൈവരിച്ചുകൊണ്ട് മുസ്ലിമീങ്ങൾ തിരിച്ച് വരുന്ന സന്തോഷവാർത്ത മദീന നിവാസികളെ അറിയിക്കുവാനായി നേരത്തെ തന്നെ അല്ലാഹുവിന്റെ റസൂൽ സൈദ് ബിൻ ഹാരിസയെ മദീനയിലേക്ക് അയച്ചിരുന്നു. രോഗിയും അവശയുമായിരുന്ന തന്റെ മകൾ റുഖിയ്യയെ പരിചരിക്കുവാനും ശുശ്രൂഷിക്കുവാനുമായി അവരുടെ ഭർത്താവ് ഉസ്മാൻ ബിൻ അഫ്ഫാനെ ചുമതലപ്പെടുത്തി കൊണ്ടായിരുന്നുവല്ലോ അല്ലാഹുവിന്റെ റസൂൽ യുദ്ധത്തിനായി പുറപ്പെട്ടത്. അതുകാരണം ഉസ്മാൻ ബിൻ അഫ്ഫാന് ഈ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ തന്റെ പ്രിയ പിതാവും സംഘവും വിജയശ്രീലാളിതരായി തിരിച്ച് വരുന്നത് കാണാൻ കാത്ത് നിൽക്കാതെ ആ മകൾ എല്ലാവരേയും കണ്ണീരിലാഴ്ത്തി കൊണ്ട് എന്നന്നേക്കുമായി യാത്രയായി. ഇത് മദീനവാസികളേയും ഉസ്മാൻ ബിൻ അഫ്ഫാനേയും വല്ലാതെ ദു:ഖത്തിലാഴ്ത്തി. ആ അവസരത്തിലാണ് സൈദ് ബിൻ ഹാരിസ് സന്തോഷവാർത്തയുമായി മദീനയിലെത്തുന്നത്. വാർത്ത കേട്ടവർ കേട്ടവർ സന്തോഷത്താൽ തുള്ളിച്ചാടി. അല്ലാഹുവിനെ സ്തുതിച്ചു. അതോടൊപ്പം ഈ യുദ്ധത്തിൽ പങ്കെടുക്കാതെ മാറിനിന്നവർക്ക് എന്തെന്നില്ലാത്ത ദു:ഖവും കുണ്ഠിതവുമുണ്ടായി. ഇതിൽ പങ്കെടുത്തുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിക്കും അനുഗ്രഹത്തിനും അവകാശികളാകുവാനുള്ള അവസരം നഷ്ടപ്പെട്ടുവല്ലോ എന്ന് ഓർത്താണ് അവർക്ക് സങ്കടം. ഏതായാലും റുഖിയ്യ ബിൻത് റസൂലിന്റെ വേർപാട് കൊണ്ടുണ്ടായ ഹൃദയ വേദനക്കും ദു:ഖത്തിനും, മുസ്ലിമീങ്ങൾ കൈവരിച്ച അതിമഹത്തായ വിജയവും നേട്ടവും സാന്ത്വനമായി മാറി.

ഞാൻ നേരത്തെ പറഞ്ഞ പോലെ അവിശ്വാസികൾ 70 പേർ കൊല്ലപ്പെട്ടിരുന്നു. അത്രയും പേർ പിടിയിലുമായി. യുദ്ധത്തടവുകാരെ എല്ലാവരേയും മദീനയിലേക്ക് കൊണ്ടുവന്നു. സാധാരണ അറബികൾ യുദ്ധത്തടവുക്കാരെ വധിക്കുകയോ അടിമകളാക്കുകയോ ആണ് ചെയ്തിരുന്നത്. അല്ലാഹുവിന്റെ റസൂൽ ഞങ്ങളോടെല്ലാം കൂടിയാലോചനകൾ നടത്തുകയുണ്ടായി. പലരും പല അഭിപ്രായങ്ങൾ മുന്നോട്ട് വെച്ചു. ഉമർ ഖത്ത്വാബ് ഇസ്ലാമിന്റെ ബദ്ധശത്രുക്കളായ ഇവരെ എല്ലാം തന്നെ വധിക്കേണമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ അബൂബക്കർ, മോചനമൂല്യം വാങ്ങി എല്ലാവരേയും മോചിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടത് അല്ലാഹുവിന്റെ റസൂൽ അംഗീകരിച്ചു

ബദറിൽ നിന്ന് ലഭിച്ച വമ്പൻ പരാജയവും പ്രിയപ്പെട്ടവരുടെ അപ്രതീക്ഷിത വേർപാടും പ്രതാപശാലികളായ നേതാക്കളുടെ വധവും മക്കക്കാരെ ആകെ ഉലച്ചു. അവർ മാനസികമായി തകർന്ന് തരിപ്പണമായി. മുൻനിര നേതാക്കളിൽ ആകെ ബാക്കിയായത് അബൂ സുഫിയാൻ മാത്രം. അബൂലഹബ് ബദർ യുദ്ധത്തിൽ പങ്കെടുത്തില്ലെങ്കിലും പരാജയവാർത്ത വന്ന് അധികം കഴിയുന്നതിന് മുമ്പ് തന്നെ അയാളും മരണത്തിന് കീഴടങ്ങി. ചില രോഗങ്ങളും ദു:ഖഭാരവുമായിരുന്നു മരണകാരണം. അദ്ദേഹത്തിന്റെ സഹോദരി ഖുറൈശികളുടെ പതനത്തെ കുറിച്ച് കണ്ട സ്വപ്നം അതേപടി പുലർന്നു. യുദ്ധം ഇല്ലാതാക്കുവാനുള്ള, അവരിൽ നിന്ന് തന്നെയുള്ളവരുടെ ശ്രമങ്ങൾക്ക് അബൂജഹലിനെ പോലുള്ളവർ തുരങ്കം വെച്ചില്ലായിരുന്നുവെങ്കിൽ എത്ര നന്നായേനേ എന്നവർ ചിന്തിക്കാൻ തുടങ്ങി. (തുടരും)

### കടപ്പാട് & അവലംബം


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)

2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ

3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.

4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.

5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.

6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലാനാ അബ്ദുസ്സമീഅ് ഖാൻ സാഹിബ് റബ്വ.

7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)

8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി

9. മസാമീൻ ഹദ്റത്ത് ഡോക്റ്റർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5

10. സീറത്ത് റസൂൽ ..... നുബുവ്വത്ത് സെ ഹിജ്റത്ത് തക് By ബുശ്റ ദാവൂദ് സാഹിബ, റബ്വ.

11. സീറത്ത് റസൂൽ....ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി

12. ഹമാരാ ആക്കാ By ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് പാനിപതി

13. മീഡിയ ലൈബ്രറി .....അൽ ഇസ്ലാം ഡോട് ഓർഗ്

14. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ റബ്വ

കുറിപ്പുകൾ

# അഴിമതി മറച്ചുവെക്കാൻ അഹ്മദികൾക്കെതിരെ

**മുസാഫിർ**

അഴിമതിക്കാരായ രാഷ്ട്രീയ നേതാക്കന്മാരുടെയും ജിഹാദികളുടെയും മാഫിയാ സംഘങ്ങളുടെയും ഭൂമിയിലെ പറുദീസയാണ് പാകിസ്താൻ. നീതിരഹിതമായ മതനിയമങ്ങളുടെയും മുല്ലായിസ്റ്റ് ഭീകരതയുടെയും മതതീവ്രവാദത്തിന്റേയും ലോകതലസ്ഥാനം കൂടിയാണ് ആ രാജ്യം. പൊതുസമ്പത്ത് കട്ടുമുടിച്ചോ ക്രിമിനൽ പ്രവർത്തനം നടത്തിയോ മറച്ചുവെക്കാൻ കഴിയാത്ത വിധം കുറ്റാരോപിതരാവുന്ന ഭരണാധികാരികളും മതനേതാക്കന്മാരും തങ്ങളുടെ നഷ്ടപ്പെട്ട പ്രതിഛായ വീണ്ടെടുക്കാൻ അഹ്മദികൾക്കെതിരെ വിഷംചീറ്റുക എന്നത് പാകിസ്താനിലെ ഒരു ദേശീയ രോഗമാണ്. മറ്റാർക്കുമില്ലാത്ത തീവ്ര ഇസ്‌ലാംമത പ്രേമം അഭിനയിച്ച്, അഹ്മദികൾക്കെതിരെ കൊടിയ വിദ്വേഷം ജനിപ്പിക്കുന്ന എന്തെങ്കിലും പ്രസ്താവന നടത്തി മുല്ലായിസത്തിന്റെ നിഷേധാത്മക മൂല്യങ്ങളാൽ മനോഗ്രസ്തി ബാധിച്ച പാകിസ്താൻ മതസമൂഹത്തിൽ ഒരുകലക്കമുണ്ടാക്കുക അവരുടെ രീതിയാണ്. അതിൽ നിന്ന് വല്ല നേട്ടവുമുണ്ടാക്കാമെന്ന് അവർ പ്രതീക്ഷിക്കുന്നു. ഇതാണ് പാകിസ്താനിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സെക്കുലരിസത്തിൽ അടിയുറച്ച് നിന്ന ഖായിദെ അഅ്സം ജിന്നാ സാഹിബിന് ശേഷം അധികാരത്തിൽ വന്ന പാകിസ്താനിലെ രാഷ്ട്രീയ നേതാക്കന്മാരും പട്ടാള മേധാവികളും മതനേതാക്കളും ഈ ഹീന രാഷ്ട്രീയം പരീക്ഷിക്കുന്നവരാണ്. അങ്ങനെ രാഷ്ട്രീയം കളിച്ചവർക്ക് അല്ലാഹുവിന്റെ പിടുത്തത്തിൽ നിന്ന് രക്ഷപ്പെടാനായിട്ടില്ല എന്ന് പാകിസ്താൻ രാഷ്ട്രീയം സൂക്ഷ്മമായി നിരീക്ഷിക്കുന്ന വർക്കറിയാം. ഈ മതരാഷ്ട്രീയക്കാരെല്ലാവരും കൂടി പാകിസ്താനെ എവിടെ എത്തിച്ചു എന്ന് വിവേകികൾക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.



ക്യാപ്റ്റൻ മുഹമ്മദ് സഫ്ദർ പാകിസ്താൻ പാർലമെന്റിൽ അഹ്മദികൾക്കെതിരെ പ്രസംഗിക്കുന്നു.

അത്തരമൊരു നാടകമാണ് പാകിസ്താനിൽ ഇപ്പോൾ അരങ്ങേറുന്നത്. പാകിസ്താൻ മുൻ പ്രധാനമന്ത്രിയും പാകിസ്താൻ മുസ്‌ലിം ലീഗ് പാർട്ടി നേതാവുമായ നവാസ് ഷെരീഫും അദ്ദേഹത്തിന്റെ മരുമകൻ ക്യാപ്റ്റൻ മുഹമ്മദ് സഫ്ദറും മകൾ മറിയമും മക്കളായ ഹസൻ, ഹുസൈൻ എന്നിവരും അഴിമതി കേസിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയിരിക്കയാണ്. 'പനാമ പേപ്പേഴ്സ്' എന്ന പേരിൽ പുറത്ത്വന്ന ചില രേഖകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണങ്ങളെ തുടർന്ന്, കഴിഞ്ഞ ജൂലായിയിൽ പാകിസ്താൻ സുപ്രീം കോടതി നവാസ്

ഷെരീഫ് പ്രധാന മന്ത്രിപദത്തിൽ തുടരാൻ അയോഗ്യനാണെന്ന് വിധിച്ചിരുന്നു. പിന്നീട് അദ്ദേഹം പ്രധാന മന്ത്രിപദവി രാജിവെക്കുക യാണുണ്ടായത്. സുപ്രീം കോടതി നിയമിച്ച മൂന്നംഗ സമിതിയാണ് അന്വേഷണം നടത്തിയത്. അന്വേഷ ണ സംഘത്തിൽ രണ്ട് മിലിട്ടറി പ്രതിനിധികളും ഇംറാൻ ഖാന്റെ തെഹ്‌രീക്ക് ഇൻസാഫ് പാർട്ടിയുടെ ഒരു സഹയാത്രികനുമടങ്ങുന്നതാ യിരുന്നു അന്വേഷണ സംഘം. പാകിസ്താൻ ഭരണഘടനനയുടെ ആർട്ടിക്കിൾ 62 ൽ അധികാര സ്ഥാനത്തുള്ളവർ 'സാദിക്കും അമീനും' (സത്യസന്ധനും വിശ്വസ്തനും) ആയിരിക്കണമെന്ന വകുപ്പ് പ്രകാരമാണ് സുപ്രീം കോടതി നവാസിനെ അയോഗ്യനാ ക്കിയത്. അഴിമതി നടത്തി രാജ്യ ത്തിന് പുറത്തും ലണ്ടനിലും കണക്കിൽ പെടാത്ത സ്വത്തുക്കൾ വാങ്ങിക്കൂട്ടി എന്നതായിരുന്നു അതിസമ്പന്നനായ നവാസിനും കുടുംബത്തിനുമെതിരെയുള്ള കേസ്. സുപ്രീം കോടതിയുടെ നിർദേശ പ്രകാരം പിന്നീട് നിയമിച്ച പാകിസ്താൻ നാഷണൽ അക്കൗണ്ടബിലിറ്റി ബ്യൂറോ (ദേശീയ അഴിമതി വിരുദ്ധ വിഭാഗം) ഇപ്പോൾ വീണ്ടും നവാസും മരുമകൻ ക്യാപ്റ്റൻ മുഹമ്മദ് സഫ്ദറും മക്കളും കുറ്റക്കാരനാ ണെന്ന് കണ്ടെത്തിയിരിക്കുകയാണ്. ശക്തമായ തെളിവുകളുള്ള ഈ കേസിൽ കുറ്റം തെളിയിക്കപ്പെട്ടാൽ എല്ലാവരും ശിക്ഷിക്കപ്പെടും. തുറുങ്കിലടക്കാൻ വിധികാത്തു നിൽക്കുന്ന നവാസിന്റെ മകളുടെ ഭർത്താവും പാകിസ്താൻ മുസ്‌ലിം ലീഗ് നേതാവും, നാഷണൽ അസംബ്ലി അംഗവുമായ ക്യാപ്റ്റൻ മുഹമ്മദ് സഫ്ദർ (റിട്ട:) മത തീവ്രവാദി സംഘടനകളുടെയും മുല്ലാനേതക്കന്മാരുടെയും പ്രീതി ക്കായി ഇസ്‌ലാമിക പ്രേമം അഭിനയിച്ച് അഹ്മദികൾക്കെതിരെ ഇപ്പോൾ വിഷം ചീറ്റുകയാണ്. പാക് നേതാക്കന്മാരുടെ ജനിതക രോഗ മാണിത്. ലണ്ടനിൽ നിന്ന് മടങ്ങി യെത്തിയ ക്യാപ്റ്റൻ മുഹമ്മദ് സഫ്ദറിനെയും ഭാര്യ മറിയത്തെ യും വിമാനത്താവളത്തിൽ വെച്ച് ആന്റി കറപ്ഷൻ അതോറിറ്റി അറസ്റ്റ് ചെയ്യുകയായിരുന്നു. നവാസ് ഷെരീഫും അദ്ദേഹത്തിന്റെ രണ്ട് ആൺ മക്കളും ലണ്ടനിൽ കാൻസർ ചികിത്സ നടത്തുന്ന മാതാവിനരികിലാണ്.

പാകിസ്താന്റെ സമ്പത്ത് അഴിമതി നടത്തി കട്ടുകടത്തിയതിന് അറസ്റ്റ്ചെയ്യപ്പെട്ട് ജാമ്യത്തിൽ വിട്ടയച്ച് മണിക്കൂറുകൾ കഴിഞ്ഞി ട്ടേയുള്ളു, യാതൊരു ലജ്ജയും കൂടാതെ ക്യാപ്റ്റൻ മുഹമ്മദ് സഫ്ദർ എന്ന ഈ അഴിമതി വീരൻ ഇസ്‌ലാമിന്റെ രക്ഷകനായി അവതരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. അയാൾ പിന്നീട് അഹ്മദികൾക്കെതിരെ പാർലമെന്റി ൽ ഒക്ടോബർ 10 ന് ഉറഞ്ഞു തുള്ളുകയായിരുന്നു. 'ഡോൺ' എന്ന പാകിസ്താനിലെ ദേശീയ ദിനപത്രം മുൻ പട്ടാളക്കാരനായ ഈ കശ്മലന്റെ ഇസ്‌ലാമിക ഉത്സാഹത്തേയും അഹ്മദികൾക്കെ തിരെയുള്ള അട്ടഹാസങ്ങളെയും അതിരൂക്ഷമായ ഭാഷയിൽ അവരു ടെ മുഖ പ്രസംഗത്തിൽ (Dawn, October 12th, 2017) തന്നെ വിമർശിച്ചിട്ടുണ്ട്. ഈ വിദ്വേഷ പ്രസംഗത്തിന്റെ വിവരണം The Hindu, പത്രത്തിൽ 'പാകിസ്താൻ പാർലമെന്റിലെ വിദ്വേഷ പ്രസംഗം' (Hate speech in Pakistan's Parliament) എന്ന തലകെട്ടിൽ വന്ന ലേഖനത്തിൽ വിവരിക്കുന്നുണ്ട്.

*'അഹ്മദിയ്യാ ന്യൂനപക്ഷത്തെ രാഷ്ട്രീയക്കാർ അക്രമിക്കുക എന്നത് ഒരു പുതിയ കാര്യമല്ല. പക്ഷേ പാർലമെന്റിന്റെ അകത്തള ത്തിൽ വന്ന് അവർ (അഹ്മദികൾ) പാകിസ്താന് ഒരു ഭീഷണിയാണ് എന്ന് പറയുന്നത് അസാധാരണ മാണ്. മുൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെ മരുമകൻ ക്യാപ്റ്റൻ മുഹമ്മദ് സഫ്ദറിന്റെ പ്രസംഗ ത്തിൽ അഹ്മദികളെ പാകിസ്താൻ പട്ടാളത്തിലോ മറ്റു സുപ്രധാന സ്ഥാപനങ്ങളിലോ ചേരാൻ അനുവദിക്കരുതെന്ന് തന്റെ പാർട്ടി അംഗങ്ങളുടെ കരഘോഷങ്ങൾ ക്കിടയിൽ പറഞ്ഞു.*

*'ഇവർ (അഹ്മദികൾ) ഈ രാജ്യത്തിനും അതിന്റെ ആശയത്തി നും ഭരണഘടനക്കും എതിരാണ്. അവർ കാരണം നാം യുദ്ധത്തിൽ തോറ്റിട്ടുണ്ട്' അദ്ദേഹം പറഞ്ഞു. ഇത് പറയുമ്പോൾ പ്രതിപക്ഷ എം പി മാർ അദ്ദേഹത്തെ തടയാൻ ശ്രമിച്ചു. ക്യാപ്റ്റൻ സഫ്ദർ 'ശാപം' എന്ന് പറഞ്ഞ് തടഞ്ഞവർക്കെതിരെ ആക്രോശിച്ചു. ക്യാപ്റ്റൻ സഫ്ദർ പേരെടുത്ത് പറഞ്ഞ് കൊണ്ട് രണ്ട് അഹ്മദി പട്ടാള ജനറൽമാരാണ് 1971 ലെ യുദ്ധത്തിൽ പാകിസ്താൻ തോൽക്കാൻ കാരണം എന്ന് ആരോപിക്കുകയുണ്ടായി.*

*വാസ്തവത്തിൽ അദ്ദേഹം പറഞ്ഞ ജനറൽമാർ ആ യുദ്ധ ത്തിൽ പങ്കെടുത്തവരായിരുന്നില്ല. 1965 ലെ യുദ്ധത്തിലാണ് അവർ പങ്കെടുത്തത്. പട്ടാള വക്താവ് ജനറൽ ആസിഫ് ഗഫൂർ ഉടൻ തന്നെ ക്യാപറ്റൻ സഫ്ദറിന്റെ ഈ ആരോപണത്തിനെതിരെ പ്രതികരി ക്കുകയും പാകിസ്താൻ പട്ടാളത്തി ൽ മതത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു വിവേചനവുമില്ലെന്ന് വിശദീകരിക്കുകയുമുണ്ടായി.*

*ഖായിദെ അഅ്സം യൂണി വേഴ്സിറ്റിയിൽ ഫിസിക്സ് ഡിപാർട്ട്മെന്റിന് 1979ൽ ഫിസി ക്സിൽ നോബൽ സമ്മാനം നേടിയ പ്രൊഫസർ അബ്ദുസ്സലാമിന്റെ പേരിൽ പുനർ നാമകരണം ചെയ്യ ണമെന്ന് കഴിഞ്ഞ വർഷം നവാസ് ഷെരീഫ് എടുത്ത തീരുമാനത്തെ* യും ക്യാപ്റ്റൻ സഫ്ദർ വിമർശി ക്കുകയുണ്ടായി. പാകിസ്താൻ സ്പേയ്സ് പ്രോഗ്രാമിന്റെ സ്ഥാപക ശിൽപ്പിയായാണ് അബ്ദുസ്സലാം പാകിസ്താനിൽ ആദരിക്കപ്പെടുന്ന ത്.

പ്രസംഗത്തിന് ശേഷം പഞ്ചാ ബ് ഗവർണർ സൽമാൻ തഅ്സീറി നെ വധിച്ച മുംതാസ് ഖാദിരിക്ക്

അനുകൂലമായി മുദ്രാവാക്യം വിളിച്ചുകൊണ്ടാണ് ക്യാപ്റ്റൻ സഫ്ദർ പാർലമെന്റ് മന്ദിരം വിട്ടുപോയത്. പഞ്ചാബിൽ, മത നിന്ദാ കുറ്റം ആരോപിച്ച് വധശിക്ഷക്ക് വിധിക്കപ്പെട്ട ഒരു ക്രിസ്ത്യൻ ജോലിക്കാരിക്ക് വേണ്ടി ശബ്ദമുയർത്തിയതിന്റെ പേരിൽ 2011 ലാണ് സൽമാൻ തഅ്സീർ വധിക്കപ്പെട്ടത്. സ്വന്തം സ്വത്ത് വെളിപ്പെടുത്താതെ മറച്ചുവെച്ച കാരണത്താൽ നാഷണൽ അക്കൗണ്ടബിലിറ്റി ബ്യൂറോ സഫ്ദറിനെ അറസ്റ്റ് ചെയ്ത് അക്കൗണ്ടബിലിറ്റി കോടതിക്ക് മുമ്പാകെ ഹാജരാക്കി ഏതാനും മണിക്കൂറുകൾക്ക് ശേഷമാണ് അദ്ദേഹം ഈ പ്രസംഗം പാർലമെന്റിൽ നടത്തിയത്.' *(Hate speech in Pakistan's Parliament,by* Mubashir Zaidi *-The Hindu, - OCTOBER 21, 2017).*

പിന്നോക്ക രാജ്യമായ പാകിസ്താന് നോബേൽ സമ്മാനം വാങ്ങിച്ചുകൊടുത്ത ലോകം ആദരിക്കുന്ന മഹാ പ്രതിഭയായിയിരുന്നു അഹ്മദിയായ ഡോ. അബ്ദുസ്സലാം. 2016 ഡിസംബറിൽ നവാസ് ഷെരീഫ് ഭരണകൂടം തന്നെയാണ് ഖായിദെ അഅ്സം യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് ഡിപാർട്ട്മെന്റിന് ഡോ. അബ്ദുസ്സലാം സെന്റർ ഫോർ ഫിസിക്സ് എന്ന് പുനർ നാമകരണം ചെയ്യാനും ഫെല്ലോഷിപ്പ് വിതരണത്തിനും തീരുമാനം കൈകൊണ്ടത്. ഫിസിക്സ് സെന്ററിലെ 5 ഗവേഷണ വിദ്യാർഥികൾക്ക് ഏതെങ്കിലും അന്തരാഷ്ട്ര യൂണിവേഴ്സിറ്റികളിൽ ഫെല്ലോഷിപ്പിനുള്ള ഗ്രാന്റ് നൽകാനും തീരുമാനിച്ചു. ഈ പ്രോഗ്രാമിന് 'പ്രൊഫസർ അബ്ദുസലാം ഫെല്ലോഷിപ്പ്' എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഈ തീരുമാനത്തെയാണ് പാകിസ്താന്റെ സമ്പത്ത് കൊള്ളയടിച്ചതിന് പ്രതിയാക്കപ്പെട്ട ഒരാൾ വിതണ്ഡവാദമുയർത്തി എതിർക്കുന്നത്. ഈ പുനർ നാമകരണത്തിനെതിരെ പാർലമെന്റിൽ പ്രമേയം കൊണ്ടുവരാൻ മതരാഷ്ട്ര വാദമുയർത്തുന്ന ജമാഅത്തെ ഇസ്ലാമിയുടെ പാർലമെന്റംഗം, സാഹിബ് സാദാ താരീഖുല്ലായോട് ക്യാപറ്റൻ സഫ്ദർ ആവശ്യപ്പെടുകയുണ്ടായി. വിശ്വപൗരനായ പ്രൊഫസ്സർ അബ്ദുസ്സലാമിന് പ്രശസ്തി ലഭിക്കാൻ പാകിസ്താനിലെ പൊതു സമ്പത്ത് കട്ടുമുടിക്കുന്ന രാഷ്ട്രീയക്കാരുടെയും മതമൂരാച്ചികളുടെയും കാരുണ്യം ആവശ്യമില്ല. അവരുടെ അംഗീകാരം തന്നെ അദ്ദേഹത്തിന്റെ യശസ്സിന് ഗ്ലാനിയുണ്ടാക്കും.

ഈ കൂപമണ്ഡൂപങ്ങൾക്കറിയുമോ ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള ഒരേയൊരു ശാസ്ത്ര വിദ്യാഭ്യാസ സഥാപനമാണ് International Centre for Theoretical Physics അതിന്റെ പേര് **Abdus Salam** International Centre for Theoretical Physics എന്ന് മാറ്റി പുനർ നാമകരണം ചെയ്ത് ആ വിശ്വപൗരനോട് അന്താരാഷ്ട്ര സമൂഹം ആദരം പ്രകടിപ്പിക്കുകയുണ്ടായി. ഭൗതിക ശാസ്ത്രത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ഈ വിശ്വവിദ്യാലയം ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള യുനെസ്കോയും, ഇന്റർ നാഷണൽ ആറ്റോമിക് എനർജി ഏജൻസിയും ഇറ്റാലിയൻ ഭരണ കൂടവും ചേർന്ന് സംയുക്തമായി നടത്തുന്നതാണ്. ഈ അന്തർദേശീയ ഗവേഷണകേന്ദ്രം സ്ഥാപിച്ചത് പ്രൊഫസ്സർ അബ്ദുസ്സലാമാണ്. ദരിദ്രരാജ്യങ്ങളിലെ ഗവേഷക പ്രതിഭകൾക്ക് വരെ അത്യുന്നത ലോക നിലവാരമുള്ള ശാസ്ത്ര വിദ്യാഭ്യാസം ലഭിക്കുന്ന ഗവേഷണ കേന്ദ്രമാണിത്. അത്വഴി വികസ്വര- അവികസിത രാജ്യങ്ങളിൽ കൂടി വികസിത സമ്പന്ന രാജ്യങ്ങളുടെ കുത്തകയായ ആധുനിക ശാസ്ത്രത്തിന്റെ പുരോഗതി കടന്നു ചെല്ലുന്നു. ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോകത്തിലെ ഏക ഉന്നത ശാസ്ത്ര ഗവേഷണ പഠന കേന്ദ്രവും ഇത് തന്നെയാണ്. ഈ സ്ഥാപനത്തിന്റെ പേരാണ് 'അബ്ദുസ്സലാം ഇന്റർ നാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയിൻസ്' എന്നാക്കി മാറ്റിയത്. അബുസ്സലാം സാഹിബിന് ലഭിച്ച നോബൽ സമ്മാനത്തേക്കാൾ ആയിരമിരട്ടി മൂല്യമുള്ള പുരസ്കാരമാണ് ഈ പുനർനാമകരണം. ആധുനിക കാലഘട്ടത്തിലെ ആ മഹാശാസ്ത്ര പ്രതിഭയോട് പാകിസ്താനിലെ അൽപ വിഭവന്മാർ കാട്ടുന്ന അവഗണന കീറക്കുടകൊണ്ട് ഉച്ചസൂര്യനെ മറക്കാൻ ശ്രമിക്കുന്നത് പോലെയുള്ള വ്യഥാ ശ്രമമാണ്.

പാകിസ്താനിൽ അഹ്മദിയ്യാ പീഢനം ആ മതസമൂഹത്തിന്റെ സാർവത്രികമായ ജീർണതയാണ് പ്രകടമാക്കുന്നത്. എല്ലാ മനുഷ്യനന്മകളും അവിടെ നിലച്ചുപോയിരിക്കുന്നു. മതപരമായും നൈതികമായും ധാർമികമായും സാംസ്കാരികമായും ശാസ്ത്രപരതയിലും യുക്തിബോധത്തിലും അധപതനാവസ്ഥയുടെ നീചസ്ഥായിയിൽ നിലകൊള്ളുന്ന രാജ്യമാണ് പാകിസ്താൻ. രക്തകൊതിയുടെയും ജിഹാദി അക്രമവാസനക്കും മാഫിയാ സംസ്കാരത്തിനും മുഖ്യകാരണം പാകിസ്താനിലെ മുല്ലായിസവും മതരാഷ്ട്രവാദവുമാണ്. ഇത് ഒരു പാകിസ്താന്റെ മാത്രം പ്രശ്നമല്ല. ലോക മുസ്ലിം സമൂഹം മതപരമായ മുരടിപ്പിനും മതത്തിന്റെ പേരിലുള്ള അപമാന വീകരണത്തിനും മനോവൈകൃതങ്ങൾക്കും അടിമപ്പെട്ടുപോയിരിക്കുന്നു. അല്ലാഹുവിന് മാത്രമേ ഇനി ഈ നിർഭാഗ്യഭൂമിയെ രക്ഷിക്കാൻ കഴിയൂ.



കുറിപ്പുകൾ
2

# ബഹുമാന്യനായ ഇ. ടി മുഹമ്മദ് ബശീർ എം. പി, ഇത് ഇന്ത്യയാണ്, പാകിസ്താനല്ല.

മുസാഫിർ

പൊന്നാനി പാർലമെന്റ് നിയോജകമണ്ഡലം പ്രതിനിധിയും മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറിയുമായ ഇ.ടി മുഹമ്മദ് ബശീർ എം.പി ഖാദിയാനികൾ മുസ്‌ലിംകളല്ല എന്നും ഖാദിയാനികൾ ഒഴികെ മറ്റെല്ലാ മുസ്‌ലിം സംഘടനകളെയും കോർത്തിണക്കേണ്ട ദൗത്യമാണ് മുസ്‌ലിം ലീഗിനുള്ളതെന്നും എല്ലാ സംഘടനകളുടെയും സംഭാവനകൾ ഇതിൽ (മുസ്‌ലിം ലീഗിൽ) ഉണ്ട് എന്നും പത്തനം തിട്ടയിലെ ചരൽകുന്നിൽ 2017 ഒക്ടോബർ 21 ന്ന് നടന്ന എം എസ് എഫ് സംസ്ഥാന പ്രതിനിധി ക്യാമ്പിൽ വെച്ച് പ്രസ്താവിച്ചിരിക്കുന്നു. ബശീറിന്റെ ഈ പ്രസ്താവനയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനുള്ള ആശങ്കയും എതിർപ്പും കടുത്ത പ്രതിഷേധവും ഇവിടെ രേഖപ്പെടുത്തുന്നു. ഈ പ്രസ്താവനയിലൂടെ ജനാബ് ഇ. ടി മുഹമ്മദ് ബശീർ ഇസ്‌ലാം മതത്തിന്റെ എല്ലാ മൂല പ്രമാണങ്ങളിലും വിശ്വസിച്ചുകൊണ്ട് ഇസ്‌ലാം മതം വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്ന ഇന്ത്യയിലെ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന് മതപരമായി ജീവിക്കാനുള്ള ഭരണഘടന അനുവദിക്കുന്ന മൗലികാവകാശത്തെയാണ് നിഷേധിക്കുന്നത്. അഹ്മദിയ്യാ മുസ്‌ലിംകളെ അതിന്റെ ശത്രുക്കൾ അധിക്ഷേപിക്കാനുപയോഗിക്കുന്ന പദമാണ് 'ഖാദിയാനികൾ' എന്നത്. അപകീർത്തികരമായ ഈ പദമുപയോഗിച്ച് കൊണ്ടാണ് ഇ.ടി. മുഹമ്മദ് ബശീർ എം.പി.



ഖാദിയാനികൾ (അഹ്മദികൾ) അമുസ്‌ലിംകളാണെന്ന പ്രസ്താവന നടത്തിയിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയോട് കൂറും വിശ്വാസവും പ്രഖ്യാപിച്ച് പ്രതിജ്ഞ ചെയ്ത പാർലമെന്റ് അംഗമായ ഇ. ടി മുഹമ്മദ് ബശീർ പ്രതിജ്ഞാലംഘനവും ഭരണഘടന പൗരന് അനുവദിച്ച മൗലികാവകാശങ്ങളുടെ ലംഘനവുമാണ് നടത്തിയത്. ഇത് ഒരു പാർലമെന്റ് അംഗത്തിന്റെ ഭാഗത്ത് നിന്നുള്ള അങ്ങേയറ്റം ഗുരുതരമായ വീഴ്ചയാണെന്ന് അദ്ദേഹത്തെ ഗൗരവപൂർവ്വം ഓർമിപ്പിക്കുകയാണ്. ഇന്ത്യൻ ഭരണഘടന മൗലികാവകാശമായി കാണുന്ന മതസ്വാതന്ത്ര്യത്തിന്റെ പാവനത്വത്തെയും മഹത്വത്തെയും പറ്റി പ്രാഥമിക ജ്ഞാനം പോലുമില്ലാതെ മുസ്‌ലിം തീവ്രവാദികളെ പോലെ ഒരു സമൂഹത്തിന്റെ മതവിശ്വാസത്തിൽ നിന്ന് അവരെ പുറത്താക്കിക്കൊണ്ടുള്ള പ്രസ്താവന ഒരു പാർലമെന്റ് അംഗത്തിന് പാടില്ലാത്തതാണ്. പാകിസ്താനിലെ തീവ്രവാദി നേതാക്കന്മാരെ പോലെ ഇന്ത്യയിൽ ഒരു എം. പി പെരുമാറാൻ പാടില്ല. അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയും മറ്റ് ന്യൂനപക്ഷങ്ങൾക്ക് അവരുടെ മതം ആചരിക്കാനോ പ്രചരിപ്പിക്കാനോ സ്വാതന്ത്ര്യം അനുവദിക്കാതിരിക്കുകയും ചെയ്യുന്ന പാകിസ്താനാണ് നമ്മുടെ രാജ്യം എന്ന് ഇ.ടി ഒരുവേള കനവ് കണ്ടതാകാം ഇങ്ങനെ ഒരു പ്രസ്താവന നടത്താൻ കാരണം. അഹ്മദികൾ അമുസ്‌ലിമാണെന്ന് ബഹുമാനപ്പെട്ട എം. പിയുടെ പൗരന്റെ മൗലികാവകാശം നിഷേധിക്കുന്ന പ്രസ്താവന അർഹിക്കുന്ന അവജ്ഞയോടെ അഹ്മദികൾ തള്ളിക്കളയുന്നു. മതമൗലിക വാദികളും പട്ടാളക്കാരും രാജാക്കന്മാരും ഭരിക്കുന്ന മുസ്‌ലിം നാടുകളേക്കാൾ ഇസ്‌ലാമിക നീതി പുലരുന്ന മനുഷ്യത്വവും മതസ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്ന ആദരണീയ സ്ഥാപനങ്ങളാണ് ബഹുമാനപ്പെട്ട നമ്മുടെ കോടതികൾ. ഇന്ത്യയിലെ പരമോന്നത കോടതിയായ ബഹുമാനപ്പെട്ട സുപ്രീം കോടതി പലതവണ അഹ്മദികൾ മുസ്‌ലിംകളാണെന്ന വിധി പുറപ്പെടുവിച്ചതാണ്. ഇ.ടി മുഹമ്മദ് ബശീർ അടക്കം എല്ലാ മുസ്‌ലിംകളും വിശ്വസിക്കുന്നത് പോലെ വിശുദ്ധ ഖുർആൻ, തിരുസുന്നത്ത്, ഹദീസ്, ഖിയാസ്, ഇസ്‌ലാമിന്റെ പ്രാഥമിക മൂല പ്രമാണങ്ങൾക്ക് വിരുദ്ധമല്ലാത്ത ആദരണീയരായ പൂർവകാല മുസ്‌ലിം പണ്ഡിതന്മാരുടെ

അഭിപ്രായങ്ങൾ എന്നീ ഇസ്‌ലാമിക പ്രമാണങ്ങളിൽ അടിയുറച്ച് വിശ്വസിക്കുന്ന അഹ്മദികൾ മുസ്‌ലിംകളല്ല എന്ന് പറയാൻ ഈ എം പിക്ക് ആരാണ് അധികാരം നൽകിയത്?

ബഹുമാനൃനായ ഇ.ടി, താങ്കൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിന് മുമ്പായി സ്വന്തം പാർട്ടിയുടെ ചരിത്രം പഠിക്കണമായിരുന്നു. സലഫിസം പോലെയുള്ള തീവ്ര ആശയങ്ങളിൽ ഭ്രമിച്ച അസഹിഷ്ണുക്കളായിരുന്നില്ല പൂർവകാല ലീഗിന്റെ നേതാക്കന്മാർ. മതതീവ്രതയാണ് മതഭക്തി എന്ന് ധരിച്ചുവശായ ജനുസ്സിൽ പെട്ട നേതാവാണ് ബഹുമാന്യനായ ഇ.ടി എന്ന് തോന്നുന്നു. വിശാല ഹൃദയത്വവും വിനയവും വിവേകവുമാണ് ഇസ്‌ലാം ഉദ്ദേശിക്കുന്ന നേതൃത്വ ഗുണം. ലീഗിന്റെ പഴയ കാല നേതാക്കളും സമകാലീനരായ നേതാക്കന്മാരിൽ പലരും മതപരമായി വ്യക്തമായ ആശയങ്ങളുള്ള വരാണെങ്കിലും മതഭിന്നതകളിൽ പക്ഷം പിടിച്ച് വിവേകരഹിതമായി സംസാരിക്കാത്തവരാണ്. മുൻകാല ലീഗിന്റെ ചരിത്രം നോക്കൂ. ശിയ ആയ ഖായിദെ അഅ്സം മുഹമ്മദലി ജിന്ന സാഹിബ് ആയിരുന്നു വിശ്വാസപരമായി സുന്നി ഭൂരിപക്ഷം വരുന്ന മുസ്‌ലീഗിന്റെ അനിഷേധ്യനായ നേതാവ്. ജിന്നാ സാഹിബ് ആകട്ടെ മതപരമായി വലിയ നിഷ്ക്കർശ പുലർത്താത്ത ഒരു സെക്കുലർ ചിന്താഗതിക്കാരനായിരുന്നു. ശിയാക്കളുടെ തന്നെ ഇസ്മായീലി വിഭാഗത്തിൽ പെട്ട സുൽത്താൻ മുഹമ്മദ് ഷാ ആഖാഖാൻ ആയിരുന്നു മുസ്‌ലിം ലീഗിന്റെ സ്ഥാപക പ്രസിഡന്റ്. ഇത്തരം നേതാക്കന്മാർ താങ്കളുടെ പാർട്ടിയുടെ ഉന്നതസ്ഥാനങ്ങൾ വഹിച്ചിട്ടുള്ള പൂർവികരാണ്. താങ്കൾ ഒരു കാര്യം കൂടി അറിയുക. അവിഭക്തഭാരതത്തിൽ 1930-ൽ അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ പ്രസിഡന്റായിരുന്ന വിശ്വപ്രശസ്തനായ നിയമപണ്ഡിതൻ ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ താങ്കൾ ഇപ്പോൾ അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ച അഹ്മദിയ്യാ ജമാഅത്തിൽ പെട്ട സമർപ്പിതനായ ഒരു അഹ്മദിയായിരുന്നു. എല്ലാ വട്ടമേശസമ്മേളനങ്ങളിലും ലീഗിനെ പ്രതിധീകരിച്ച അപൂർവം വ്യക്തിയായ സഫറുല്ലാഹ് ഖാൻ ലോക കോടതി ജഡ്ജിയും പ്രഗല്ഭനായ ഖുർആൻ ഭാഷ്യകാരനുമാണ്. താങ്കളറിയുമോ മുസ്‌ലിം ലീഗിന്റെ മുഖ പത്രമായ ചന്ദ്രികയിൽ സബ്ബ് എഡിറ്ററായി സേവനം ചെയ്ത, മലക്കിനെ പോലെ സാത്വികനായ അബ്ദുൾ ഖയ്യൂം സാഹിബ് (മർഹൂം) എന്ന ഒരു അഹ്മദിയുണ്ടായിരുന്നു. മർഹൂം സി.എച്ച്. മുഹമ്മദ് കോയാ സാഹിബിനെ പോലെയുള്ള മഹാന്മാരായ നേതാക്കന്മാർ 'എന്റെ ഉപ്പൂപ്പ്' എന്ന് പറഞ്ഞ് പിതൃതുല്യം ആദരിച്ചയാളായിരുന്നു ചന്ദ്രികക്ക് വേണ്ടി സേവനം ചെയ്ത ആ ലീഗുകാരൻ.

താങ്കളെ പോലെ മതതീവ്രതയുള്ള നേതാക്കന്മാർ വിഭിന്ന മുസ്‌ലിം വിശ്വാസികളുള്ളതും സാമുദായിക ക്ഷേമത്തിന് വേണ്ടി നിലകൊള്ളുന്നതുമായ മുസ്‌ലിം ലീഗിനെ പോലെയുള്ള ഒരു പാർട്ടിക്ക് ചേർന്നതല്ല. മതപരമായ പക്ഷം പിടിച്ച് നേതാക്കന്മാർ പ്രകോപനപരമായ അഭിപ്രായം പറയുന്നത് ഒരു ജനാധിപത്യ രാജ്യത്ത് പ്രവർത്തിക്കുന്ന ലീഗിന്റെ ശൈലിക്ക് ഒട്ടും ചേർന്നതല്ല. ലീഗ് ഹുകൂമത്തെ ഇലാഹിക്ക് വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനമൊന്നുമല്ലല്ലോ? അധികാര സോപാനങ്ങളിലേറാനല്ല, മനുഷ്യ ഹൃദയങ്ങളെ വിമലീകരിക്കാനുള്ളതാണ് മതം. അതിന് അധികാരത്തിന്റെ ആവശ്യമില്ല. മതരാഷ്ട്ര വാദത്തിന്റെ പ്രതിലോമ രാഷ്ട്രീയവും മതന്യൂനപക്ഷ ക്ഷേമത്തിന് വേണ്ടിയുള്ള ലീഗിന്റെ രാഷ്ട്രീയവും തമ്മിൽ ലീഗ് നേതാക്കന്മാർക്ക് തിരിച്ചറിവുണ്ടായിരിക്കണം.

അഹ്മദിയ്യാ ജമാഅത്ത് രാഷ്ട്രീയമായി തികച്ചും ഉദാസീനമായ ഒരു ആത്മീയ പ്രസ്ഥാനമാണ്. മുസ്‌ലിം സമൂഹത്തിന്റെ ക്ഷേമത്തിന് വേണ്ടി എക്കാലത്തും ലോകവ്യാപകമായി നിശ്ശബ്ദമായി പ്രവർത്തിക്കുന്നവരാണ് അഹ്മദികൾ. അത് അല്ലാഹുവിന്റെ പ്രീതിക്കും ഞങ്ങളുടെ യജമാനനായ റസൂൽ തിരുമേനി(സ)യുടെ ഉമ്മത്തിനോടുള്ള അഗാധമായ പ്രതിബദ്ധതകൊണ്ടും നിർവഹിക്കുന്നതാണ്. മറ്റാരെയും ബോധിപ്പിക്കാനല്ല.

അഹ്മദികളെ പൊതുശത്രുവാക്കിയും ബലിയാടാക്കിയും പാർട്ടിയിലേക്ക് മത തീവ്രവാദികളെ ആകർഷിക്കുന്ന കുടില തന്ത്രം പാകിസ്താനിലെ രാഷ്ട്രീയ പാർട്ടികളും മതരാഷ്ട്ര വാദികളും മുല്ലാ രാഷ്ട്രീയക്കാരും പയറ്റുന്ന തന്ത്രമാണ്. അത് ആ നാടിനെ ഭൂമിയിലെ നരകമാക്കി മാറ്റിയിരിക്കുന്നു. അത്തരം മതരാഷ്ട്ര വാദികളുടെയും തീവ്രവാദ സലഫിസത്തിന്റെയും വഴികൾ മുസ്‌ലിം ലീഗ് ഇന്ത്യയിൽ പരീക്ഷിക്കുന്നത് അപകടകരമാണ്. അത് തിരിച്ചറിയാനുള്ള രാഷ്ട്രീയ വിവേകം മുസ്‌ലിം ലീഗിലെ മറ്റു നേതാക്കന്മാർക്കുണ്ട് എന്ന് ഞങ്ങൾ കരുതുന്നു. ഇ. ടി. ബശീർ സാഹിബിനോട് ഒരു കാര്യം കൂടി ഈ അവസരത്തിൽ ഉണർത്താൻ ആഗ്രഹിക്കുന്നു. താങ്കൾ കഴിഞ്ഞ തവണ പാർലമെന്റിലേക്ക് മത്സരിക്കുമ്പോൾ നിയോജക മണ്ഡലത്തിലെ അഹ്മദികളും താങ്കൾക്ക് വേണ്ടി വോട്ട് ചെയ്തവരാണ്. അതിന് താങ്കളുടെ ഭാഗത്ത് നിന്നുള്ള സമ്മാനമാണോ ഈ അമുസ്‌ലിമാക്കൽ?!! സലഫിസത്തിലുള്ള താങ്കളുടെ ഈ ഭ്രമം ഭൂരിപക്ഷം വരുന്ന സുന്നികളെകൂടി കാഫിറാക്കുന്നതിൽ ചെന്നവസാനിക്കാതിരിക്കട്ടെ.

റസൂൽ തിരുമേനി(സ) യുടെ പരിശുദ്ധ ദീനുൽ ഇസ്‌ലാം പുനരുജ്ജീവിപ്പിക്കാനും അവിടുത്തെ മഹത്വം ലോകത്ത് വിജയിപ്പിക്കാനും നാനാ വിധത്തിലും ജീർണിച്ച ഇസ്‌ലാം മതത്തെ പുനരുജ്ജീവിപ്പിക്കാനും അല്ലാഹു അയച്ച ഇമാം മഹ്ദി ഹദ്റത്ത് അഹ്മദ് (അ) സ്ഥാപിച്ച പ്രസ്ഥാന

മാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. അല്ലാഹു റസൂൽ തിരുമേനി (സ)യോട് ചെയ്ത വാഗ്ദാനത്തിന്റെ പുലർച്ചയുമാണത്. മനുഷ്യഹൃദയത്തെ കീഴടക്കുന്ന ശാന്ത സുന്ദരവും യുക്തി ഭദ്രവുമായ ദീനിനെ അഹ്മദിയ്യാ ജമാഅത്ത് ലോക സമൂഹത്തിന് മുമ്പിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഖലീഫയുടെ കീഴിൽ വിശ്വവ്യാപകമായി ആത്മീയ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഖിലാഫത്ത് വ്യവസ്ഥ അഹ്മദിയ്യാ ജമാഅത്തിനുണ്ട്. അഞ്ച് ഭൂഖണ്ഡങ്ങളിലായി 200 രാജ്യങ്ങളിൽ ആഗോളതലത്തിൽ ഒരു ഖലീഫയുടെ കീഴിൽ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ഒഴികെ മറ്റെല്ലാ മുസ്‌ലിം കക്ഷികളെയും ലീഗിന്റെ പ്ലാറ്റ്ഫോമിൽ അണിനിരത്തുമെന്നാണ് ഇ.ടി യുടെ ഒരു ഭയപ്പെടുത്തൽ. പരസ്പരം കുഫ്റ് ഫത്‌വകൾ പുറപ്പെടുവിച്ചതാണ് മുസ്‌ലിം കക്ഷികൾ. സലഫിയായ ഇ.ടി. എന്ത് ദിവ്യാത്ഭുതം കാട്ടിയാണ് ഇവരെ ഒന്നാക്കുക എന്നറിയാൻ കൗതുകമുണ്ട്. ബഹുമാന്യനായ ഇ. ടി താങ്കളുടെ പ്രസ്താവന റസൂൽ തിരുമേനി(സ) യുടെ ഒരു ഹദീസ് പുലർന്നതിന്റെ ഒരു തെളിവായിട്ടാണ് ഞങ്ങൾ കാണു ന്നത്. യഹൂദികൾ 72 സംഘങ്ങളായി പിരിയും, എന്റെ സമുദായം 73 സംഘങ്ങളായി പിരിയും, അതിൽ ഒന്നൊഴികെ മറ്റെല്ലാ കക്ഷികളും നരകത്തിലായിരിക്കും എന്നാണ് റസൂൽ തിരുമേനി (സ) പറഞ്ഞത്. വേറിട്ട ആ ഒറ്റ കക്ഷി വേറിട്ടും മറ്റു ബഹുമുസ്‌ലിം മതകക്ഷികൾ ഐക്യമുന്നണിയായുള്ള മുസ്‌ലിം സമുദായത്തിന്റെ ഈ വിഭജനത്തിൽ നിന്ന് കാര്യങ്ങൾ വ്യക്തമാണല്ലോ.

അല്ലാഹുവിന്റെ കരങ്ങളാൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്ത് കേരളത്തിലുള്ള ലീഗിനോടൊപ്പം ചേർന്ന് പ്രവർത്തിക്കേണ്ട ഒരു പ്രസ്ഥാനമല്ല. അത് ആ പ്രസ്ഥാനത്തിന്റെ ദൈവികതക്കും പരിശുദ്ധതക്കും ദൗത്യത്തിനും ഭൂഷണവുമല്ല എന്ന് ഇ.ടി യെ വിനയപൂർവം അറിയിക്കുന്നു. അതുകൊണ്ട് ലീഗിന്റെ പ്ലാറ്റ്ഫോമിൽ ഖിയാമം നാൾ വരെ ചേരാൻ സാദ്ധ്യതയില്ലാത്ത അഹ്മദിയ്യാ പ്രസ്ഥാനത്തെ തങ്ങൾ ഒപ്പം കൂട്ടില്ല എന്ന് പരസ്യപ്രസ്താവന നടത്തി ഇ.ടി വിയർക്കേണ്ടതില്ല. ലീഗിനെ കൂടുതൽ മതപരമായി തീവ്രവാദപരമാക്കുകയാണ് ഇത്തരം പ്രസ്താവനകൊണ്ട് ഉദ്ദേശ്യമെങ്കിൽ പാകിസ്താനിലെ ഈ ശൈലി ഇന്ത്യയിൽ നടപ്പാക്കുന്നത് കൂടുതൽ അപകടകരമാണ് എന്ന് ഉണർത്തുന്നു. സെക്കുലർ ഡമോക്രസി നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് മിതവാദ പരവും മാതൃകാപരവുമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടിയാണ് മുസ്‌ലിം ലീഗ്. കേരളത്തിൽ മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് ഒരുപാട് നന്മകൾ നൽകിയ മുസ്‌ലിം ലീഗിലെ വിവേകമതികളായ നേതാക്കന്മാർ ഇത്തരം തീവ്രവാദ വ്യതിയാനങ്ങളെ പറ്റി ജാഗരൂഗരായിരിക്കേണ്ടതാണ്.

---

പേജ് 21ൽ നിന്ന് തുടർച്ച

ശാസ്ത്രം ഉപയോഗിച്ചുകൊണ്ട് മതത്തിന്റെയും വിശ്വാസത്തിന്റെയും സാധ്യതയെ ലോക്ക് പ്രത്യേകമായി എടുത്ത് നിഷേധിച്ചിട്ടില്ല. എന്നാൽ, തിരഞ്ഞെടുക്കുന്ന രീതികൾക്കനുസൃതമായിട്ടായിരിക്കാം അത് തീരുമാനിക്കപ്പെടുക എന്ന് പറഞ്ഞ് അക്കാര്യം വിശ്വാസികൾക്ക് അദ്ദേഹം വിട്ടുകൊടുത്തു. അത് പിൽക്കാലത്ത് വന്ന യൂറോപ്യൻ തത്ത്വശാസ്ത്രജ്ഞൻമാർ ദൈവത്തെ നിഷേധിക്കാൻ വേണ്ടി ഉപയോഗപ്പെടുത്തി. അക്കൂട്ടത്തിൽപ്പെട്ട ദൈവനിഷേധികളിൽ ഏറ്റവും പ്രഗല്ഭരായിരുന്നു റൂസോയും* നീഷേയും.* *(വിവ: എ.എം)*

---

# മാത്തോട്ടം ജമാഅത്തിന് അംഗീകാരം

മാത്തോട്ടം ജമാഅത്തിലെ ശാഖാ സംഘടനകൾ 2017 വർഷം അഖിലേന്ത്യാ തലത്തിൽ മുൻവർഷങ്ങളെ പോലെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി.

അഖിലേന്ത്യാ തലത്തിൽ ലജ്നാ ഇമായില്ലാഹ് രണ്ടാം സ്ഥാനവും നാസിറാത്തുൽ അഹ്മദിയ്യാ ഒന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി. മജ്ലിസ് അൻസാറുല്ലായും മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായും യഥാക്രമം മൂന്നും ഏഴും സ്ഥാനം കരസ്ഥമാക്കി. ഇതിന് പുറമെ തിലാവത്തുൽ ഖുർആന് യാസർ അറഫാത്ത് സാഹിബിന് ഒന്നാം സ്ഥാനവും ലഭിച്ചു.

ലേഖന മത്സരത്തിൽ അൻസാറുല്ലാഹ് അംഗങ്ങളായ ജ. ബി. മൻസൂർ അഹ്മദ് സാഹിബും, സിജി നാസിർ കോയ സാഹിബും, അത്ഫാലുൽ അഹ്മദിയ്യാ അംഗങ്ങളായ ആസിഫ് അഹ്മദും ഫാരിസ് അഹ്മദും സ്പെഷൽ സമ്മാനത്തിനർഹരായി. ഈ എല്ലാ വിജയങ്ങളും അല്ലാഹു അനുഗൃഹീതമാക്കിത്തീർക്കട്ടെ.



# എസ്. മുഹമ്മദ് സലീം സാഹിബ്



മുൻ സംസ്ഥാന മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ (അഹ്മദിയ്യാ യുവജന സംഘടന) ഖാഇദും കോഴിക്കോട് ജമാഅത്ത് പ്രവർത്തക സമിതി യംഗവുമായ എസ്. മുഹമ്മദ് സലീം സാഹിബ് (60) ഒക്ടോബർ 15 ന് ഖാദിയാനിൽ വെച്ച് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അഹ്മദിയ്യാ ദേശീയ വയോജന (അൻസാറുല്ലാഹ്) സമ്മേളനത്തിനായി ഖാദിയാനി ലെത്തിയതായിരുന്നു അദ്ദേഹം. മണ്ണാർക്കാട്ടെ എച്ച്. ശാഹുൽ ഹമീദ് സാഹിബിന്റേയും ഹഫ്സാ സാഹിബയുടെയും മകനാണ്.

കർമ നിരതനായിരുന്ന സലിം സാഹിബ് ജമാഅത്തിന്റെ സേവന രംഗത്ത് നിറഞ്ഞ് നിന്ന സാന്നിദ്ധ്യമായിരുന്നു. നല്ല ഒരു സംഘാടകനായിരുന്ന അദ്ദേഹം ജമാഅത്തിന്റെ പ്രചാരണ രംഗത്ത് സജീവമായിരുന്നു. കോഴിക്കോടും വയനാടുമുള്ള പല വിദൂര ഗ്രാമപ്രദേശങ്ങളിൽ ജമാഅത്തംഗങ്ങളെ ഗ്രൂപ്പുകളാക്കി തിരിച്ച് സജീവമായ തബ്‌ലീഗ് പരിപാടികൾ അദ്ദേഹം സംഘടിപ്പിക്കുകയുണ്ടായി. വഖ്ഫെ ആർസി പദ്ധതി പ്രകാരം അദ്ദേഹം സ്വയം തന്നെ പല സ്ഥലങ്ങളിലും തഅ്‌ലീമിനും തർബിയത്തിനും തബ്‌ലീഗിനുമായി പോയിട്ടുണ്ട്. ഭാവനാ സമ്പന്നനായിരുന്ന സലീം സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന ഖാഇദായിരുന്നപ്പോൾ പല പുതിയ കാര്യങ്ങളും ആവിഷ്ക്കരിച്ചു നടപ്പാക്കുകയുണ്ടായി. സംസ്ഥന തലത്തിൽ കായിക മത്സരങ്ങൾ, പല വർക്ക്ഷോപ്പുകൾ, കാരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, മെട്രിക്കുലേഷൻ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ ആദരിക്കൽ, അവാർഡ് ദാനം തുടങ്ങി പല പരിപാടി നടത്തിപ്പിന്റേയും അഗ്രഗാമി അദ്ദേഹമായിരുന്നു. കേരളത്തിലെ എല്ലാ ജമാഅത്തുകളും നിരന്തരമായി സന്ദർശിക്കുമായിരുന്ന സലീം സാഹിബ് അതിഥികളോട് ഹാർദമായി പെരുമാറുന്ന സ്നേഹസമ്പന്നനായ ഒരു അതിഥി സൽക്കാരപ്രിയനായിരുന്നു. നിർധനരേയും രോഗികളേയും സഹായിക്കുക, അവരെ സന്ദർശിക്കുക മുതലായ ജീവകാരുണ്യ പ്രവർത്തനങ്ങളിലും അദ്ദേഹം മാതൃകാപരമായ സേവനങ്ങളാണ് നടത്തിയത്. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യെ ലണ്ടനിൽ വെച്ചും ഖാദിയാനിൽ വെച്ചും, ഖാമിസി(അയ്യദഹു..)നെ സിംഗപ്പൂരിലും കോഴിക്കോട്ട് വെച്ചും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ഖാദിയാൻ നിരന്തരം അദ്ദേഹം സന്ദർശിച്ചുകൊണ്ടിരുന്നു. ജമാഅത്തിന്റെ കേന്ദ്രവുമായും അവിടെയുള്ള നിവാസികളുമായും ഒരു ആത്മ ബന്ധം സൂക്ഷിച്ച സലീം സാഹിബ് പല രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. വായനാ പ്രിയനും വിജ്ഞാന ദാഹിയും എഴുത്തുകാരനുമായിരുന്ന സലീം സാഹിബ് സത്യദൂതനിൽ യാത്രാ വിവരണവും ചില വിഷയങ്ങളെ സംബന്ധിച്ച് ലേഖനങ്ങളുമെഴുതിയിട്ടുണ്ട്. മുറിഞ്ഞു പോയ വിദ്യാഭ്യാസം ബിരുദതലത്തിൽ അദ്ദേഹം പിൽക്കാലത്ത് പൂർത്തിയാക്കിയ പരിശ്രമശാലിയായിരുന്നു. പ്രാർഥനയിൽ അഗാധമായി വിശ്വസിച്ച സലീം സാഹിബ് മത വിഷയങ്ങളിൽ വളരെ നിശ്ക്കർഷ പാലിച്ച ഒരു ഭക്തനുമായിരുന്നു. 29 വയസ്സു മുതൽ അദ്ദേഹം മൂസിയായിരുന്നു. ഖാദിയാനിൽ വെച്ചുള്ള അദ്ദേഹത്തിന്റെ മരണം അവിടെ തന്നെ ഖബടക്കം നടത്തണമെന്ന സലീം സാഹിബിന്റെ ആഗ്രഹ സാഫല്യമായി മാറി. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **ഭാര്യമാർ:** മെഹറുന്നിസ സാഹിബ, ശൗക്കത്ത് ബീവി സാഹിബ. **മക്കൾ:** എസ്. ത്വാഹിർ സാഹിബ്, എസ്. നാസർ സാഹിബ്, ശിഫ സാഹിബ, അമത്തുൽ ഹഫീസ് സാഹിബ, ബേബി അമത്തുസ്സലാം. **മരുമക്കൾ:** മുഹമ്മദ് യൂനുസ് സാഹിബ്, ഫിറോസ് അഹ്മദ് സാഹിബ്, മാസിയ ത്വാഹിർ സാഹിബ.

***ഡോ. സലാഹുദ്ദീൻ, അമീർ, കോഴിക്കോട്***




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കാക്കനാട്, സംഘടിപ്പിച്ച പൊതുയോഗത്തിൽ സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലീം സാഹിബ് പ്രസംഗിക്കുന്നു.

Published on 7.11. 2017 Pages 44 Vol: 89 Issue. 11
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com